40

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

Vol 3 Issue 5
July 2015
Published on 15 July
Price Rs. 15.00

സത്യജ്വാല

മാസിക

- ഫ്രാൻസീസ് മാർപ്പാപ്പാ ഭൂമിയെന്ന പൊതുഭവനത്തിലെ രാജർഷി
- കോട്ടയം രൂപതയിലെ വിവാഹപ്രശ്നം
- ഇടുക്കിരൂപതാ മെത്രാൻ ഉടൻ രാജിവയ്ക്കണം – കെ. സി. ആർ. എം.
- ഇടുക്കിമെത്രാനെ പിന്തുണച്ച ഏകമെത്രാന് ഇപ്പന്റെ മറുപടി

'അല്മായശബ്ദം' ബ്ലോഗ് സന്ദർശിക്കാൻ : www.almayasabdam.blogspot.in
'അല്മായശബ്ദം' വെബ്സൈറ്റ് സന്ദർശിക്കാൻ : www.almayasabdam.com

സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

ജൂലൈ 2015 | പുസ്തകം 3 | ലക്കം 5

രചനകൾ അയയ്ക്കാൻ :
എഡിറ്റർ
ജോർജ് മൂലേച്ചാലിൽ
വള്ളിച്ചിറ പി.ഒ. കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

വരിസംഖ്യ അയയ്ക്കേണ്ട വിലാസം:
സി.വി.സെബാസ്റ്റ്യൻ മുട്ടുശ്ശേരിൽ
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
ആർപ്പൂക്കര ഈസ്റ്റ് പി.ഒ., കോട്ടയം- 686008
ഫോൺ: 9496128188

ബാങ്ക് : S B T, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBTR0000120

അൽമായശബ്ദം ബ്ലോഗ്: www.almayasabdam.blogspot.in
വെബ്സൈറ്റ്: www.almayasabdam.com

ഈ ലക്കത്തിൽ

ഫ്രാൻസീസ് മാർപ്പാപ്പാ ഭൂമിയെന്ന പൊതുഭവനത്തിലെ രാജർഷി
മുഖക്കുറി 3

നമ്മുടെ ഭൂമിക്കുവേണ്ടി ഒരു പ്രാർത്ഥന
.... 5

ഒരു നല്ല മനുഷ്യൻ ദൈവത്തിൽ വിശ്വസിക്കണമെന്നില്ല
ഫ്രാൻസീസ് മാർപ്പാപ്പാ 6

കോട്ടയം രൂപതയിലെ വിവാഹപ്രശ്നം
മാത്യു മാക്കീൽ 9

പ്രശ്നവിശകലനം
ജോസഫ് പുലിക്കുന്നേൽ 10

മെത്രാന്മാർ കാലത്തിന്റെ ചുവരെഴുത്ത് വായിക്കണം
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ 14

ഒച്ചുകളുടെ ഉച്ചയുറക്കം കെടുത്തുന്ന ഒച്ചപ്പാടുകൾ
ഇപ്പൻ 14

ഇടുക്കിരൂപതാ മെത്രാൻ ഉടൻ രാജിവയ്ക്കണം – കെ. സി. ആർ. എം.
ജയിംസ് ഐസക് കുടമാളൂർ 16

കൂദാശക്കച്ചവടം നിരോധിക്കണം
ആൾ ഇൻഡ്യാ കാത്തലിക് അസ്സോസിയേഷൻ, പാലക്കാട് 17

വടികൊടുത്ത് അടിവാങ്ങുന്ന അഭിവന്ദ്യന്മാർ
ജെയിംസ് ഐസക് കുടമാളൂർ 18

മിശ്രവിവാഹം വ്യക്തിത്വത്തിന്റെ അടയാളം
ഡോ. ലാസർ തേർമഠം 20

ഇന്ത്യൻ മെത്രാൻമാർ കൂട്ടരാജിയിലേക്കോ?
സക്കറിയാസ് നെടുങ്കനാൽ 21

വികാരിക്കെതിരെ ക്രിമിനൽ കേസ്
വി.കെ.ജോയി 23

വിശുദ്ധബലിയിലെ ഭാഷയും പ്രയോഗങ്ങളും
ജോസഫ് കാലായിൽ 24

'മുഖക്കുറി'യെപ്പറ്റിത്തന്നെ
റ്റി.റ്റി. മാത്യു തകിടിയേൽ 26

റോഡിനു നടുവിൽ കാലുനാട്ടി ഗതാഗതത്തിനു തടസ്സം സൃഷ്ടിച്ചതായി പരാതി
.... 30

വിശ്വാസാനുഷ്ഠാനങ്ങളും യേശുവിലൂടെയുള്ള രക്ഷയും
റവ. ഡോ. സിപ്രിയൻ ഇല്ലിക്കമുറി 32

'സത്യജ്വാല' ജ്വലിക്കട്ടെ!
സുബൈദ (നോവലിസ്റ്റ്) 32

ഇല്ലിക്കമുറിയച്ചനോട്
വർഗ്ഗീസ് ത്രിക്കൊടിത്താനം 33

'ആയുധവ്യാപാരികളെ ക്രിസ്ത്യാനികളായി കാണാനാവില്ലെന്നു മാർപ്പാപ്പാ
.... 34

'നവീകരണത്തിന്റെ നിത്യഭാസുരനഭസ്സിൽ ഒരു സിംഹപ്പൂഭാവന്റെ നവഭാസ്കരോദയം!
ഇപ്പൻ 36

സത്യജ്വാല മാസിക

വരിസംഖ്യ	ഇൻഡ്യയിൽ	വിദേശത്ത്
ഒറ്റപ്രതി	15 രൂപാ	70 രൂപാ
ഒരു വർഷം	150 രൂപാ	750 രൂപാ
5 വർഷം	600 രൂപാ	3000 രൂപാ


5

18

24

[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]

ജൂലൈ 2015 പുസ്തകം 3 : ലക്കം 5

സത്യജ്വാല

"സാത്താൻെറ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാര ലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11–12).

മുഖക്കുറി



ഭാരതത്തിന്റെ ഋഷിപാരമ്പര്യത്തിൽ രാജാക്കന്മാരും ഋഷിമാരായിരുന്ന, രാജർഷിമാരായിരുന്ന, ചരിത്രമുണ്ട്. ഋഷിമാർ ആത്മജ്ഞാനവും ബ്രഹ്മജ്ഞാനവും നേടിയ ആദ്ധ്യാത്മികാ ചാര്യന്മാരും പ്രബോധകരുമായിരുന്നെങ്കിൽ, രാജർഷിമാർ ഈ ജ്ഞാനത്തിനുപുറമേ, വിജ്ഞാനവും, ജനങ്ങളെ നയിക്കുവാനും സംരക്ഷിക്കുവാനും ആവശ്യമായ പ്രായോഗികഭരണപാടവവും നയതന്ത്രജ്ഞതയുംകൂടി നേടിയവരായിരുന്നു. ജ്ഞാനി ആയതിനാൽ അഹന്ത തീണ്ടാതെയും തൻകാര്യതല്പരത കൂടാതെയും സത്യത്തിലും നീതിയിലും ചരിക്കാനും, വിജ്ഞാനി ആയതിനാൽ ലോകകാര്യങ്ങളുടെയും മനുഷ്യമനസ്സുകളുടെയും ഗതിവിഗതികളറിഞ്ഞു ജാഗ്രത്താകുവാനും, കർമ്മനിപുണനായതിനാൽ ആ ജാഗ്രതയോടെ ആകമാന ഐശ്വര്യം ലക്ഷ്യമാക്കി സമൂഹജീവിതത്തിന്റെ തേരുതെളിക്കാനും അവർക്കു കഴിഞ്ഞിരുന്നു. മഹാതേജസ്വികളായ അവരെപ്പോഴും സന്തോഷചിത്തരും പ്രസന്നവദനരും സ്ഥിതപ്രജ്ഞരും പ്രതിസന്ധിയുടെ ഏതു കടൽത്തിരമാലകൾക്കു മുകളിലൂടെയും യേശുവിനെപ്പോലെ, ശുഭാപ്തിവിശ്വാസത്തിന്റെ അടിപതറാത്ത കാൽവയ്പുകളുമായി നടന്നുനീങ്ങാൻ പ്രാപ്തരുമാണ്.

ചരിത്രത്തിന്റെ ഹൈവേകളിലെ വഴിവിളക്കുകൾ പ്രതിസന്ധിക്കൊടുങ്കാറ്റുകളിൽ അണഞ്ഞുപോകുമ്പോഴാണ്, എല്ലാവരും ഇരുട്ടിൽത്തപ്പി കൂട്ടിയിടിച്ച് വീണുതുടങ്ങുമ്പോഴാണ്, സൂര്യോദയം പോലെ ഇത്തരം മഹാതേജസ്വികൾ ഭൂമിയിൽ പ്രത്യക്ഷപ്പെടാറുള്ളത് എന്നു തോന്നുന്നു. ഇപ്പോഴിതാ, വ്യാജ ആദ്ധ്യാത്മികതയും മതഭീകരതയും മാമോൻഭരണസംവിധാനങ്ങളും പ്രകൃതിചൂഷണവും പരിസ്ഥിതിനാശവുമെല്ലാം ചേർന്നുള്ള ദുരവസ്ഥകളുടെയും ആസന്നമായ മഹാദുരന്തങ്ങളുടെയും അഗ്നിപർവ്വതശിഖരങ്ങളിലെത്തിനിൽക്കുന്ന ഇന്നത്തെ ഇരുൾമൂടിയ ലോകത്തേക്ക് പ്രത്യാശയുടെ ഉദയസൂര്യനെപ്പോലെ ഫ്രാൻസീസ് മാർപ്പാപ്പാ എന്ന മഹാതേജസ്വി ഒരു ധാർമ്മികശക്തിസ്രോതസ്സായി ശക്തർക്കു താക്കീതും അശരണർക്ക് ആലംബവും സകലർക്കും മാർഗ്ഗനിർദ്ദേശങ്ങളുമായി, കടന്നുവന്നിരിക്കുന്നു. നാലാംനൂറ്റാണ്ടു മുതൽ, യേശുവിന്റെപേരിൽ ഒരു ഭൗതികസാമ്രാജ്യം കെട്ടിപ്പടുക്കാൻ കരുവാക്കിയ റോമിലെ അതേ 'പരിശുദ്ധ'സിംഹാസനത്തിൽ ആരൂഢമുറപ്പിച്ചാണ് ലോകകത്തോലിക്കരുടെ ഇപ്പോഴത്തെ രാജാവുകൂടിയായ അദ്ദേഹം ഈ നൂറ്റാണ്ടിന്റെ രാജർഷിയായിത്തീർന്നിരിക്കുന്നത്. 'സ്തുതിയായിരിക്കട്ടെ' (Laudato Si) എന്ന പേരിൽ, 'നമ്മുടെ പൊതുഭവനത്തിന്റെ സംരക്ഷണ'ത്തെക്കുറിച്ച് അദ്ദേഹം ഈയിടെ എഴുതിയതും ലോകമാകെ ഇപ്പോൾ ഗൗരവപൂർവ്വം ചർച്ച ചെയ്യാനാരംഭിച്ചിരിക്കുന്നതുമായ ചാക്രിക ലേഖനം മാർപ്പാപ്പായുടെ ഈ അത്യുന്നതസ്ഥാനം സ്ഥിരീകരിക്കാൻപോന്നതാണ്.

താൻ മാതൃകാ പുരുഷനായി സ്വീകരിച്ചിട്ടുള്ള ഫ്രാൻസീസ് അസ്സീസിയുടെ *"ഞങ്ങളെ നിലനിർത്തുകയും ഭരിക്കുകയും ഞങ്ങൾക്കായി വിവിധയിനം ഫലങ്ങൾ വർണ്ണഭംഗിയാർന്ന പൂക്കളോടും സസ്യങ്ങളോടുമൊപ്പം നൽകുകയും ചെയ്യുന്ന, ഞങ്ങളുടെ സഹോദരിയായ ഭൂമീമാതാ*

വിലൂടെ, കർത്താവേ അങ്ങേക്കു സ്തുതി" എന്ന കീർത്തനത്തിൽ ആരംഭിക്കുന്ന ബൃഹത്തായ (180 പേജുകൾ) ചാക്രികലേഖനം, ഉല്പത്തി 2:7-ലെ, "കർത്താവായ ദൈവം ഭൂമിയിലെ പൊടികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തി" എന്ന ബൈബിൾ വാക്യം ഓർമ്മപ്പെടുത്തി, 'നാം ഈ ഭൂമിയിലെ മണ്ണാണ് എന്ന വസ്തുത നമ്മൾ മറക്കുന്നു' എന്നു പ്രസ്താവിച്ചും, ജോൺ 23-ാമൻ മാർപ്പാപ്പായുടെ യുദ്ധവിരുദ്ധതയെയും സമാധാനകാംക്ഷയെയും അനുസ്മരിച്ചും, ജോൺ പോൾ 2-ാമൻ മാർപ്പാപ്പാ, ബെനഡിക്ട് 16-ാമൻ മാർപ്പാപ്പാ, കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയോ എന്നിവരുടെ പരിസ്ഥിതിസംബന്ധമായ ഉദ്ധരണികൾ നിരത്തിയുമാണ് മുന്നോട്ടു നീങ്ങിത്തുടങ്ങുന്നത്. തുടർന്ന്, മനുഷ്യനെന്ന ഒരേയൊരു ജീവിവർഗ്ഗത്തിന്റെ ചെയ്തികളാൽ വികലവും വിരൂപവുമാക്കപ്പെട്ട, സർവ്വജീവിവർഗ്ഗങ്ങളുടെയും പൊതുഭവനമായ ഭൂമിയുടെ നാശോന്മുഖമായ ഇന്നത്തെ അവസ്ഥയെ സൂക്ഷ്മത്തിലും സ്ഥൂലത്തിലും നോക്കിക്കാണുകയാണദ്ദേഹം. അതൊരു വെറും നോക്കിക്കാണലല്ല എന്നതാണ് എടുത്തുപറയേണ്ട കാര്യം. മനുഷ്യന്റെ ആദ്ധ്യാത്മികവും സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവും നൈതികവുമായ എല്ലാ തലങ്ങളെയും സംയോജിപ്പിച്ചു സമഗ്രമാക്കിയ ഒരു വീക്ഷണകോണിലൂടെയുള്ള അത്യപൂർവ്വമായ ഒരു നോക്കിക്കാണലാണത് എന്നു പറഞ്ഞേതീരൂ. ആത്മീയജ്ഞാനത്തെയും ഭൗതികവിജ്ഞാനങ്ങളെയും സംശ്ലേഷിപ്പിച്ച്, ഹൃദയത്തിലൂടെ കാര്യങ്ങൾ പറയുകയാണദ്ദേഹം, ആർക്കും മനസ്സിലാകുന്നത്ര ലളിതഭാഷയിൽ.

അദ്ദേഹത്തിന്റെ ഹൃദയപൂർവ്വകവും ആശയസംവേദനക്ഷമവുമായ രചനാശൈലിയിലേക്കും, അദ്ദേഹം പങ്കുവയ്ക്കുന്ന ജീവത്തായ പാരിസ്ഥിതികകാഴ്ചപ്പാടുകളിലേക്കുമുള്ള ഒരു എത്തിനോട്ടത്തിനായി, ഇതിൽനിന്നുള്ള ഏതാനും ഉദ്ധരണികളിതാ:

'ഞങ്ങളുടെ സഹോദരിയായ ഭൂമീമാതാവ്' എന്നു ഫ്രാൻസീസ് അസ്സീസി വിളിക്കുന്ന നമ്മുടെ ഈ ഭൂമിയുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് അദ്ദേഹം എഴുതിയിരിക്കുന്നതു കാണുക: *"ദൈവം അവൾക്ക് അവകാശമായി നൽകിയിരിക്കുന്ന വസ്തുക്കളെയെല്ലാം ഉത്തരവാദിത്തരഹിതമായി ഉപയോഗിച്ചും ദുരുപയോഗിച്ചും നമ്മൾ അവളുടെമേൽ ഏല്പിച്ചുകൊണ്ടിരിക്കുന്ന പീഢനങ്ങളെപ്രതി ആ സഹോദരി ഇന്നു വാവിട്ടു നിലവിളിക്കുകയാണ്"* (2-ാം ഖണ്ഡികയിൽനിന്ന്).

പ്രകൃതിസ്നേഹികളുടെ വിശുദ്ധൻ എന്നദ്ദേഹം വിളിക്കുന്ന ഫ്രാൻസീസ് അസ്സീസിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നതെന്തെന്ന് അദ്ദേഹം ഇങ്ങനെ പറയുന്നു: *"പ്രകൃതിയോടുള്ള കരുതലും ദരിദ്രരോടുള്ള നീതിനിഷ്ഠയും സമൂഹത്തോടുള്ള അർപ്പണമനോഭാവവും മനുഷ്യന്റെ ആന്തരികശാന്തിയും തമ്മിൽ വേർതിരിക്കാനാവാത്ത ബന്ധമാണുള്ളതെന്ന് അദ്ദേഹം നമുക്കു കാട്ടിത്തരുന്നു"* (10-ാം ഖണ്ഡികയിൽനിന്ന്).

"...വിഭവസമൃദ്ധിയും സാമ്പത്തികമോ രാഷ്ട്രീയമോ ആയ ശക്തിയും കൂടുതലായി കൈക്കലാക്കിയിട്ടുള്ള കൂട്ടർ, കാലാവസ്ഥാവ്യതിയാനത്തിന്റെ ഏതാനും ചില ദൂഷ്യഫലങ്ങൾ കുറച്ചുകൊണ്ടുവരുവാനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ട് പ്രശ്നത്തെ പൊതിഞ്ഞുവയ്ക്കുന്ന (masking)തിലോ, അല്ലെങ്കിൽ അതുളവാക്കുന്ന രോഗലക്ഷണങ്ങളെ ഒളിപ്പിച്ചുവയ്ക്കുന്നതിലോ മാത്രമാണ് ശ്രദ്ധിക്കുന്നതെന്നു തോന്നിപ്പോകുന്നു" (26-ാം ഖണ്ഡികയിൽനിന്ന്).

അദ്ദേഹം പറയുന്നു: *"പ്രകൃതിയോടും പരിസ്ഥിതിയോടുമുള്ള നമ്മുടെ സമീപനത്തിൽ ആദരവു കലർന്ന ഭയ(awe)വും അത്ഭുതഭാവവും ഇല്ലാതായാൽ, ഈ ലോകവുമായുള്ള ബന്ധപ്പെടലുകളിൽ നാം സാഹോദര്യത്തിന്റെയും സൗന്ദര്യത്തിന്റെയും ഭാഷ സംസാരിക്കാതായാൽ, സ്വന്തം ആവശ്യങ്ങൾക്കു പരിധികല്പിക്കാനറിയാത്ത ഒരു യജമാനന്റെയും ഉപഭോക്താവിന്റെയും ദയാരഹിതനായ ചൂഷകന്റെയും ആയിത്തീരും, നമ്മുടെ മനോഭാവം. നേരേമറിച്ച്, നിലവിലുള്ളതായിക്കാണുന്ന സർവ്വതുമായും ഏകീഭാവവും ഉറ്റബന്ധവും അനുഭവപ്പെടുന്നുവെങ്കിൽ, അപ്പോൾത്തന്നെ, നമ്മളിൽ മിതത്വവും പരസ്പരകരുതലും നൈസർഗികമായിത്തന്നെ ഉറവപൊട്ടിനിറയുന്നു"* (11-ാം ഖണ്ഡികയിൽനിന്ന്).

"...യുവജനം മാറ്റം ആവശ്യപ്പെടുന്നു. പാരിസ്ഥിതികപ്രശ്നങ്ങളെക്കുറിച്ചും ജീവിതത്തിന്റെ മുഖ്യധാരയിൽനിന്നു പുറന്തള്ളപ്പെട്ടവരെക്കുറിച്ചും ചിന്തിക്കാതെ ഒരു മെച്ചപ്പെട്ട ലോകം ഉണ്ടാക്കാമെന്ന് ആരെങ്കിലും അവകാശപ്പെട്ടാൽ അതെങ്ങനെ ശരിയാകും എന്നവർ അത്ഭുതപ്പെടുന്നു..." (13-ാം ഖണ്ഡികയിൽനിന്ന്).

"...ഇന്നത്തെ പരിസ്ഥിതിപ്രതിസന്ധിക്കു പരിഹാരംതേടിയുള്ള അനവധി ഉദ്യമങ്ങൾ നടന്നിട്ടുണ്ടെങ്കിലും, നിർഭാഗ്യമെന്നു പറയട്ടെ, അതൊന്നും ഫലവത്തായിട്ടില്ല. ശക്തമായ

(ശേഷം പേജ് 6-ൽ വായിക്കുക)



നമ്മുടെ ഭൂമിക്കുവേണ്ടി ഒരു പ്രാർത്ഥന

('സ്തുതിയായിരിക്കട്ടെ' എന്ന തന്റെ ചാക്രികലേഖനത്തിനൊടുവിൽ ഫ്രാൻസീസ് മാർപ്പാപ്പാ എഴുതിയ പ്രാർത്ഥനാകീർത്തനം)

സർവ്വശക്തനായ ദൈവമേ,
ഈ പ്രപഞ്ചമാകമാനവും
അങ്ങയുടെ ഏറ്റംചെറിയ സൃഷ്ടികളിലുംവരെ
അങ്ങു സന്നിഹിതനായിരിക്കുന്നുവല്ലോ.

ഉള്ളതായിട്ടുള്ള സകലതിനെയും
ആർദ്രമസൃണമായി അങ്ങ് ആശ്ലേഷിക്കുന്നു
ജീവനെയും സൗന്ദര്യത്തെയും സംരക്ഷിക്കുന്നതിനു ഞങ്ങളെ പ്രാപ്തരാക്കാൻ
അങ്ങയുടെ സ്നേഹത്തിന്റെ ശക്തി ഞങ്ങളുടെമേൽ സമൃദ്ധമായി ചൊരിയുന്നു.

ഞങ്ങൾ സഹോദരീസഹോദരന്മാരായി
ആർക്കും ദ്രോഹംവരുത്താതെ ജീവിക്കുന്നവരാകാൻ
ദൈവമേ, ഞങ്ങളിൽ ശാന്തി നിറയ്ക്കണമേ.

ഓ! ദരിദ്രരുടെ ദൈവമേ,
അങ്ങയുടെ കണ്ണിൽ വിലപ്പെട്ടവരായ
പുറന്തള്ളപ്പെട്ടവരെയും ലോകം വിസ്മരിച്ചവരെയും
വീണ്ടെടുത്തു രക്ഷിക്കാൻ ഞങ്ങളെ സഹായിക്കണമേ.

ഞങ്ങൾ ഈ ലോകത്തെ കൊള്ളയടിക്കുന്നവരാകാതെ അതിന്റെ സംരക്ഷകരാകാൻ,
മാലിന്യങ്ങളുടെയും വിനാശത്തിന്റെയും വിതക്കാരാകാതെ
സൗന്ദര്യത്തിന്റെ വിതക്കാരാകാൻ,
ഞങ്ങളുടെ ജീവിതങ്ങളെ അങ്ങു സുഖപ്പെടുത്തണമേ.

പാവങ്ങളുടെയും ഈ ഭൂമിയുടെയും ചെലവിൽ
ലാഭം കൊയ്യുകമാത്രം ലക്ഷ്യമാക്കിയിട്ടുള്ളവരുടെ
ഹൃദയങ്ങളെ അങ്ങു സ്പർശിക്കണമേ.

ഓരോ വസ്തുവിന്റെയും അമൂല്യത കണ്ടെത്താൻ,
ഭയസംഭ്രമസ്തമായ അത്ഭുതംകൊണ്ടും ധ്യാനാത്മകതകൊണ്ടും ഞങ്ങൾ നിറയാൻ,
ഓരോ സൃഷ്ടിയുമായി ഞങ്ങൾ അതിഗാഢമായി സംയോജിച്ചിരിക്കുന്നുവെന്ന്,
അങ്ങയുടെ അനന്തപ്രകാശത്തിലേക്കുള്ള ഞങ്ങളുടെ യാത്രയിൽ കണ്ടെത്താൻ,
ഞങ്ങളെ അങ്ങു പഠിപ്പിക്കണമേ.

ഓരോ ദിവസവും ഞങ്ങളോടൊപ്പമുണ്ടായിരിക്കുന്നതിൽ
ഞങ്ങളങ്ങേക്കു നന്ദി പറയുന്നു.
നീതിക്കും സ്നേഹത്തിനും സമാധാനത്തിനുമായുള്ള ഞങ്ങളുടെ പോരാട്ടത്തിൽ
ഞങ്ങളെ ധൈര്യപ്പെടുത്തണേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

‘ഒരു നല്ല മനുഷ്യൻ ദൈവത്തിൽ വിശ്വസിക്കണമെന്നില്ല’

-ഫ്രാൻസീസ് മാർപ്പാപ്പാ

[ഫ്രൻസീസ് മാർപാപ്പായുടെ, ഇന്റർനെറ്റിലൂടെ പ്രചരിക്കുന്നതും 'അത്മായശബ്ദം' ബ്ലോഗിൽ പ്രസിദ്ധീകരിച്ചുവന്നതുമായ ഒരു പ്രസ്താവനയാണു താഴെ:]

“ഒരു നല്ല മനുഷ്യനാകാൻ ദൈവത്തിൽ വിശ്വസിക്കണമെന്നില്ല. ഒരു വിധത്തിൽ പറഞ്ഞാൽ പരമ്പരാഗതമായുള്ള നമ്മുടെ ദൈവസങ്കല്പം കാലഹരണപ്പെട്ടതാണ്. ഒരുവന് ആത്മീയമാർഗ്ഗിയായിരിക്കാൻ ഏതെങ്കിലും മതത്തിലായിരിക്കണമെന്നില്ല. പള്ളിയിൽ പോയി പണം കൊടുക്കണമെന്നുമില്ല. പ്രകൃതിതന്നെ ഒരു പള്ളിയല്ലേ? ചരിത്രത്തിലെ നല്ലവരായ പല മനുഷ്യരും ദൈവത്തിൽ വിശ്വസിക്കുന്നവരായിരുന്നില്ല. ചരിത്രത്തിലെ ഏറ്റവും മോശപ്പെട്ട പല കാര്യങ്ങളും ദൈവത്തിന്റെ പേരിലാണ് സംഭവിച്ചതും.”

– ഫ്രാൻസീസ് മാർപ്പാപ്പായുടെ ഈ വാക്കുകൾ ഓരോ മനുഷ്യനും തങ്കലിപികളിലെഴുതി ഹൃദയത്തിൽ ഫ്രെയിം ചെയ്തുവയ്ക്കേണ്ടതാണ്. വികലദൈവസങ്കല്പങ്ങളും ക്രൂര ചെയ്തികളുംകൊണ്ട് രക്തപങ്കിലമായിത്തീർന്ന മുഴുവൻ മത ചരിത്രത്തെയും മനസ്സിലുൾക്കൊണ്ടുകൊണ്ട് അദ്ദേഹം ലോകത്തിനു നൽകിയ ഈ പ്രബോധനത്തെ ‘Catholic’ എന്ന വാക്കിന്റെ ‘സാർവലൗകികം’ എന്ന യഥാർത്ഥ അർത്ഥത്തിലുള്ള ഒന്നായിക്കാണാവുന്നതാണ്. ‘മതമേതായാലും മനുഷ്യൻ നന്നായാൽ മതി’ എന്ന ശ്രീനാരായണഗുരുവിന്റെ വചനത്തിന് ഒരു പടി മുകളിലല്ലേ, ഈ പാപ്പാവചനം എന്നുപോലും തോന്നിപ്പോകുന്നു. ‘പ്രകൃതി തന്നെ ഒരു പള്ളിയല്ലേ?’ എന്ന അദ്ദേഹത്തിന്റെ ചോദ്യം എത്ര ഹൃദയാവർജ്ജകമാണ്! സാർവ്വലൗകികത(Catholicism) യിൽനിന്ന് സ്വയം മുറിച്ചുമാറ്റപ്പെട്ടിരിക്കുന്ന ഇന്നത്തെ സങ്കുചിത കത്തോലിക്കാമതത്തെ, ശരിക്കും ഒരു ‘കത്തോലിക്കാ(സാർവലൗകിക)മത’മാക്കാൻ പോരുന്ന വിശാലദർശനമാണ് ഫ്രാൻസീസ് മാർപ്പാപ്പായ്ക്കുള്ളതെന്ന് ഈ വാക്കുകളിലൂടെ അദ്ദേഹം തെളിയിക്കുന്നു. പാപികളെന്നും യുക്തിവാദികളെന്നും നിരീശ്വരരെന്നും കുറ്റംവിധിച്ച് മാറ്റിനിർത്തിയിരുന്നവരെയെല്ലാം മാടിവിളിക്കുന്ന ഈ മാർപ്പാപ്പാ ഈ കാലത്തിന്റെ ഒരനുഗ്രഹംതന്നെ! മനസ്സ് ആകാശത്തോളം വിശാലമാക്കി അദ്ദേഹത്തോടൊപ്പം ഉണർന്നു ചിന്തിക്കാനും പ്രവർത്തിക്കാനും ഈ കാലഘട്ടത്തിലെ മനുഷ്യർ കടപ്പെട്ടിരിക്കുന്നു...

(മുഖക്കുറി-തുടർച്ച)

എതിർപ്പുകളുണ്ടെന്നതു മാത്രമല്ല ഇതിനു കാരണം; പൊതുവായി നിലനിൽക്കുന്ന ഒരു താല്പര്യക്കുറവുകൂടി കാരണമാണ്. വിശ്വാസികളിലുൾപ്പെടെ തടസ്സവാദമനോഭാവങ്ങൾ നിലനിൽക്കുന്നു. അത് പരിസ്ഥിതിപ്രശ്നത്തിന്റെതന്നെ നിഷേധംമുതൽ പ്രശ്നത്തിലുള്ള നിസ്സംഗതവരെയും, അനാസ്ഥയോടെയുള്ള കണ്ണടയ്ക്കൽമുതൽ സാങ്കേതികപരിഹാരങ്ങളിലുള്ള അന്ധമായ വിശ്വാസംവരെയും നീളുന്നു. നമുക്കു പുതിയതും സർവ്വവ്യാപ്തവുമായ ഒരു ഐക്യദാർഢ്യം ആവശ്യമായിരിക്കുന്നു” (14-ാം ഖണ്ഡികയിൽനിന്ന്).

ഇങ്ങനെപോയാൽ ഇതിൽനിന്നുള്ള നൂറുകണക്കിന് ഉദ്ധരണികൾ ഇവിടെ തർജ്ജമ ചെയ്തുചേർക്കേണ്ടിവരും.

ആമുഖ അദ്ധ്യായത്തെത്തുടർന്നുള്ള ‘നമ്മുടെ പൊതുഭവനത്തിന് എന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നത്?’ എന്ന ഒന്നാം അദ്ധ്യായത്തിൽ, ഭൂമി ഇന്നു നേരിടുന്നതും മനുഷ്യന്റെ നിലനില്പിനെ അപകടപ്പെടുത്തുന്നതുമായ കൂടിവരുന്ന മാലിന്യക്കൂമ്പാരങ്ങളെയും കാലാവസ്ഥാവ്യതിയാനത്തെയും ‘എറിഞ്ഞുകളയൽ സംസ്കാര’ (throw-away culture) ത്തെയും ആഗോളതാപനത്തെയും ജലദൗർലഭ്യത്തെയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജൈവവൈവിദ്ധ്യത്തെയും ആഗോളതലത്തിലുള്ള അസമത്വത്തെയും ഇതെല്ലാമുൾക്കൊണ്ടിരിക്കുന്ന വിപൽസന്ധികളെയും ഒക്കെപ്പറ്റി, ഒരു പരിസ്ഥിതിശാസ്ത്രജ്ഞന്റെയും സാമൂഹികശാസ്ത്ര

ജ്ഞന്റെയും രാഷ്ട്രമീമാംസകന്റെയും അതാതു മേഖലകളിലുള്ള അഗാധമായ അറിവോടും ഉൾക്കാഴ്ചയോടുംകൂടി വിശദീകരിക്കുകയും വിശകലനംചെയ്യുകയും, ഇന്നു നിലനിൽക്കുന്ന ശാസ്ത്ര-സാങ്കേതികസമീപനരീതികളിലൂടെയെങ്ങും ഈ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താനാവി ല്ലെന്നു ബോധ്യപ്പെടുത്തുകയും ചെയ്യുന്നു, അദ്ദേഹം. ഒപ്പം, ഒരു ആദ്ധ്യാത്മിക ആചാര്യന്റെ ജ്ഞാനത്തോടും വിവേകത്തോടുംകൂടി പ്രശ്ന ങ്ങളുടെ മർമ്മത്തിലേക്കു കടന്നുചെന്ന് എന്താ ണു ചെയ്യേണ്ടതെന്ന് സുദൃഢമായ വാക്കുകളിൽ ഉൽബോധിപ്പിക്കുകയും ചെയ്യുന്നു.... തുടർന്നുള്ള അദ്ധ്യായത്തിൽ, സൃഷ്ടിയുടെ സുവിശേഷം, പ്രപഞ്ചത്തിന്റെ രഹസ്യാത്മകത, സൃഷ്ടികൾ തമ്മിലുള്ള താളലയം, ആഗോളമാനവസമൂഹം, സൃഷ്ടവസ്തുക്കളുടെ പൊതുലക്ഷ്യം, യേശു വിന്റെ കാഴ്ചപ്പാട് എന്നിങ്ങനെ സുവിശേ ഷാടിത്തറയിലുള്ള ജീവിത-പ്രപഞ്ചവ്യാഖ്യാന മാണ്... മൂന്നാമധ്യായം, ഇന്നത്തെ പരിസ്ഥിതി പ്രശ്നങ്ങളെല്ലാം മനുഷ്യസൃഷ്ടമാണെന്നു സ്ഥാപിക്കുന്നു. ശാസ്ത്രസാങ്കേതികവളർച്ചയെ മാനുഷികമായ ഉത്തരവാദിത്വത്തോടെ ഉപയോഗ പ്പെടുത്തുന്നപക്ഷം അതു ഗുണകരമാണെന്നും, എന്നാൽ മനുഷ്യന്റെ ശാസ്ത്ര-സാങ്കേതിക വളർച്ചയ്ക്കനുസൃതമായി ഈ ഉത്തരവാ ദിത്വബോധം വികസിതമായിക്കാണുന്നില്ലെന്നും, തന്മൂലം അബോധത്തിന്റെ അന്ധമായ ശക്തിക ൾക്കും നൈമിഷിക ആവശ്യബോധങ്ങൾക്കും സ്വകാര്യമാത്രതാല്പര്യങ്ങൾക്കും അതുല്പാ ദിപ്പിക്കുന്ന അക്രമവാസനകൾക്കും മനുഷ്യൻ സ്വയം വിട്ടുകൊടുക്കാനിടയാകുന്നുവെന്നും, മനുഷ്യസ്വാതന്ത്ര്യം അപ്രത്യക്ഷമാകാൻ അതുകാരണമാകുമെന്നും യുക്തിഭദ്രമായി വിശദീകരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഇന്നത്തെ വികസനസങ്കല്പത്തിന്റെയും ആഗോ ള വ്യാവസായിക-കമ്പോളവ്യവസ്ഥിതിയുടെ യും മനുഷ്യനും പ്രകൃതിക്കും വിരുദ്ധമായ ഉള്ളടക്കം തുറന്നുകാട്ടുന്നു....നാലാമദ്ധ്യായം മുന്നോട്ടുവയ്ക്കുന്നത്, പാരിസ്ഥിതിക- സാമ്പ ത്തിക-സാമൂഹികതലങ്ങളെ സമഗ്രമായി കൂട്ടിയോജിപ്പിച്ചുള്ള ഒരു പരിസ്ഥിതിസൗഹൃദ ജീവിതദർശനമാണ്....അതിന്റെ അടിസ്ഥാന ത്തിലുള്ള നയസമീപനവും പ്രവർത്തനമാർ ഗ്ഗരേഖയും വിശദമായി അവതരിപ്പിക്കുന്നു, അഞ്ചാം അദ്ധ്യായത്തിൽ.... ആറാം അദ്ധ്യായ ത്തിൽ, പരിസ്ഥിതിവിദ്യാഭ്യാസവും ആത്മീയപ രിശീലനവും തമ്മിലുള്ള അഭേദ്യബന്ധം വിശ ദീകരിക്കുകയും ഒരു പാരിസ്ഥിതികമാന സാന്തരത്തിലേക്കും അതാവശ്യപ്പെടുന്ന ഒരു പാരസ്പര്യ-ബന്ധുത്വജീവിതശൈലിയിലേക്കും മനുഷ്യൻ തിരിയേണ്ടതിന്റെ അനിവാര്യത സമർ ത്ഥിക്കുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നു: *"പല കാര്യങ്ങളിലും ദിശാമാറ്റം ഉണ്ടാകേണ്ട തുണ്ട്; എന്നാൽ, അതിലെല്ലാ മുപരിയായി, മനുഷ്യരായ നാമാണു മാറേണ്ടത്. നമ്മുടെ പൊതു ആവിർഭാവത്തെക്കുറിച്ചും പരസ്പര ബന്ധുത്വത്തെക്കുറിച്ചും എല്ലാവരുമായി പങ്കുവയ്ക്കേണ്ട ഭാവിഭാഗധേയത്തെക്കുറിച്ചു മുള്ള നമ്മുടെ അവബോധം കുറഞ്ഞുകൊണ്ടിരി ക്കുന്നു. ഈ അടിസ്ഥാനഅവബോധമുണർത്തി, അതിനനുസൃതമായ പുതിയ ജീവിതകാഴ്ചപ്പാടു കൾക്കും മനോഭാവങ്ങൾക്കും ജീവിതശൈ ലിക്കും രൂപംകൊടുക്കാൻ മനുഷ്യനു കഴിയും. സാംസ്കാരികവും ആദ്ധ്യാത്മികവും വിദ്യാഭ്യാ സപരവുമായ ഒരു മഹത്തായ വെല്ലുവിളിയാണ് നമുക്കുമുമ്പിലുള്ളത്. നവീകരണത്തിന്റെ ഒരു ദീർഘപാത വെട്ടിയൊരുക്കുവാൻ അതു നമ്മോ ടാവശ്യപ്പെടുന്നു"* (202-ാം ഖണ്ഡിക). മനുഷ്യരെ മാടിവിളിച്ച്, നവമായ ഒരു ആത്മീയതയിലേക്ക് അദ്ദേഹമവരെ പിച്ച നടത്തുന്നതെങ്ങനെയെന്നു നോക്കുക: *"പ്രപഞ്ചത്തെ പരിപൂരിതമാക്കുന്ന ദൈവത്തിലാണ് പ്രപഞ്ചം അനാവൃതമാകുന്നത്. അതുകൊണ്ട്, ഒരു ഇലയിൽ, ഒരു പർവ്വതനിര യിൽ, ഒരു തുഷാരബിന്ദുവിൽ, ദരിദ്രനായ ഒരു മനുഷ്യന്റെ മുഖകമലത്തിൽ ഒക്കെ ദിവ്യതയുടേ തായ ഒരു രഹസ്യാത്മക അർത്ഥം കണ്ടെത്തേ ണ്ടതുണ്ട്. ആത്മാവിലുള്ള ദൈവികപ്രവർത്ത നത്തെ കണ്ടെത്താൻ ഒരുവൻ ബഹിർമുഖത യിൽനിന്ന് തന്റെ ആന്തരികതയിലേക്കു കടന്നാൽ മാത്രം പോരാ; മറിച്ച്, എല്ലാ വസ്തുക്കളിലും ദൈവത്തെ കണ്ടെത്തേണ്ടതുണ്ട്"* (233-ാം ഖണ്ഡി കയിൽനിന്ന്).

എത്ര എഴുതിയാലും പറഞ്ഞാലും തീരാ ത്തത്ര ഉൾക്കാഴ്ച പ്രദാനംചെയ്യുന്ന ഫ്രാൻ സീസ് മാർപ്പാപ്പായുടെ ഈ ചാക്രികലേഖനത്തെ ഈ കാലഘട്ടത്തിന്റെ പ്രകാശധോരണി (beacon light) എന്നു വിശേഷിപ്പിക്കാം. സാർവ്വലൗകിക മായിത്തന്നെ അംഗീകാരയോഗ്യമായിരിക്കുന്ന അദ്ദേഹത്തിന്റെ നവ ആത്മീയദർശനം ഇതിലെ ഓരോ വരിയിലും വരികൾക്കിടയിലും പ്രകാശം ചൊരിഞ്ഞു നിൽക്കുന്നു. ആമുഖമുൾപ്പെടെ യുള്ള 7 അദ്ധ്യായങ്ങളിൽ 246 ഖണ്ഡികകളി ലായി, ആഴ്ന്നും പരന്നും കിടക്കുന്ന ഈ ചാക്രി കലേഖനത്തെ, ഈ കാലഘട്ടത്തിനുമേൽ ഇരുണ്ടുമൂടിക്കിടക്കുന്ന കാർമേഘപടലങ്ങളിൽ തെളിഞ്ഞുവന്ന മാരിവില്ലായി കാണാം. അത്ര യും മനോഹരവും ഹൃദയാവർജകവും, ഒരു പാരിസ്ഥിതികമാനസാന്തരത്തിലേക്കു കടക്കാൻ ലോകത്തെയാകെ നിർബന്ധിക്കാൻ പോരുന്നതു

KCRM വാർഷിക പൊതുയോഗവും പുസ്തകപ്രകാശനവും സഭാ – സംഘടനാവിഷയങ്ങളിൽ പൊതുചർച്ചയും

2015 ജൂലൈ 25, ശനിയാഴ്ച, 2.00 pm-ന്, പാലാ ടോംസ് ചേമ്പർ ഹാളിൽ

ബഹുമാന്യരേ,

KCRM-ന്റെ വാർഷിക പൊതുയോഗം, സംസ്ഥാനപ്രസിഡന്റ് **ശ്രീ K. ജോർജ് ജോസഫിന്റെ** അദ്ധ്യക്ഷതയിൽ **2015 ജൂലൈ 25 ശനിയാഴ്ച** നടത്തുന്നു. സംഭവബഹുലമായിരുന്ന ഇക്കഴിഞ്ഞ വർഷത്തിൽ നാം നടത്തിയ പ്രവർത്തന പരിപാടികളുടെ റിപ്പോർട്ട് സംസ്ഥാനസെക്രട്ടറി **ശ്രീ കെ.കെ. ജോസ് കണ്ടത്തിലും** സാമ്പത്തിക കണക്ക് സംസ്ഥാന ട്രഷറർ **ശ്രീ സണ്ണി. കുടകനാടിയും** ഈ യോഗത്തിൽ അവതരിപ്പിക്കുന്നതും, ചർച്ചകൾക്കും തിരുത്തലുകൾക്കുശേഷം അവ പാസ്സാക്കുന്നതുമാണ്.,

തുടർന്ന്, ശ്രീ.ജോസഫ് കാലായിൽ എഴുതി, കെ.സി.ആർ.എം. പ്രസാധനം ചെയ്യുന്ന 'കത്തോലിക്കാസഭയുടെ പത്തു മുറിവുകൾ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം **ശ്രീ.ജോസഫ് വെളിവിൽ** നിർവ്വഹിക്കുന്നു.

അതിനേത്തുടർന്ന്, ആഗോളതലത്തിൽത്തന്നെ സഭാനവീകരണരംഗത്തുണ്ടാ യിരിക്കുന്ന പുതിയ കുതിപ്പുകളെയും കേരളത്തിലെ സാധ്യതകളെയുംകുറിച്ച് സംസ്ഥാന ജന:സെക്രട്ടറി **ശ്രീ കെ. കെ. ജോസ് കണ്ടത്തിലും**, അടുത്ത വർഷത്തെ പ്രവർത്തനരൂപരേഖയെക്കുറിച്ച് സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി **ശ്രീ റെജി ഞാള്ളാനിയും,** എറണാകുളം കേന്ദ്രീകരിച്ചു നടത്താവുന്ന പ്രവർത്തനങ്ങളെക്കുറിച്ച് **ശ്രീ ജോസഫ് വെളിവിലും** സംസാരിക്കുന്നു.

ചർച്ചയ്ക്കുശേഷം KCRM-ന്റെ പുതിയ നിർവ്വാഹകസമിതിയംഗങ്ങളുടെയും ഭാരവാഹികളുടെയും തിരഞ്ഞെടുപ്പു നടക്കും.

KCRM-ന്റെ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള എല്ലാവർക്കും KCRM-ന്റെ വാർഷികപൊതുയോഗത്തിലും തുടർന്നുള്ള ചർച്ചാപരിപാടികളിലും പങ്കെടുക്കാവുന്നതുമാണ്; എല്ലാവരെയും ഹാർദ്ദമായി ക്ഷണിക്കുന്നു.

സ്നേഹാദരപൂർവ്വം

കെ.കെ. ജോസ് കണ്ടത്തിൽ

ഫോൺ: 8547573730

(മുഖക്കുറി-തുടർച്ച)

മാണ്. എന്നാൽ, മനുഷ്യന്റെ ലിപികളിലാക്കി അദ്ദേഹമെഴുതിയിരിക്കുന്ന കാലത്തിന്റെ ഈ ചുവരെഴുത്തിന്റെ അർത്ഥം ഗ്രഹിക്കാനും അതനുസ്സരിച്ച് സ്വയം മാറാനും ഓരോ മനുഷ്യനും മനുഷ്യരാശിയും തയ്യാറാകുന്നില്ലെങ്കിൽ, മൂടിനിൽക്കുന്ന ഈ കാർമേഘപാളികളിൽ കൊള്ളിയാൻ ഗർജ്ജനമിരമ്പുകയും ദുരന്തപ്പെരുമഴ പ്രളയമായി വന്ന് നമ്മെ മൂടുകയും ചെയ്യുമെന്നു നാമോർ ക്കേണ്ടതുണ്ട്.

പക്ഷേ, അങ്ങനെ സംഭവിക്കുകയില്ലെന്ന പ്രത്യാശ ഫ്രാൻസീസ് മാർപ്പാപ്പാ മനുഷ്യകുലത്തിനു നൽകുന്നു: *"മാറ്റം സാധ്യമാണ്. സ്രഷ്ടാവ് നമ്മെ കൈവിട്ടിട്ടില്ല; അവിടുന്നൊരിക്കലും തന്റെ സ്നേഹപദ്ധതി വേണ്ടെന്നുവയ്ക്കുകയോ മനുഷ്യനെ സൃഷ്ടിച്ചതിൽ പരിതപിക്കുകയോ ഇല്ല. കൂട്ടായ പ്രവർത്തനത്തിലൂടെ തങ്ങളുടെ പൊതുഭവനം സംരക്ഷിച്ചു നിലനിർത്താനുള്ള മനുഷ്യരാശിയുടെ ശേഷി ഇന്നും നിലനിൽക്കുന്നു"* (13-ാം ഖണ്ഡികയിൽനിന്ന്) എന്നാണദ്ദേഹം പ്രത്യാശിക്കുന്നത്.

ഈ ശുഭാപ്തിവിശ്വാസം ഉറപ്പിക്കാൻ സഹായിക്കുന്ന രണ്ടു പ്രാർത്ഥനാഗീതങ്ങളോടെയാണ് അദ്ദേഹം ചാക്രികലേഖനം അവസാനിപ്പിച്ചിരിക്കുന്നത്. അതിൽ, ഫ്രാൻസീസ് അസ്സീസിയുടെ ഭാവാത്മകശൈലിയെ അനുസ്മരിപ്പിക്കുന്ന, 'ഭൂമിക്കുവേണ്ടി ഒരു പ്രാർത്ഥന' എന്ന ഭാവഗീതം (കാണുക, പേജ്: 5) ചാക്രികലേ ഖനത്തിനു മകുടം ചാർത്തിനിൽക്കുന്നു.

ഒരു മഹാഗുരുവിന്റെ പാദാന്തികത്തിൽ ബുദ്ധിയും ഹൃദയവും തുറന്ന് അദ്ദേഹത്തെ ശ്രവിക്കുന്ന ശിഷ്യരുടെ മനോഭാവത്തോടെ, ഇതിലെ ഓരോ വാക്യവും ഉൾക്കൊള്ളുകയും മനനത്തിനും ധ്യാനത്തിനും വിധേയമാക്കുകയും ചെയ്യേണ്ട ആധുനിക ഉപനിഷത്താണ് ഫ്രാൻസീസ് മാർപ്പാപ്പായുടെ ഈ ചാക്രികലേഖനം എന്നു പറയട്ടെ.

– എഡിറ്റർ

(www.vatican.va എന്ന വെബ്സൈറ്റിൽ ചാക്രികലേഖനം വായിക്കാം)

കോട്ടയം രൂപതയിലെ വിവാഹപ്രശ്നം

മാത്യു മാക്കീൽ

(1990–ൽ മൈസൂർ സെന്റ് ഫിലോമിനാസ് കോളജിലെ ചരിത്രവകുപ്പ് അദ്ധ്യക്ഷൻ)

[1990 മെയ് ലക്കം 'ഓശാന'യിൽ പ്രസിദ്ധീകരിച്ച പ്രൊഫ.മാത്യു മാക്കിലിന്റെ ലേഖനമാണു താഴെ. തുടർന്നു കൊടുത്തിരിക്കുന്നത്, അതിനോടു പ്രതികരിച്ച് ഓശാന എഡിറ്റർ പുലിക്കുന്നേൽ സാർ അതേ ലക്കത്തിൽ നടത്തിയ പ്രശ്നവിശകലനവും. ലേഖകൻ ഇവിടെ പരാമർശിക്കുന്ന 'ഓശാന'യിലെ രണ്ടു രചനകളും കഴിഞ്ഞ രണ്ടു ലക്കങ്ങളിലായി 'സത്യജ്വാല'യിൽ പ്രസിദ്ധീകരിച്ചിരുന്നു എന്നോർക്കുമല്ലോ.]

1990 ഏപ്രിൽ ലക്കം 'ഓശാന'യിൽ പ്രസിദ്ധീകരിച്ച 'കോട്ടയം രൂപതയിലെ വിവാഹപ്രശ്നവും കത്തോലിക്കാസഭയും', 'സ്വർഗ്ഗവാതിൽ തുറന്നു' എന്നീ രണ്ടു ലേഖനങ്ങളാണ് ഈ കത്തെഴുതുവാൻ പ്രേരിപ്പിച്ചത്.

1911–ൽ വിശുദ്ധനായ പത്താം പീയൂസ് മാർപ്പാപ്പാ കോട്ടയം മിസ്സം സ്ഥാപിച്ചുകൊണ്ടു പുറപ്പെടുവിച്ച തിരുവെഴുത്തിൽ താഴെ പറയുന്ന വാചകങ്ങൾ ഉണ്ട്:

"ഈ കല്പന എല്ലാ കാലത്തും ഫലപ്രദവും പ്രാബല്യമുള്ളതും സുസ്ഥിരമായുള്ളതും ആയിരിക്കണമെന്നും ഈ കല്പനയുടെ ഫലം പൂർണ്ണമായി പ്രയോഗത്തിൽ വരുത്തണമെന്നും ഈ കല്പന ഇന്നും മേലാലും ആരെയെല്ലാം സ്പർശിക്കുമോ അവരെല്ലാവരും ഈ കല്പന പൂർണ്ണമായി എല്ലാ സംഗതിയിലും കീഴ്പ്പെട്ട് സ്വീകരിച്ചുകൊള്ളണമെന്നും നാം ആഗ്രഹിക്കുകയും തീരുമാനിക്കുകയും ചെയ്യുന്നു. ഈ കല്പനകൾക്ക് അനുയോജ്യമല്ലാത്തതായി ഏതെങ്കിലും സംഗതികൾ ഏതെങ്കിലും അധികാരസ്ഥാനത്തുനിന്നും അറിഞ്ഞുകൊണ്ടോ അറിയാതെയോ കൊണ്ടുവരുന്നതായാൽ ആയത് അസാധുവായിരിക്കുന്നതാണ്."

കോട്ടയം മിസ്സ സ്ഥാപനത്തിന്റെ മുഖ്യകാരണഭൂതനായ മാക്കീൽ മത്തായി മെത്രാൻ തന്റെ നാളാഗമത്തിൽ താഴെ കാണുന്നവിധം രേഖപ്പെടുത്തിയിരിക്കുന്നു:

"നമ്മുടെ പ്രധാനമായും ഒന്നാമതായും അനുകൂലമായി വന്ന ന്യായവും കാരണവും തെക്കുംഭാഗരായ നമ്മൾ ക്രിസ്താബ്ദം നാലാം നൂറ്റാണ്ടിൽ സിറിയ മുതലായ കിഴക്കൻ രാജ്യങ്ങളിൽനിന്നും കാനാ തോമ്മായോടുകൂടി മലയാളത്തിൽ കുടിയേറിയ സുറിയാനിക്കാരുടെ സന്താനങ്ങളും ഇന്നോളവും നാട്ടുകാരായ ഇതര ക്രിസ്ത്യാനികളുമായി യാതൊരു വിവാഹവും സംബന്ധവും കൂടാതെ ഒരു പ്രത്യേക ജാതിയായി നിന്നു വരുന്നു എന്നുള്ളതാണ്.

തെക്കുംഭാഗർ ഒരു പ്രത്യേക സമുദായക്കാരാണെന്നും മലയാളത്തിൽ കുടിയേറിയ പൂർവ്വ സുറിയാനിക്കാരുടെ സന്താനങ്ങളാണെന്നും നാട്ടുക്രിസ്ത്യാനികളായ വടക്കുംഭാഗരോടു യാതൊരു കെട്ടുപാടുമില്ലെന്നും മറ്റുമുള്ള അവസ്ഥ ചരിത്രരേഖകളെക്കൊണ്ടു ഞങ്ങൾ തെളിയിച്ച് ഒരു വിവരണം എഴുതിക്കൊടുക്കുന്നതിന് പ്രൊപ്പഗാന്താ ഞങ്ങളെ ഭരമേൽപ്പിച്ചു.

തെക്കുംഭാഗരുടെ കുടിയേറ്റത്തെക്കുറിച്ചു യൂറോപ്യന്മാരും നാട്ടുകാരും ഗവൺമെന്റും എഴുതിയിട്ടുള്ള ചരിത്രരേഖകളും അഭിപ്രായങ്ങളും ഞങ്ങളുടെ കൈവശമുണ്ടായിരുന്നതിനാൽ

പ്രശ്നവിശകലനം



ജോസഫ് പുലിക്കുന്നേൽ

[പ്രൊഫ.മാക്കീലിന്റെ ലേഖനത്തോടുള്ള പ്രതികരണം]

ബഹുമാന്യനായ പ്രൊഫ. മാത്യു മാക്കീൽ ഉദ്ധരിക്കുന്ന രണ്ടു രേഖകൾ ഞാൻ നേരത്തെ കണ്ടിട്ടുള്ളതാണ്. ഓരോ ചരിത്രസന്ധികളിലും ഉന്നയിക്കപ്പെടുന്ന സാമൂഹികപ്രശ്നങ്ങളോട് കത്തോലിക്കാസഭാഭരണാധികാരം കാലികങ്ങളായി പ്രതികരിക്കാറുണ്ട്. വിശ്വാസത്തെ സംബന്ധിച്ചുള്ള ആധികാരികപ്രഖ്യാപനങ്ങളൊഴിച്ചുള്ള മറ്റെല്ലാ കല്പനകളും തീരുമാനങ്ങളും മനുഷ്യസംസ്കാരത്തിന്റെയും ചിന്തയുടെയും മാറ്റങ്ങളനുസരിച്ച് മാറ്റപ്പെട്ടിട്ടുണ്ട്, മാറ്റപ്പെടേണ്ടതാണ്.

കേരളകത്തോലിക്കാസഭയിൽ വൈവിദ്ധ്യമാർന്ന പാരമ്പര്യങ്ങളുള്ള ജനപദങ്ങളുണ്ട് എന്ന കാര്യത്തിൽ ആർക്കും എതിർപ്പില്ല. ഈ ഓരോ ജനപദത്തിനും വ്യത്യസ്തങ്ങളായ സാമൂഹികാചാരങ്ങളുണ്ട്. ഈ സാമൂഹികാചാരങ്ങൾ സഭയുടെ അടിസ്ഥാന വിശ്വാസങ്ങളോട് എതിർപ്പില്ലാത്തതാണെങ്കിൽ അവയെ ആദരിക്കുന്നതിന് ചരിത്രപരമായ കാരണങ്ങളാൽ സഭ തയ്യാറായിട്ടുണ്ട്. കേരളസഭയിൽ പരസ്പരം രണ്ടു വ്യത്യസ്ത സമൂഹധാരകളായി നിലനിന്നിരുന്നവരാണ് സുറിയാനിക്രിസ്ത്യാനികളും ലത്തീൻകാരും. അതിൽ സുറിയാനിക്രിസ്ത്യാനികൾ മാർത്തോമ്മാശ്ലീഹാ ജ്ഞാനസ്നാനം നൽകിയ നമ്പൂതിരിമാരുടെ പാരമ്പര്യത്തിൽപ്പെട്ടവരാണെന്നു വിശ്വസിച്ചു പോന്നു. വർഗ്ഗശുദ്ധിയുടെ കാര്യത്തിൽ ഒരു കാലത്ത് ക്നാനായക്കാരെപ്പോലെതന്നെ തീക്ഷ്ണതയുള്ളവരായിരുന്നു അവരും. അയിത്തം നിലനിന്നിരുന്ന കാലത്ത് അവർണ്ണർ തൊട്ട് അശുദ്ധമാക്കിയ വസ്തുക്കൾ നമ്പൂതിരിരക്തം സിരകളിലൂടെ ഓടിയിരുന്ന സുറിയാനിക്രിസ്ത്യാനികൾ തൊട്ടാൽ ശുദ്ധമാകും എന്ന പാരമ്പര്യവും ഉണ്ടായിരുന്നു.

അതും പുരാതനപാട്ടിലെ ചില ഭാഗങ്ങളെയും ക്രമപ്പെടുത്തി ചേർത്ത് തെക്കുംഭാഗരുടെ കൂട്ടുപാർപ്പുകളെയും ജനങ്ങളുടെയും പള്ളികളുടെയും സംഖ്യകളെയും അതാത് ജാതിക്കാർക്കും കുടിയേറി പാർത്തിരുന്നവർക്കും പരിശുദ്ധ സിംഹാസനം പ്രത്യേക രൂപതകളെ കൊടുത്തു വരാറുള്ളതുംമറ്റും പൂർണ്ണമായി കാണിച്ച് ഒരു സ്റ്റേറ്റ്മെന്റും നിരൂപണവും എഴുതി പ്രൊപ്പഗാന്താ തിരുസംഘത്തിന് ഏല്പിച്ചുകൊടുത്തു.

ഈ കാരണത്തിന്മേലാണ് നമുക്ക് കോട്ടയം മിസ്സം പരിശുദ്ധ സിംഹാസനം അനുവദിച്ചത്."

സാധാരണ ഗതിയിൽ കോട്ടയം രൂപതയിലെ ഒരംഗം സമുദായത്തിനു പുറത്തുനിന്നു വിവാഹം ചെയ്യുമ്പോൾ സ്വമേധയാ രൂപതയിൽനിന്നു പുറത്തുപോകുന്നു.

പക്ഷേ ബിജു ഉതുപ്പിന്റെ പിതാവിന്റെ കാര്യത്തിൽ അങ്ങനെ സംഭവിച്ചില്ല. പ്രസ്തുത വിവാഹത്തിൽ ജനിച്ച മക്കൾ കോട്ടയം മിസ്സത്തിന്റെ ഘടനയനുസരിച്ച് തെക്കുംഭാഗർ അല്ല. അവർക്ക് അങ്ങനെ അംഗത്വം നൽകുന്നത് വിശുദ്ധനായ പത്താം പീയൂസ് മാർപ്പാപ്പായുടെ തീരുമാനത്തിന് കടകവിരുദ്ധമാണ്. "A Knanite is born and not made."

സുറിയാനിക്രിസ്ത്യാനികൾ (ഇന്നത്തെ സീറോ-മലബാർ സഭ) ഒരു കാലത്ത് ലത്തീനിൽനിന്നും വിവാഹം കഴിച്ചിരുന്നില്ല. അഥവാ അങ്ങനെ വിവാഹം കഴിച്ചാൽ, ഇന്നത്തെ ക്നാനായക്കാരെപ്പോലെ, അവരെ സമൂഹത്തിൽനിന്നും പുറന്തള്ളിയിരുന്നു.

ഇത്തരം പാരമ്പര്യങ്ങളുടെ ലിസ്റ്റുവച്ച് വാദിച്ചതിന്റെ ഫലമായാണ് സുറിയാനി ക്രിസ്ത്യാനികൾക്ക് പ്രത്യേകമായ രൂപതകളും ഹൈരാർക്കിയും റോമാ അനുവദിച്ചത്. എന്നാൽ രൂപതകൾ സ്ഥാപിക്കുമ്പോൾ ഏതെങ്കിലും ഒരു ജനസമൂഹത്തിന്റെ രക്തശുദ്ധി പരിരക്ഷിക്കും എന്ന് മാർപ്പാപ്പയോ സഭയോ പ്രഖ്യാപിച്ചിട്ടില്ല. അതിനു പൊതുവായ ഒരു നിയമമുണ്ട്. പൗരസ്ത്യകാനോൻ നിയമമനുസരിച്ച് ഏതെങ്കിലും റീത്തിൽപ്പെട്ട ഒരു പുരുഷൻ മറ്റൊരു റീത്തിൽനിന്നും വിവാഹംകഴിച്ചാൽ പുരുഷന്റെ റീത്തിൽ സ്ത്രീയും ഉൾപ്പെടും എന്നുള്ളതാണ് നിയമം.

മാർ മാത്യു മാക്കീൽ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായിരുന്ന കാലത്ത്, 1904-ൽ പ്രസിദ്ധീകരിച്ച 'ദെക്രെത്തി'ൽ ഇങ്ങനെ എഴുതിയിട്ടുണ്ട്: "കാരണവന്മാർ അവരുടെ മക്കൾക്കു കല്യാണ പറഞ്ഞൊപ്പു നിശ്ചയിച്ചുറപ്പിക്കുന്നതിനു മുമ്പിൽ, മക്കളുടെ സമ്മതം വാങ്ങിച്ചിരിക്കേണ്ടതും അവരുടെ സമ്മതം താഴെ വിവരിച്ചിരിക്കുംപ്രകാരം ബഹു. വികാരിയുടെ മുമ്പാകെ വെളിപ്പെടുത്തേണ്ടതും ആകുന്നു. എന്തുകൊണ്ടെന്നാൽ, കല്ല്യാണപ്പറഞ്ഞൊപ്പിന്റെ വസ്തുതയ്ക്ക് അവരുടെ ഈ സമ്മതം ആവശ്യമായിരിക്കുന്നു. മണവാളനെ, അഥവാ മണവാട്ടിയെ തിരഞ്ഞെടുക്കുന്നതിൽ സമ്പത്തും ബഹുമാനവും നോക്കുന്നതിനേക്കാൾ, അവരുടെ പുണ്യത്തെയും സ്വഭാവഗുണത്തെയും കാരണവന്മാർ ഏറ്റം സൂക്ഷിച്ച് അന്വേഷിക്കേണ്ടതാകുന്നു" (പേജ് 112). ആ 'ദെക്രെത്തി'ൽ 17-ാം അദ്ധ്യാത്തിൽ 13 പേജുകളിലായി വിവാഹത്തെ സംബന്ധിച്ച നിബന്ധനകളും അദ്ദേഹം എഴുതിയിട്ടുണ്ട്. അതിലൊന്നും വിവാഹമെന്ന കൂദാശ വർഗ്ഗീയപരമായ കാരണങ്ങളാൽ നടത്തിക്കൊടുത്തുകൂടാ എന്ന നിബന്ധന കാണുന്നില്ല.

ക്നാനായക്കാർ വർഗ്ഗശുദ്ധി പാലിക്കുന്നതിനാഗ്രഹിക്കുന്നെങ്കിൽ അങ്ങനെ സാമൂഹികമായി പ്രവർത്തിക്കുന്നതിന് അവർക്കവകാശമുണ്ട്. എന്നാൽ കോട്ടയം രൂപതയിലെ വിവാഹപ്രശ്നം കൈചൂണ്ടുന്നത്, ക്നാനായക്കാരുടെ രക്തശുദ്ധി പരിരക്ഷിക്കുന്നതിനുവേണ്ടി വിവാഹമെന്ന കൂദാശയെയും സഭയുടെ ആദ്ധ്യാത്മികാധികാരത്തെയും ദുരുപയോഗിക്കാമോ എന്നതാണ്. നാളെ സുറിയാനിക്രിസ്ത്യാനികൾ നമ്പൂതിരിയുടെ പാരമ്പര്യത്തിൽപ്പെട്ടവരാണെന്നതുമൂലം ക്നാനായസഭയിൽനിന്നോ ലത്തീൻസഭയിൽനിന്നോ വിവാഹിതരായവർക്ക് സഭയിൽ ഭ്രഷ്ട് കല്പിക്കുന്നുവെന്നു വന്നാൽ അതിന്റെ പരിണിതഫലം എന്തായിരിക്കും?

വിവാഹം ഒരു കൂദാശയാണ്. സഭാവിശ്വാസമനുസരിച്ച് അത് ദൈവികമാണ്. ഭൗതിക പാരമ്പര്യങ്ങൾ നിലനിർത്തുന്നതിനുവേണ്ടി ദൈവികമായ ഒരു കൂദാശയെ ഉപയോഗിക്കുന്നതിന്റെ ദൈവശാസ്ത്രപരമായ സാധുതയാണ് ഈ വിവാഹപ്രശ്നത്തിൽ അന്തർഭവിച്ചിരിക്കുന്നത്. വിവാഹംപോലെതന്നെ മറ്റൊരു കൂദാശയാണല്ലോ തിരുപ്പട്ടം.വിവാഹത്തിൽ പുരുഷനും

> ക്നാനായക്കാർ വർഗ്ഗശുദ്ധി പാലിക്കുന്നതിനാഗ്രഹിക്കുന്നെങ്കിൽ അങ്ങനെ സാമൂഹികമായി പ്രവർത്തിക്കുന്നതിന് അവർക്കവകാശമുണ്ട്. എന്നാൽ കോട്ടയം രൂപതയിലെ വിവാഹപ്രശ്നം കൈചൂണ്ടുന്നത്, ക്നാനായക്കാരുടെ രക്തശുദ്ധി പരിരക്ഷിക്കുന്നതിനുവേണ്ടി വിവാഹമെന്ന കൂദാശയെയും സഭയുടെ ആദ്ധ്യാത്മികാധികാരത്തെയും ദുരുപയോഗിക്കാമോ എന്നതാണ്.

സ്ത്രീയുംതമ്മിൽ കൗദാശികമായി ബന്ധിക്കപ്പെട്ട് സഭയിൽ ഏക ശരീരമായിത്തീരുന്നു. തിരുപ്പട്ടത്തിലും ഒരു പുരോഹിതൻ മെത്രാന്റെയടുക്കൽ വിശ്വാസപ്രഖ്യാപനവും അനുസരണവും വ്രതവാഗ്ദാനം ചെയ്ത് സഭാശരീരത്തിന്റെ ശുശ്രൂഷകനെന്ന കൂദാശ സ്വീകരിക്കുന്നു. മാക്കീൽ മെത്രാൻ അദ്ദേഹത്തിന്റെ പൗരോഹിത്യ കൂദാശ സ്വീകരിച്ചത് ലത്തീൻകാരനായ മെത്രാനിൽനിന്നായിരുന്നു. അദ്ദേഹം ലത്തീൻ മെത്രാനായിരുന്ന മർസലീനോസിന്റെ സെക്രട്ടറിയായിരുന്നു. സുറിയാനി ക്രിസ്ത്യാനികൾ, തെക്കുംഭാഗരും വടക്കുംഭാഗരും, ഒരുമിച്ചുനിന്ന് പാരമ്പര്യസംരക്ഷണാർത്ഥം സ്വയംഭരണസമ്പ്രദായത്തിനുവേണ്ടി ത്യാഗപൂർവ്വം പരിശ്രമിച്ചിരുന്ന കാലഘട്ടത്തിലാണ്, സ്വയംഭരണപ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ എതിരാളിയായിരുന്ന മർസലീനോസ് മെത്രാന്റെ സെക്രട്ടറിയായി അദ്ദേഹം പ്രവർത്തിച്ചത്. ലത്തീൻ സെമിനാരിയിൽ അദ്ദേഹം ജോലിയും നോക്കി.

അൽമായനു കൂദാശ നൽകുമ്പോൾ മാത്രം ഈ തെക്കുംഭാഗ-വടക്കുംഭാഗ വിഭജനം പൊക്കിപ്പിടിക്കുന്നതിന്റെ അന്തസ്സാരശൂന്യത ഏപ്രിൽ ലക്കം ഓശാനയിൽ സൂചിപ്പിച്ചിരുന്നു. ക്നാനായ രൂപത സ്ഥാപിച്ചത് തെക്കുംഭാഗരുടെ പ്രത്യേകമായ ആദ്ധ്യാത്മികശുശ്രൂഷയ്ക്കു മാത്രമല്ല, അവരുടെ വർഗ്ഗശുദ്ധിയുംകൂടി പരിരക്ഷിക്കുന്നതിനുവേണ്ടിയാണെന്ന് മാർപ്പാപ്പാ പ്രഖ്യാപിച്ചിട്ടില്ല. ഈ പ്രശ്നത്തിൽ അന്തർഭവിച്ചിരിക്കുന്ന കാതലായ പ്രശ്നവും അതുതന്നെയാണ്. ഇന്ന് കോട്ടയം മെത്രാൻ കുന്നശ്ശേരിക്കു ചെയ്യാവുന്ന ഏറ്റവും നല്ല കൃത്യം, റോമിലേക്കെഴുതി 10-ാം പീയൂസ് മാർപ്പാപ്പായുടെ കല്പനയ്ക്ക് ഒരു വിശദീകരണം തേടുകയാണ്. ക്നാനായക്കാരുടെ രക്തസംശുദ്ധിയെ പരിരക്ഷിക്കുന്നതിനുംകൂടി വേണ്ടിയാണ് ഈ രൂപത സ്ഥാപിച്ചതെന്ന് മാർപ്പാപ്പയിൽനിന്ന് വ്യക്തമായൊരു കല്പന നേടിയെടുക്കാൻ അദ്ദേഹം പരിശ്രമിക്കണം.

കോട്ടയം രൂപതാസ്ഥാപനത്തിന്റെ അടിയന്തിരകാരണം സഭാബാഹ്യമായ ചില സംഭവങ്ങളായിരുന്നു. ആ സംഭവങ്ങൾകൂടി കണക്കിലെടുത്തെങ്കിൽ മാത്രമേ, കോട്ടയം രൂപതയുടെ സ്ഥാപനത്തിൽ റോമിനുണ്ടായിരുന്ന ലക്ഷ്യം മനസ്സിലാക്കാൻ കഴിയൂ.

കൂനൻ കുരിശിനുശേഷം ഇവിടുത്തെ സുറിയാനിക്രിസ്ത്യാനികൾ രണ്ടായി പിരിഞ്ഞു; യാക്കോബായക്കാരും കത്തോലിക്കരും. ഇതിൽ കത്തോലിക്കാവിഭാഗം വിദേശ മെത്രാന്മാരുടെ കീഴിലും യാക്കോബായ വിഭാഗം സ്വദേശീയ മെത്രാന്മാരുടെ കീഴിലും ഭരിക്കപ്പെട്ടുപോന്നു. വിദേശമെത്രാന്മാരോടുള്ള എതിർപ്പിന്റെ ഫലമായി കഴിഞ്ഞ നൂറ്റാണ്ടിൽ സഭയ്ക്കുള്ളിൽ ഛിദ്രങ്ങളുണ്ടായി. റോക്കോസിന്റെയും മേലൂസിന്റെയും ആമഗനം കത്തോലിക്കാസഭയുടെ അംഗസംഖ്യ കുറയ്ക്കാനും ഛിദ്രത്തിനുമിടയാക്കി. ഇതിനെ ഗൗരവപൂർവ്വം കണക്കിലെടുത്ത് ആഭ്യന്തര അട്ടിമറിയെ തന്ത്രപൂർവ്വം ചെറുക്കാനാണ് നാട്ടുമെത്രാന്മാരായ മാർ മാക്കീലിനെയും മാർ പഴയപറമ്പിലിനെയും മാർ മേനാച്ചേരിയെയും നിയമിച്ചത്. ഇവർ മൂവരും അധികാരസഭയുടെ ഇഷ്ടഭാജനങ്ങളുമായിരുന്നു. (മാർ മാത്യു മാക്കീൽ ലത്തീൻകാരനായ മർസമീനോസ് മെത്രാന്റെ സെക്രട്ടറിയായി പ്രശസ്ത സേവനം അനുഷ്ഠിച്ചു. മാർ ലൂയീസ് പഴയപറമ്പിൽ ലെവീഞ്ഞ് മെത്രന്റെ പാദദാസനുമായിരുന്നല്ലോ).

"....കലർപ്പില്ലാ രക്തവാദി'കളായ ഇവരിൽ (തെക്കുംഭാഗരിൽ) 16-ാം നൂറ്റാണ്ടിൽ എന്തുമാത്രം പറങ്കിരക്തം കലർന്നു എന്നതിനു കണക്കില്ല. 17-ാം നൂറ്റാണ്ടിൽ ഇവർ നായർ സ്ത്രീകളെ വിവാഹം ചെയ്തിരുന്നതായി മോൺ സ്റ്റെറാറ്റ് എന്ന ഈശോസഭാ വൈദികൻ സാക്ഷ്യംവഹിച്ചിരിക്കുന്നു...." (1944-ൽ പ്രിസിദ്ധീകൃതമായ ശ്രീ ജോസഫ് കൂർമ്മാങ്കലിന്റെ 'തെക്കുംഭാഗരും വടക്കും ഭാഗരും' എന്ന ഗ്രന്ഥത്തിൽ നിന്ന് - പേജ്, 148).

അതീവതന്ത്രജ്ഞനായ ഭരണാധികാരിയായിരുന്നു ലവീഞ്ഞ്. വിഭജിച്ചു ഭരിക്കുക എന്ന തന്ത്രം നന്നായി അറിയാമായിരുന്ന ലവീഞ്ഞ് മാർ മാത്യു മാക്കീലിനെ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനാക്കിയത് സുറിയാനിക്കാരെ വികാരപരമായി രണ്ടായി വിഭജിക്കുന്നതിനുവേണ്ടിയായിരുന്നു. മാത്യു മാക്കീൽ തെക്കുംഭാഗക്കാരനായതുകൊണ്ടല്ല ചങ്ങനാശ്ശേരി രൂപതയിൽ അദ്ദേഹത്തിന്റെ നിയമനത്തിനെതിരെ എതിർപ്പുണ്ടായത്. മറിച്ച്, ഇവിടുത്തെ സുറിയാനിക്കാർ സ്വയംഭരണത്തിനുവേണ്ടി തീവ്രമായി ത്യാഗപൂർവ്വം വാദിച്ചിരുന്ന അവസരത്തിൽ ഇതിൽ നിന്നെല്ലാം മാറി ലത്തീൻ മെത്രാന് പാദസേവ ചെയ്ത ഒരാളെ തങ്ങൾക്കു മെത്രാനായി നിയമിച്ചതായിരുന്നു എതിർപ്പിനു കാരണം. ഈ താത്വികമായ എതിർപ്പിനെ വർഗ്ഗീയമായ എതിർപ്പാക്കി മാറ്റേണ്ടത് സ്വന്തം നിലനിൽപ്പിന് മാക്കീൽ മെത്രാന്റെ ആവശ്യമായിരുന്നു.

കലക്കവെള്ളത്തിൽ മീൻ പിടിക്കുക എന്ന പൗരോഹിത്യതന്ത്രം ഈ അവസരത്തിൽ യാക്കോബായക്കാർ അവസരോചിതമായി നടപ്പിലാക്കി. 1910-ൽ അന്തിയോക്യാസഭ ക്നാനായക്കാർക്കുമാത്രമായി ഒരു രൂപത സ്ഥാപിച്ചു.

ഇതോടുകൂടി കത്തോലിക്കാസഭയിൽനിന്നും അന്തിയോക്യാ സഭയിലേക്ക് പുരോഹിതരും ജനങ്ങളും പ്രവഹിച്ചേക്കുമെന്ന ധാരണ റോമിലുണ്ടായി. ഇതിനെ ചെറുക്കുന്നതിനുവേണ്ടിയാണ് 1911-ൽ മാർപ്പാപ്പാ കോട്ടയം രൂപത സ്ഥാപിച്ചത്. ഈ രൂപതാസ്ഥാപനം തെക്കുംഭാഗരുടെ രക്തശുദ്ധി പാലിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണെന്നു സ്ഥാപിക്കാൻ യാതൊരു തെളിവുകളുമില്ല.

ലത്തീൻ രൂപതാമെത്രാനോട് വ്രതവും അനുസരണവും പ്രഖ്യാപിച്ച് ലത്തീൻ മെത്രാന്റെ സെക്രട്ടറിയായി പാദസേവചെയ്ത മാക്കീൽ മെത്രാൻ ലത്തീൻ പൗരോഹിത്യപാരമ്പര്യം സ്വീകരിച്ച ഒരു പുരോഹിതനായിരുന്നു. അദ്ദേഹത്തിന് തെക്കുംഭാഗം രൂപതയുടെ മെത്രാനാകാമെങ്കിൽ, തന്റെ മാതാമഹി ഒരു ലത്തീൻകാരിയായിരുന്നു എന്നതുകൊണ്ടു ക്നാനായ ഇടവകയുടെ അംഗത്വം ബിജു ഉതുപ്പിന് നിഷേധിക്കുന്നതിൽ എന്തു ന്യായീകരണമാണുള്ളത്? അച്ചനും മെത്രാനും ലത്തീനാകാം, ലത്തീൻകാരുടെ കൂടെപോകാം. അൽമായനുമാത്രം ഇതനുവദനീയമല്ലെന്ന പിടിവാശി കുറെ കടന്നകൈയല്ലേ?

"....പത്തോ മുപ്പതോ കുടുംബങ്ങൾ അനേകം നൂറ്റാണ്ടുകൾക്കുമുമ്പ് സിറിയയിൽ നിന്നുവന്ന് നമ്മുടെ ഇടയിൽ ലയിച്ചിട്ടുണ്ട്. ഇവിടെനിന്നും അറബിക്കടലിൽ അൻപതു മൈൽ ദൂരം പോയിട്ട് അവിടെ കാണുന്ന ജലം പെരിയാറ്റിലെ ജലമാണെന്നു പറഞ്ഞാൽ എത്രമാത്രം വാസ്തവമായിരിക്കുമോ, അത്രമാത്രമേ നാം സിറിയാക്കാരാണെന്നു പറയുന്നതിലും യാഥാർത്ഥ്യമുണ്ടായിരിക്കുകയുള്ളൂ. അറബിക്കടലിലെ മഹാജലസഞ്ചയത്തിൽ അണുപ്രമാണം പെരിയാറ്റിലെ ജലവും കാണും. ഈ രീതിയിൽ കേരളത്തിനു പുറത്തുനിന്നുമുള്ള അല്പമായ കലർച്ച മറ്റു പല ജനവിഭാവങ്ങളിലും കണ്ടേക്കാം." ('തെക്കുംഭാഗരും വടക്കും ഭാഗരും' എന്ന ഗ്രന്ഥത്തിൽ, ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മന്റേതായി കൊടുത്തിരിക്കുന്ന ഉദ്ധരണിയിൽ നിന്ന് - പേജ് 155).

ഇണ്ടംതുരുത്തിയുടെ ആത്മാവ്

വൈയ്ക്കം സത്യഗ്രഹസമരകാലത്ത് സവർണ്ണരൊഴിച്ചുള്ള ആർക്കും ക്ഷേത്രവഴിയിലൂടെ പോകാൻ അനുവാദമില്ലെന്ന് ശ്രുതികളും സ്മൃതികളും ഉദ്ധരിച്ച് വർഗ്ഗശുദ്ധിയുടെ ശാശ്വതീകരണത്തിനുവേണ്ടി ശക്തമായി വാദിച്ച ആളായിരുന്നു, ഇണ്ടംതുരുത്തി നമ്പൂതിരി. അദ്ദേഹത്തിൽ കുറച്ചു വിവരം വിതയ്ക്കാൻ ഇല്ലത്തെത്തിയ മഹാത്മാഗാന്ധിയെ ഇല്ലത്തു പ്രവേശിപ്പിച്ചാൽ തന്റെ വർഗ്ഗശുദ്ധി നഷ്ടപ്പെടും എന്നു വാദിച്ച് ഇല്ലത്തിനുമുമ്പിൽ ഒരു പുത്തൻ പടിപ്പുര നിർമ്മിച്ചാണ് അദ്ദേഹത്തെ സ്വീകരിച്ചത്.

ഇന്ന് ആ ഇണ്ടംതുരുത്തിമന കമ്മ്യൂണിസ്റ്റു പാർട്ടിയുടെയും ചെത്തുതൊഴിലാളികളുടെയും ഓഫീസാണെന്ന വസ്തുത നാം മറക്കരുത് !! 'മാറ്റുവിൻ ചട്ടങ്ങളെ' എന്ന മനുഷ്യത്വത്തിന്റെ ഗർജനം രക്തശുദ്ധിയുടെയും സവർണ്ണതയുടെയും കോട്ടക്കൊത്തളങ്ങളെ ഉഴുതുമറിച്ച ഈ ഭാരതത്തിൽ, "സഹോദരരേ, വിജാതീയർ എന്റെ അധരങ്ങളിൽ നിന്നു സുവിശേഷവചനം കേട്ടു വിശ്വസിക്കുന്നതിനുവേണ്ടി കുറേനാൾ മുമ്പ് ദൈവം നിങ്ങളുടെ ഇടയിൽനിന്ന് എന്നെ തിരഞ്ഞെടുത്തതായി നിങ്ങൾക്ക് അറിയാമല്ലോ. ഹൃദയങ്ങളെ അറിയുന്നവനായ ദൈവം, നമുക്കു നൽകിയപോലെ, പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് അവർക്കും സാക്ഷ്യം വഹിച്ചു. നമ്മളും അവരും തമ്മിൽ അവൻ ഒരു വ്യത്യാസവും കല്പിച്ചിട്ടില്ല. അവരുടെ ഹൃദയങ്ങളെ വിശ്വാസത്താൽ അവൻ ശുദ്ധീകരിച്ചതേയുള്ളൂ. ആയതിനാൽ, നമ്മുടെ പിതാക്കന്മാർക്കോ നമുക്കോ ചുമക്കാൻ കഴിയാതിരുന്ന ഒരു നുകം ഇപ്പോൾ ശിഷ്യരുടെ കഴുത്തിൽവച്ച് നിങ്ങൾ എന്തിനു ദൈവത്തെ പരീക്ഷിക്കുന്നു?" (അപ്പോ. പ്രവ. 15 : 7-10) എന്നു പ്രഘോഷിച്ച പത്രോസിന്റെ പടവിൽ ഈ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ, യേശുവിന്റെ പേരിൽ രക്തശുദ്ധിയുടെ മാളങ്ങൾ നിർമ്മിക്കാമെന്ന് വ്യാമോഹിക്കുന്നത് ഒരു കടുത്ത കൈയല്ലേ?

ഫോൺ: 9447196214

പ്രതികരണം

മെത്രാന്മാർ കാലത്തിന്റെ ചുവരെഴുത്ത് വായിക്കണം

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

ക്നാനായ ശുദ്ധരക്തപ്രശ്നവുമായി ബന്ധപ്പെട്ട എല്ലാ ലേഖനങ്ങളും 'സത്യജ്വാല' യിൽ വായിച്ചു. കോട്ടയം രൂപതയുടെ നടപടി തീർത്തും പ്രാകൃതമാണ്. ശുദ്ധരക്തവാദത്തെ അനുകൂലിക്കുന്നവർ 21-ാം നൂറ്റാണ്ടിൽ ജീവിക്കുവാൻ യോഗ്യരല്ല.

ക്രിസ്ത്യാനിയുടെ കിഡ്നി ഹിന്ദുവിനും മുസ്ലീമിന്റെ അവയവങ്ങൾ ഇതരമതാനുയായികൾക്കും മാറ്റിവെച്ചുകൊണ്ടിരിക്കുന്ന നൂതന കാലയളവിൽ ക്നാനായ ചിന്താഗതികൾ മാറ്റേണ്ടതായ കാലം കഴിഞ്ഞു. ക്നാനായ രോഗികൾക്ക്, ആശുപത്രികളിൽ ക്നാനായ രക്തം തന്നെ കയറ്റേണ്ടിവരുന്ന അവസ്ഥ എത്ര ദയനീയമായിരിക്കും! വിവരക്കേടുകൾ ഏതു മെത്രാനും പറയാം. എന്നാൽ, കാലത്തിന്റെ ചുവരെഴുത്ത് വായിക്കാതെ ശുദ്ധരക്തപ്രശ്നം ഉന്നയിക്കുന്നവർ മലയാളനാടിന്റെ ശാപമാണ്.

ഭരണഘടനയുടെ 16-ാം അനുച്ഛേദം അനുശാസിക്കുന്നതനുസരിച്ച് ജാതി, മതം, വർണ്ണം, ജന്മസ്ഥലം, പ്രായം, ലിംഗം ആദിയായവയുടെ അടിസ്ഥാനത്തിൽ വിവേചനം പാടില്ലായെന്ന സത്യം വെളിപ്പെടുത്തിയ അഡ്വ. ഇന്ദുലേഖാ ജോസഫിന്റെ അഭിപ്രായത്തോട് നൂറ് ശതമാനം യോജിക്കുന്നു. ക്രിസ്തുവിരുദ്ധ സമീപനങ്ങൾക്കെതിരെ പോരാടാനുള്ള ചങ്കൂറ്റം 'സത്യജ്വാല'യുടെ പ്രവർത്തകർക്ക് ജഗദീശ്വരൻ നല്കട്ടെ!

ഫോൺ: 0484- 2740515

ഒച്ചുകളുടെ ഉച്ചയുറക്കം കെടുത്തുന്ന ഒച്ചപ്പാടുകൾ

ഇപ്പൻ

[സ്ഥലപരിമിതിമൂലം ഈ ലേഖനം രണ്ടുഭാഗങ്ങളായാണു പ്രസിദ്ധീകരിക്കുന്നത്]

സുന്ദരിച്ചികളായ കത്തോലിക്കാപ്പിടച്ചികളെ കടകടശകടസാരഥികളായ ഈഴവപ്പൂങ്കോഴികൾ കൊത്തിക്കൊണ്ടുപോകുന്നു എന്ന മലയോരമതമേലധ്യക്ഷന്റെ മദനിർഭരമായ മഹാബദ്ധജല്പനം ശ്രവിച്ചു മതിഭ്രമം ബാധിച്ച കലഹകുതുകികളായ മതമശകമക്കുണാദികളിൽ നിന്നുത്ഭവിച്ച മർമ്മരധ്വനി സിംഹനാദമായും മേഘനിർഘോഷമായും ബ്രഹ്മാണ്ഡഭേദനചണ്ഡാരവമായും പരിണമിക്കാനുള്ള സാദ്ധ്യതയെ മുന്നിൽകണ്ട് വർഗ്ഗീയകലാപസംത്രസ്തരായ മാധ്യമമദഗജവൃന്ദങ്ങൾ വൃത്താന്ത ഗർജ്ജനങ്ങൾകൊണ്ട് മാവേലിനാടു മുഖ.രിതമാക്കിയപ്പോൾ, നഗരം കത്തിയെരിയവേ കിന്നരം വായിച്ച നരാധിപന്റെ നൃശംസതയോടെ, 'അപ്രസക്തമായ ഒരു ഒച്ചപ്പാട്' എന്ന ശീർഷകത്തിൽ, ജൂൺ 17-ാം തീയതിയിലെ കപ്യാർപത്രത്തിൽ, പൗവ്വത്തിൽ തിരുമേനീ....., അങ്ങെഴുതിയ മടയലേഖനമാണ് അടിയന്റെ ഈ കൈക്കുറ്റപ്പാടിന്റെ ഉത്ഭവപാപസങ്കേതം. അടിയനെപ്പോലുള്ളവർക്ക് തിരുമേനിയെപ്പോലുള്ളവരെ ആവർത്തിച്ചാവർത്തിച്ച് വാക്കുകളുടെ മുൾമുനകളിൽ നിർത്തി വിസ്തരിക്കാൻ തോന്നുന്നത്, ഗോലിയാത്തിനെ എറിഞ്ഞു മറികടന്ന ദാവീദിന്റെ ചരിത്രം ആവർത്തിച്ച്, ആവർ

ത്തിച്ചാവർത്തിച്ചു കോരിത്തരിക്കാനുള്ള ചരിത്ര ത്തിന്റെ ഫാസിസ്റ്റ്ദുർഗ്ഗർവ്വസംഹാരാർത്തി കൊണ്ടാവാം.

വെള്ളാപ്പള്ളി നടേശൻ മെത്രാൻമാർ വീഞ്ഞുവാറ്റുകേന്ദ്രങ്ങൾ നടത്തുന്നു എന്നാരോ പിച്ചപ്പോൾ അതു പകുതി കാര്യവും പകുതി തമാശയുമാണെന്നേ അടിയൻ കരുതിയുള്ളൂ. ഇടുക്കി ബിഷപ്സ് ഹൗസിൽ ആനിക്കാവിളയിട്ടു ചാരായവും വാറ്റുന്നുണ്ടെന്ന് അടിയനു തീർച്ച യായി. കൊച്ചുവെളുപ്പാൻ കാലത്തു നമ്മുടെ ഇടയന്മാർ ചായയ്ക്കു പകരം ചാരായമാണോ മോന്തുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇടയന്മാർ രാവിലെ കുർബ്ബാന ചൊല്ലുന്നതി നിടയിൽ ഊതിച്ചു നോക്കാനുള്ള ഏർപ്പാടുണ്ടാ ക്കണമെന്ന് ഫ്രാൻസീസ് മാർപ്പാപ്പയോട് അടിയൻ വിനീതമായി അപേക്ഷിക്കുകയും ചെയ്യുന്നു. വാഹനാപകടങ്ങളെക്കാൾ എത്രയോ മടങ്ങു ഭയാനകമാണ് വർഗ്ഗീയകലാപദുരന്ത ങ്ങൾ! കാഞ്ഞിരപ്പള്ളി പാസ്റ്ററൽ കൗൺസിൽ യോഗത്തിൽനിന്നാണ് ഒച്ച ആദ്യം മുഴങ്ങിയത്. അതിനു ചാരായത്തിന്റെ നാറ്റവും ദുരധികാര ത്തിന്റെ ധാർഷ്ട്യവും ഉണ്ടായിരുന്നു. ഒരു ഗർദ്ദഭബുദ്ധിയിൽ നിന്നും ഛർദ്ദിക്കപ്പെട്ട സാമുദാ യിക വൈരകാരിയായ കാളകൂടത്തിന്റെ ഭൂസ്പർ ശദുരന്തം അത്യാസന്നമായ സാഹചര്യത്തിൽ ഗത്യന്തരമില്ലാതെ മെത്രാൻസമിതിക്കുതന്നെ അതു കൈക്കുമ്പിളിലാക്കി ആചമിക്കേണ്ടിവന്നു. ഛർദ്ദിത്തളർച്ചയിലോ കേരളം കൂവിയിരുത്തിയ സാഹചര്യത്തിലോ വൃദ്ധവാസുകിക്കും പത്തി താഴ്ത്തി ചുരുളേണ്ടിവന്നു. ഉദരോന്മുഖമായി പ്രവഹിച്ച കാളകൂടത്തെ നീലകണ്ഠകണ്ഠ സ്ഥമാക്കിയ പാർവ്വതീധർമ്മാനുഷ്ഠാനമായിരുന്നു അങ്ങയുടെ ദീപികയിലെ തൃക്കൈവിളയാട്ടം. എന്തായാലും കേരളം പുകയുന്ന നേരത്ത്, ഇങ്ങനെയൊരു തിരുവെഴുത്തെഴുതിയ അങ്ങ് ചാരായം മോന്തിയ കുരങ്ങന്റെ വാലിൽ കുത്തിയ തേളിന്റെ റോളാണ് അഭിനയിച്ചത്. ഈനാം ചാത്തിയെ ആപത്തുകാലത്തുപേക്ഷിക്കാത്ത മരപ്പട്ടിയുടെ ജീവകാരുണ്യബോധമെങ്കിലും അങ്ങയെപ്പോലുള്ളവർ യേശുവിൽനിന്നു പഠി ച്ചല്ലോ!

ഞെട്ടിക്കുന്ന രാഷ്ട്രീയവാർത്തകൾ കുറവായതുകൊണ്ടാണ് മാധ്യമങ്ങൾ മതമേല ധ്യക്ഷന്മാരുടെ ഇത്തരം നാക്കുളുക്കലുകളെ വിവാദമാക്കുന്നതെന്ന് അങ്ങു നിരീക്ഷിക്കുന്നു. അടിയന്റെ കുഞ്ഞുന്നാളിൽ ഒരു മെത്രാൻ സ്ഥാനാരോഹണം ചെയ്യുമ്പോൾ ഒരു ഡസനിൽ കുറയാത്ത സപ്ലിമെന്റ് പേജുകൾ എല്ലാ പത്രങ്ങളും സ്വന്തം ചെലവിൽ ഇറക്കുമായിരുന്നു. മെത്രാനു ചെറുപ്പത്തിൽ വരട്ടുചൊറി വന്നതും അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ യൂദാ ശ്ലീഹായുടെ മധ്യസ്ഥതയാൽ സുഖപ്പെട്ടത് അമ്മ അനുസ്മരിക്കുന്നതും, പിത്തശൂല പിടിച്ചപ്പോൾ മരുന്നിനു മൂന്നിടങ്ങഴി മുലപ്പാൽ തിരക്കി നാനാജാതി മതസ്ഥരുടെ വീടുകളിൽ അലഞ്ഞുനടന്ന കഥ കൂട്ടുകാർ വിസ്തരി ക്കുന്നതും ഒക്കെ ബോക്സ് വാർത്തകളായി രുന്നു. എന്നാൽ കഥാപുരുഷന് എസ്.എസ്. എൽ.സിക്ക് മോഡറേഷൻ ഉൾപ്പെടെ 210 മാർക്കേ കിട്ടിയുള്ളു എന്ന കാര്യം അവർ തമസ്കരിക്കുകയും ചെയ്യും. ഇന്നിത്രയു മൊക്കെ പ്രാധാന്യം കൊടുത്താൽ മനുഷ്യർ പത്രം നിറുത്തുമെന്ന് പത്രക്കാർക്കറിയാം. തൊപ്പിക്കച്ചവടക്കാരനും കുരങ്ങന്മാരും എന്ന ചിത്രകഥയിലെ മൂത്തകുരങ്ങന്റെ മോഷ്ടിച്ച തൊപ്പിയിലേക്കു നോക്കുന്നതുപോലെ പുച്ഛ ത്തോടെയാണ് ഇന്നു മനുഷ്യർ മെത്രാന്മാരുടെ മുതലവായൻ തൊപ്പിയിലേക്കു നോക്കുന്ന തെന്നും അവർക്കറിയാം. അതുകൊണ്ട് ഫ്രാൻസീസ് മാർപ്പാപ്പായുടെ ആശീർവ്വാദ ത്തോടെ മാധ്യമങ്ങൾ മതവിമർശനത്തിന്റെ മഹിതപാതയിലേക്കു കടന്നിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യവൃക്ഷം ജാതിമതങ്ങളുടെ ജീർ ണ്ണിച്ച കമ്പോസ്റ്റുകുഴിയിലാണ് വേരോടി നിൽക്കുന്നത്. രാഷ്ട്രീയം മൂല്യാധിഷ്ഠി തമാകണമെങ്കിൽ മതങ്ങൾ വ്യാജആത്മീ യതയിൽ നിന്നു സ്വതന്ത്രമാവണമെന്ന് മാധ്യമ ങ്ങൾ തിരിച്ചറിഞ്ഞുതുടങ്ങിയിരിക്കുന്നു. അതുകൊണ്ട്, മതവിമർശനത്തിനൊരുമ്പെടുന്ന മാധ്യമപ്രവർത്തകരെ ലില്ലിപ്പൂക്കളും ശോശന്ന പുഷ്പങ്ങളും ഒലിവുതലപ്പുകളും വിതറിയ വീഥിയിലൂടെ വിശ്വാസികൾ വരവേൽക്കണം. മുന്തിരിപ്പന്തലുകളിൽനിന്നുള്ള ശീതളസാന്ത്വനം മതഭ്രാന്തോഷ്ണകിരണങ്ങളിൽനിന്ന് ആ സാധുക്കൾക്ക് ഒരുക്കിക്കൊടുക്കുകയും വേണം.

ഇടവകകളിൽനിന്നു ദൈവവിളി കിട്ടിയ സുവർണ്ണദേവദൂതന്മാർമാത്രമുൾപ്പെടുന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ മാധ്യമ മാർജ്ജാരന്മാർക്കെന്തു കാര്യം എന്നു ക്ഷോഭി ക്കുന്ന തിരുമേനി അങ്ങാടിയിൽ തോറ്റതിന് അമ്മയോടു കലഹിക്കുന്ന ചിത്താന്തം പിടിച്ച മുഠാളൻകുട്ടിയെ ഓർമ്മിപ്പിക്കുന്നു. മനോരമ ചാനലിലെ മാധ്യമ മാർജ്ജാരികൾ മലയോരമതമേലധ്യക്ഷമൂഷികനെ നഖരപാ ദങ്ങൾക്കൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും തട്ടിക്ക ളിച്ചത് അങ്ങയെ ഒട്ടൊന്നുമല്ല പ്രകോപിപ്പിച്ചത്. പ്രസക്തി തീർന്നുകഴിഞ്ഞാൽ അങ്ങയെപ്പോ ലുള്ളവരെ കറിവേപ്പിലപോലെ ആദ്യം എടുത്തെ റിയുന്നതു മനോരമയായിരിക്കും. അങ്ങയെ പ്പോലുള്ളവർക്ക് പുരാവസ്തു പദവിയെങ്കിലും തരുവാൻ 'ഓശാന'യും 'സത്യജ്വാല'യുമേ കാണൂ. (തുടരും)

ഫോൺ: 9446561252

‘ഇടുക്കി രൂപതാമെത്രാൻ
ഉടൻ രാജിവയ്ക്കണം’ – കെ. സി. ആർ. എം.

കത്തോലിക്കായുവതികൾ എസ്സ്. എൻ. ഡി പി, ഇസ്ലാം മതവിഭാഗങ്ങളിലെ യുവാക്കളെയും ഓട്ടോറിക്ഷാക്കാരെയും വിവാഹംകഴിക്കുന്നതിനു കാരണം, മാതാപിതാക്കൾ ദുരുദ്ദേശ്യത്തോടെ മക്കൾക്കു ജന്മം നൽകുന്നതും തോന്ന്യാസം വളർത്തുന്നതുമാണെന്ന ഇടുക്കി രൂപതാമെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ വർഗ്ഗീയവിഷം ചീറ്റുന്ന പ്രസ്താവന അപലപനീയമാണ്. ഉത്തരവാദപ്പെട്ട സ്ഥാനത്തിരുന്നുകൊണ്ട് വർഗ്ഗീയവിഷം വമിക്കുന്ന ഇത്തരം പ്രസ്താവനകൾ ആരു നടത്തിയാലും സമൂഹത്തിന് അത് അത്യാപത്താണ്. അതുകൊണ്ട് ഈ പ്രസ്താവന പിൻവലിച്ച് ഇടുക്കി ബിഷപ്പ് ക്രൈസ്തവസമൂഹത്തോടും പൊതുസമൂഹത്തോടും മാപ്പു പറയണം. ക്രിസ്തീയതയ്ക്കു നിരക്കാത്ത അദ്ദേഹത്തിന്റെ പ്രസ്താവന അർഹിക്കുന്ന അവജ്ഞയോടെ സമൂഹം തള്ളിക്കളയേണ്ടതാണ്.

മാതാപിതാക്കളെയും പുതുതലമുറയെയും അപമാനിക്കുന്നതാണ് മെത്രാന്റെ പ്രസ്താവന. മാന്യമായി ഓട്ടോറിക്ഷാ ഓടിച്ചു ജീവിക്കുന്നവർ നികൃഷ്ടരാണെന്ന പ്രസ്താവന ഉടൻ പിൻവലിച്ചു മാപ്പുപറയണം. ഓട്ടോറിക്ഷാ ഓടിച്ചും അതുപോലുള്ള മറ്റു തൊഴിലുകൾ ചെയ്തും ജീവിക്കുന്നവരുടെ വിയർപ്പിന്റെ വിലയും പിൻതുണയുമാണ് മെത്രാന്റെ ശക്തിയും ആഹാരവും ആഡംബരജീവിതവുമെന്നു മറക്കരുത്. വിശ്വാസികളില്ലങ്കിൽ ഒരു മെത്രാന് എന്തുവിലയാണുള്ളതെന്നു ചിന്തിക്കുന്നത് ഉചിതമായിരിക്കും.

‘ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്’ എന്ന സന്ദേശമാണ് ശ്രീനാരായണഗുരുദേവൻ ലോകത്തിനു നൽകിയത് . ഒട്ടു മിക്ക എസ്സ്. എൻ. ഡി. പി കുടുംബങ്ങളിലും പ്രാത്ഥനാമുറിയിൽ യേശുനാഥന്റെ രൂപവും വച്ചിട്ടുണ്ട്. അവർ കത്തോലിക്കാപള്ളികളിൽ ധാരാളം നേർച്ച-കാഴ്ചകളും നൽകാറുണ്ട്. ഇതിന്റെയൊന്നും മൂല്യം മെത്രാൻ മനസ്സിലാക്കുന്നില്ല. പണം ലഭിക്കുമ്പോൾമാത്രം ഈ തൊട്ടുകൂടായ്മ ഇല്ലാത്തതെന്ത്?

വിദേശത്തുനിന്നു ക്രിസ്തീയമിഷനറിമാർ വന്നപ്പോൾ ഇന്ത്യയിൽ ഹൈന്ദവ വിശ്വാസികളായിരുന്നില്ലേ ഉണ്ടായിരുന്നത്? അവരുടെ സർവ്വമത സമഭാവനയും സഹിഷ്ണുതയുംകൊണ്ടല്ലേ ഇവിടെ ക്രിസ്തുമതം പ്രചരിച്ചത്? ഹൈന്ദവർതന്നെയല്ലേ ഇന്നത്തെ ക്രിസ്ത്യാനികൾ എന്നു ചോദിച്ചാൽ അല്ലായെന്നു പറയുവാൻ കഴിയുമോ? വിദേശത്തുനിന്നു വന്നവരെന്നവകാശപ്പെടുന്ന ക്നാനായ കത്തോലിക്കർ ഇവിടുത്തെ നസ്രാണി കത്തോലിക്കരിൽനിന്നും ഒരാളെ വിവാഹംകഴിച്ചാൽ അവർ പള്ളിക്കു പുറത്താക്കപ്പെടുന്നു. കേരള നസ്രാണികളെ ജാതീയമായി അവഹേളിക്കുന്ന ഈ ദുരാചാരത്തെ തടയാൻപോലും കഴിയാത്തവർ ഇങ്ങനെ പറയുന്നത് ലജ്ജാകരമല്ലേ?

ആദ്യം സ്വന്തം തട്ടകം നന്നാക്കിയിട്ടുപോരേ മറ്റുള്ളവരെ നന്നാക്കുവാൻ? ഭാരതം ഒരു മതത്തിന്റെയോ ഭാഷക്കാരുടെയോ മാത്രമായിട്ടുള്ളതല്ല, എല്ലാ മത-രാഷ്ട്രീയ-ഭാഷാവിഭാഗങ്ങളും സാഹോദര്യത്തോടെ കഴിഞ്ഞുവരുന്ന നാടാണ്. ആരുടെ ഭാഗത്തുനിന്ന് വർഗ്ഗീയവിഷം ചീറ്റിയാലും അത് അവിടെ എതിർക്കപ്പെടേണ്ടതാണ്.

കഴിഞ്ഞ കാലഘട്ടങ്ങളിൽ ക്രിസ്ത്യാനികൾ മറ്റു മതവിഭഗങ്ങളിൽപ്പെട്ടവരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. നമുക്കിതു തിരിച്ചു കിട്ടുകയും ചെയ്തിരുന്നു. ഇടുക്കി മെത്രാനെപ്പോലുള്ള സഭാധികൃതരുടെ ഇത്തരം പ്രസ്താവനകൾ, കത്തോലിക്കർ മറ്റു സമുദായങ്ങളിൽനിന്ന് ഒറ്റപ്പെടുന്നതിനും അപമാനിക്കപ്പെടുന്നതിനും മാത്രമേ ഉപകരിക്കൂ എന്ന സത്യം തിരിച്ചറിയണം

ഇടുക്കി രൂപതാമെത്രാൻ ക്രിസ്തുനാഥനെതിരാണോയെന്ന് വ്യക്തമാക്കണം. ‘നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുവിൻ’ എന്ന സന്ദേശമാണ് യേശു തന്നത്. ജനങ്ങളെ ജാതിതിരിക്കുവാനും സ്നേഹിക്കുന്നവരെ വേർപെടുത്തുവാനും യേശു എവിടെയാണ് പറഞ്ഞിരിക്കുന്നത്? ചരിത്രപരമായി പരിശോധിച്ചാൽ ക്രിസ്ത്യൻ മതവും ഇസ്ലാംമതവും ഒരേ ഗോത്രത്തിൽനിന്നുള്ളവയാണെന്നു കാണുവാൻ കഴിയും. ദൈവനാമത്തിൽ പ്രവർത്തിക്കുന്ന ഒരുവൻ വിവേകമതിയായിരിക്കണമെന്ന് വി. വചനം പറയുന്നു.

കൂദാശക്കച്ചവടം നിരോധിക്കണം

(ആൾ ഇന്ത്യാ കാത്തലിക് അസ്സോസിയേഷൻ, പാലക്കാട്)

കത്തോലിക്കാപുരോഹിതർ കൂദാശകൾക്കും മറ്റ് അനുഷ്ഠാനകർമ്മങ്ങൾക്കും വിലവിവരപ്പട്ടിക വച്ച് ഇന്ന് പണസമ്പാദനം നടത്തുകയാണ്. ഇതൊക്കെ ദൈവജനത്തിന് ക്ഷമിക്കാനാകാത്ത വൈദികപാപങ്ങളാണെന്ന് സഭയുടെ പരമാദ്ധ്യക്ഷനായ ഫ്രാൻസീസ് മാർപ്പാപ്പാ നവംബർ 21-ന് വത്തിക്കാനിലെ ഒരു ദേവാലയസമർപ്പണസമയത്ത് പരസ്യമായി പ്രഖ്യാപിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ, നമ്മുടെയൊക്കെ ബന്ധുമിത്രാദികളെ ശുദ്ധീകരണസ്ഥലത്തിലെ വെന്തുനീറുന്ന തീച്ചൂളയിൽനിന്ന് കാലാവധിക്കുമുൻപേ സ്വർഗ്ഗീയസൗഭാഗ്യത്തിലേക്കു പ്രവേശിപ്പിക്കുന്നതിന് ഇവിടുത്തെ പള്ളീലച്ചന്മാർക്ക് പറഞ്ഞുബോധിച്ച പണംകൊടുത്ത് പൂജാദികർമ്മങ്ങൾ നടത്തിയാൽമതിയെന്നൊക്കെയുള്ള അക്രൈസ്തവ വിശ്വാസപ്രമാണങ്ങൾ സഭ തിരുത്തിക്കുറിക്കേണ്ടതാണ്.

ആയതുകൊണ്ട്, മാർപ്പാപ്പായുടെ മേൽപ്പറഞ്ഞ പ്രഖ്യാപനത്തിന്റെ ചൈതന്യമുൾക്കൊണ്ട്, സീറോ-മലബാർ സഭയിൽ കൂദാശകളുമായി ബന്ധപ്പെട്ട് ഇന്നു നടന്നുവരുന്ന വൈദികപാപങ്ങൾ, ഇടയലേഖനത്തിലൂടെ ആധികാരികമായി നിരോധിക്കണമെന്ന് 'ആൾ ഇന്ത്യാ കാത്തലിക് അസ്സോസിയേഷൻ' (AICA) മേജർ ആർച്ചുബിഷപ് കർദ്ദിനാൾ ആലഞ്ചേരിയോടും അദ്ദേഹം വഴി സീറോ-മലബാർ മെത്രാൻ സമിതിയോടും ആവശ്യപ്പെടുന്നു. അതിന്റെ ഭാഗമായി കുർബാനയുടെയും മറ്റും ഫീസുവിവരങ്ങൾ എഴുതിവച്ചിരിക്കുന്ന ബോർഡുകൾ ഉടൻ നീക്കംചെയ്യണമെന്ന് എല്ലാ ഇടവകകൾക്കും നിർദ്ദേശംനൽകണമെന്നും ഞങ്ങൾ താല്പര്യപ്പെടുന്നു.

2015 മെയ് 21-നു പാലക്കാട്ടു വച്ചു കൂടിയ 'ആൾ ഇന്ത്യാ കാത്തലിക് അസ്സോസിയേഷ'ന്റെ യോഗത്തിന് അസ്സോസിയേഷൻ പ്രസിഡന്റ് ശ്രീ. റ്റി.റ്റി. മാത്യു തകടിയേൽ അദ്ധ്യക്ഷത വഹിക്കുകയും, വർക്കിങ്ങ് പ്രസിഡന്റ് ഡോ. കെ.ജെ. സെബാസ്റ്റ്യൻ, ജന. സെക്രട്ടറി ശ്രീ ജോഷി ആന്റണി, ട്രഷറർ, ശ്രീ ജോസഫ് ഫെൻസർ, സർവ്വശ്രീ ജോസ് പുളിക്കക്കുന്നേൽ, ജോസുകുട്ടി വലിയപുത്തൻപുരയിൽ, ജോസ് തോമസ് തകടിയേൽ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

- കേരള സഭയിൽ അടിയന്തിരമായ വരുത്തേണ്ട ഒരു മാറ്റത്തിലേക്കാണ് AICA കൈ ചൂണ്ടിയിരിക്കുന്നത്. ഇതു സംബന്ധിച്ച് മാർപ്പാപ്പായുടെ പ്രസ്താവന വന്നപ്പോൾത്തന്നെ മെത്രാൻ സമിതികൾ ഈ വൈദികപാപത്തിന്റെ സാഹചര്യങ്ങൾ ഒഴിവാക്കാനാവശ്യമായ നിർദ്ദേശങ്ങളും കല്പനകളും പുറപ്പെടുവിക്കേണ്ടതായിരുന്നു. നമ്മുടെ മെത്രന്മാരിൽനിന്ന് അങ്ങനെയൊരു നീക്കമുണ്ടായില്ല എന്നതു മാർപ്പാപ്പായെ അനുസരിക്കാനുള്ള അവരുടെ താല്പര്യമില്ലായ്മയെയാണ് സൂചിപ്പിക്കുന്നത്. അതു പ്രതിഷേധാർഹമാണ്. മാർപ്പാപ്പായെ അനുസരിക്കാൻ മെത്രാന്മാരോട് വിശ്വാസികൾ ആവശ്യപ്പെടേണ്ട സാഹചര്യമുണ്ടായിരിക്കുന്നു എന്നതു വിചിത്രംതന്നെ.

യേശുവിന്റെ സന്ദേശം സ്വീകരിക്കാതിരുന്ന പാശ്ചാത്യ ക്രിസ്ത്യൻ രാജ്യങ്ങളിലെ പള്ളികളിൽ തിങ്ങിനിറഞ്ഞിരുന്ന ജനങ്ങൾ ഇന്ന് എവിടെയാണ്? കൊട്ടാരസമാനമായ ഭൂരിപക്ഷം പള്ളികളും എന്തുകൊണ്ടാണ് വിൽക്കുവാനിടയായതെന്നും, ഉള്ള പള്ളികളിൽ നാലോ അഞ്ചോ ആളുകളിൽക്കൂടുതൽ എത്താത്തതെന്തെന്നും ഓർക്കുന്നത് നല്ലതാണ്.

യേശുവിനെയും ഫ്രാൻസീസ് മാർപ്പാപ്പായെയും ധിക്കരിച്ചു മുന്നോട്ടുപോകുന്ന ഇടുക്കി രൂപതാമെത്രാൻ മാർ മാത്യൂ ആനിക്കുഴിക്കാട്ടിൽ ഉടൻ തൽസ്ഥാനം രാജിവയ്ക്കണമെന്ന് 'കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം' (KCRM) ആവശ്യപ്പെടുന്നു. പരസ്പരം ഇഷ്ടപ്പെടുകയും അവരുടെ മാതാപിതാക്കൾക്കും വേണ്ടപ്പെട്ടവർക്കും എതിർപ്പില്ലാതിരിക്കുകയും ചെയ്യുന്നപക്ഷം, അവരുടെ വിവാഹത്തിന് KCRM സംഘടന പൂർണ്ണ പിൻതുണ നൽകുന്നതാണെന്ന് അറിയിക്കുകയും ചെയ്യുന്നു.

റെജി ഞള്ളാനി
(KCRM സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി)
ഫോൺ: 9447105070

വടികൊടുത്ത് അടി വാങ്ങുന്ന അഭിവന്ദ്യന്മാർ

ജയിംസ് ഐസക്, കുടമാളൂർ

കത്തോലിക്കരായ മാതാപിതാക്കൾ മക്കളെ പഠിപ്പിക്കുന്നതു കത്തോലിക്കാ സ്കൂളുകളിൽമാത്രം ആയിരിക്കണമെന്നാണു മാർ പൗവ്വത്തിൽ അഭിപ്രായപ്പെട്ടത്.

ഏഷ്യാനെറ്റ് ചാനലിൽ കണ്ട ദൃശ്യം വലിയ കുണ്ഠിതം ഉളവാക്കി. ഇടുക്കി ബിഷപ്പിന്റെ വലിയ ചിത്രത്തിൽ ചെരുപ്പു തൂക്കിക്കൊണ്ടു എസ്.എൻ.ഡി.പി. പ്രവർത്തകർ നഗരവീഥിയിൽ പ്രതിഷേധപ്രകടനം നടത്തുന്നതായിരുന്നു ദൃശ്യം. ഏഷ്യാനെറ്റും മനോരമ ന്യൂസും ഈ വിഷയം സംബന്ധിച്ചു അവതരിപ്പിച്ച ചർച്ചയും കണ്ടു. മറ്റുചാനലുകളിലും ഈ വിഷയം വന്നുകാണും. മതസൗഹാർദ്ദതയ്ക്കു പേരുകേട്ട കേരളത്തിൽ ഈ സംഭവം കത്തോലിക്കാസമൂഹത്തിനു വലിയ അപമാനംതന്നെയാണു ഉളവാക്കിയത്.

ലൗജിഹാദിനു പ്രേരിപ്പിക്കുന്നവർ മുസ്ലീം തീവ്രവാദികളാണെന്ന് ഒരു പ്രചരണം ഉണ്ടായിരുന്നു. ഈ ആരോപണം ഉന്നയിച്ചതു ഹിന്ദു സംഘടനകളാണ്. ഒരു ഈഴവ യുവാവ് ഇടുക്കി ജില്ലയിലെ ഒരു ക്രിസ്ത്യൻ പെൺകുട്ടിയെ വിവാഹം ചെയ്തതായിരുന്നു ഇടുക്കി ബിഷപ്പ് സൂചിപ്പിച്ച പരാതിക്കു കാരണം. മൊബൈൽ ഫോൺ ഉപയോഗം വ്യാപകമായപ്പോൾ പ്രേമവിഹാഹങ്ങളുടെ എണ്ണം കൂടി. ഇതല്ലാതെ ബലപ്രയോഗമോ കൗശലമോ പ്രയോഗിച്ചു മതസമൂഹങ്ങൾ ജനസംഖ്യ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതായി സംശയിക്കാൻ ഒരു കാരണവുമില്ല. ഇടുക്കി ബിഷപ്പിന്റെ പരസ്യപ്രസ്താവന കേവലം ആലോചനാരഹിതമായ വിഡ്ഢിത്തംമാത്രമാണ്. സമൂഹത്തിൽ ഉന്നത സ്ഥാനവും ക്രിസ്തുവിന്റെ അപ്പസ്തോലൻ എന്ന പദവിയും വഹിക്കുന്ന ഒരു ക്രിസ്തീയ സഭാമേലദ്ധ്യക്ഷൻ തരം താഴ്ന്നതു കഷ്ടമായി.

ഇടുക്കി ബിഷപ്പ് മാർ ആനിക്കുഴിക്കാട്ടിൽ ഇതിനുമുമ്പും ജില്ലയിലെ കത്തോലിക്കാ സമൂഹത്തിനു നാണക്കേടുണ്ടാക്കിയിട്ടുണ്ട്. കേരളത്തിലെ പ്രക്ഷുബ്ധമായ രാഷ്ട്രീയത്തിൽ പിതാക്കന്മാർ പങ്കുവഹിക്കുന്നതു തന്നെ തെറ്റ്. കാരണം, ഭരണകക്ഷിയിലും പ്രതിപക്ഷത്തും വിവിധ മതാനുയായികൾ പ്രവർത്തിക്കുന്നു. നിരീശ്വരകമ്മ്യൂണിസ്റ്റ് പാർട്ടിയിൽ സജീവമായി നിൽക്കുന്നവർ പോലും ഞായറാഴ്ചകളിൽ പള്ളിയിൽ വന്നു കൂദാശകൾ സ്വീകരിക്കുന്ന കാഴ്ച കാണാം. ഇങ്ങനെയുള്ളവർക്കു കൂദാശകൾ മുടക്കാൻപോലും ഇന്നു സഭാധികാരികൾ ധൈര്യപ്പെടുന്നില്ല. വെറുതെ എന്തിനു കലഹത്തിനു കാരണമുണ്ടാക്കുന്നു? ബിഷപ്പിന്റെ അവസരവാദം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനു പരാജയവും മാർക്സിസ്റ്റ് നേതൃത്വമുള്ള ഇടതുമുന്നണിക്കു വിജയവുമായി.

റ്റി.വി. ചാനലിൽ നടന്ന ചർച്ചയിൽ ചങ്ങനാശ്ശേരിയുടെ മുൻ ആർച്ചു ബിഷപ്പിന്റെ ഒരു ആഹ്വാനവും ചർച്ചയ്ക്കു വിധേയമായി. കത്തോലിക്കരായ മാതാപിതാക്കൾ മക്കളെ പഠിപ്പിക്കുന്നതു കത്തോലിക്കാ സ്കൂളുകളിൽമാത്രം ആയിരിക്കണമെന്നാണു മാർ പൗവ്വത്തിൽ അഭിപ്രായപ്പെട്ടത്.

ഭാവി തലമുറ സഭയെ അറിയുന്നവരും സ്നേഹിക്കുന്നവരുമായിരിക്കണമെന്നായിരിക്കും അദ്ദേഹത്തിന്റെ ആഗ്രഹം. എന്നാൽ കത്തോലിക്ക സ്ഥാപനങ്ങളിൽ എന്താണു നടക്കുന്നതെന്നു സമൂഹത്തിനുതന്നെ നന്നായി അറിയാം.

എന്റെ ഇടവകയിൽ കത്തോലിക്കാ അന്തരീക്ഷം നിലനിർത്തണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടാണു ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചത്. മുപ്പതിൽപരം അധ്യാപകരെ നിയമിച്ചതിൽ 11 പേരും ഹൈന്ദവ സമുദായത്തിൽപ്പെട്ടവരാണ്. ഈ ഹൈന്ദവസഹോദരർക്കും സ്കൂളിൽ കത്തോലിക്കാ അന്തരീക്ഷം നിലനിർത്താൻ ബാധ്യതയുണ്ടോ? സർക്കാർ നിശ്ചയിച്ച വേതനനിരക്കിന്റെ പകുതിപോലും അദ്ധ്യാപകർക്കു കൊടുക്കാൻ ഇടവക മാനേജ്മെന്റിനു കഴിയുന്നില്ല. ഇടവക ദേവാലയവും പരിസരഭൂമിയുമെല്ലാം ഈടുവെച്ച് 4 കോടിയോളം രൂപാ കടമെടുത്തുകൊണ്ടാണ് സ്കൂൾ കെട്ടിടങ്ങൾ പണിതത്. ദൂരവ്യാപകമായ ഭവിഷ്യത്തുകൾ വിശദമാക്കി പ്രസ്ഥാനത്തെ എതിർത്തതിന്റെ പേരിൽ ഇടവകയിലെ പുരോഗമനചിന്തകരായ പലരേയും സഭാ വിരോധികളായി വികാരി ചിത്രീകരിക്കുകയും പള്ളിയിൽ ശകാരവർഷം ചൊരിയുകയും ചെയ്തു.

മാർ പൗവ്വത്തിൽ നിർദ്ദേശിച്ചതു കത്തോലിക്കരായ മാതാപിതാക്കൾ മക്കളെ സഭവക സ്കൂളുകളിൽമാത്രം പഠിപ്പിക്കണമെന്നാണല്ലോ. ഇതേ ന്യായം ഉന്നയിച്ച് കത്തോലിക്കരായ രോഗികൾ സഭ വക ആശുപത്രികളിൽ തന്നെ ചികിത്സക്കായി പോകണമെന്നും നിർദ്ദേശമുണ്ടാകുമോ? പുഷ്പഗിരി ആശുപത്രിയിൽ അടുത്ത കാലത്ത് ഓരോ വകുപ്പുകളിൽ നിയമിതരായത് ഹൈന്ദവരായ ഡോക്ടർമാരാണ്. ക്രിസ്ത്യൻ രോഗികളെ ഹിന്ദു ഡോക്ടർമാർ പരിശോധിക്കുന്നതിൽ അപാകതയുണ്ടോ ആവോ?

ഇന്നു വലിയ ആശുപത്രികളെല്ലാം നാഷണൽ അക്രഡിറ്റേഷൻ (അംഗീകാരം) നേടിയിരിക്കണമെന്നു നിർബന്ധമാണ്. ഇപ്രകാരം അക്രഡിറ്റേഷൻ കിട്ടുവാൻ M.T.P. (മെഡിക്കൽ റ്റെർമിനേഷൻ ഓഫ് പ്രഗ്നൻസി) അഥവാ നിയമാനുസൃത ഭ്രൂണഹത്യ നടത്തുവാൻ കൂടി ആശുപത്രിയിൽ സൗകര്യം ഉണ്ടായിരിക്കണം. ഏതു കാരണവശാലും ഭ്രൂണഹത്യ കത്തോലിക്കാസഭയുടെ സന്മാർഗപഠനത്തിനു സ്വീകാര്യവുമല്ല. എങ്കിലും, സഭയുടെ ചില പ്രമുഖ ആശുപത്രികളിൽ M.T.P. ക്കു തടസ്സമില്ല എന്ന നയം പ്രഖ്യാപിച്ചിട്ടുണ്ട്. ചില ആശുപത്രികളിൽ അകത്തോലിക്കരായ ഡോക്ടർമാരെ ഭ്രൂണഹത്യ രഹസ്യമായി നടത്താൻ അനുവദിക്കുന്നതായി അറിഞ്ഞിട്ടുണ്ട്. ഇതാണു കാപട്യം. ക്രിസ്തുവിന്റെ പേരിൽ എന്തു കാപട്യവും തുടരാം എന്നാണു സഭാമേലധ്യക്ഷന്മാരും സ്ഥാപകഡയറക്ടർമാരും സ്വീകരിച്ചിരിക്കുന്ന നിലപാട്.

നമ്മുടെ സഭാപിതാക്കന്മാർ കത്തോലിക്കാസഭയ്ക്കു കളങ്കം സൃഷ്ടിക്കുകയാണ്.

ഫോൺ: 9847126311

മിശ്രവിവാഹം വ്യക്തിത്വത്തിന്റെ അടയാളം

ഡോ. ലാസർ തേർമഠം

മിശ്രവിവാഹം ക്രൈസ്തവവിശ്വാസങ്ങൾക്കെതിരാണെന്നും, സർക്കാർ പ്രോൽസാഹിപ്പിക്കുന്ന മിശ്രവിവാഹങ്ങളെ എതിർക്കേണ്ടതാണെന്നും ഇടുക്കി ബിഷപ്പ്, മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പ്രസംഗിച്ചത് ജൂൺ 14-ാം തീയതിയിലെ വാർത്താമാദ്ധ്യമങ്ങളിൽ ഒരു പ്രധാന ചർച്ചാവിഷയമായിരുന്നു. പിറ്റേ ദിവസം മാതൃഭൂമി ദിനപത്രത്തിൽ കെ.സി.ബി.സി. ഖേദം പ്രകടിപ്പിച്ചുകൊണ്ടു ഇപ്രകാരം എഴുതിയതും വായിച്ചു: 'വ്യത്യസ്തവിശ്വാസ-സാംസ്കാരികപശ്ചാത്തലത്തിൽനിന്ന് പ്രേമബന്ധത്തിലൂടെ ഒന്നിക്കുന്നവരുടെ കുടുംബജീവിതത്തിന്റെ പൊരുത്തക്കേടുണ്ടാകാനുള്ള സാദ്ധ്യത ചൂണ്ടിക്കാട്ടുകയാണ് അദ്ദേഹം ചെയ്തതെന്ന് കെ.സി.ബി.സി വ്യക്തമാക്കി.'

എന്നാൽ ഇടുക്കി ബിഷപ്പ് പ്രസംഗിച്ചത് മിശ്രവിവാഹം ക്രൈസ്തവവിശ്വാസങ്ങൾക്കെതിരാണെന്നും മിശ്രവിവാഹങ്ങളെ ക്രിസ്ത്യാനികൾ എതിർക്കേണ്ടതുണ്ടെന്നുമാണ്. കെ.സി.ബി.സി. ഈ പ്രസ്താവനയ്ക്കാണ് വിശദീകരണം നൽകേണ്ടിയിരുന്നത്. ഒരുപക്ഷേ, പുരോഹിതന്മാരായ തങ്ങളുടെ വരുമാനത്തിന് മിശ്രവിവാഹം ക്ഷതമുണ്ടാക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിൽ, അത് സത്യസന്ധമായ ഒരു പ്രസ്താവനയാകുമായിരുന്നു.

റോമൻ കത്തോലിക്കാസഭയിൽ തൃശ്ശൂർ കോട്ടപ്പടി സെന്റ് ലാസേഴ്സ് റോമൻ കത്തോലിക്കാ പള്ളി ഇടവകക്കാരനായി വളർന്നവനാണ് ഞാൻ. പത്രത്തിൽ അപ്രകാരംതന്നെ പ്രസിദ്ധപ്പെടുത്തിയാണ് ചെങ്ങന്നൂരിനടുത്ത് കാരയ്ക്കാട്ട് കാഞ്ഞിരം നിൽക്കുന്നതിൽ ഈഴവ കുടുംബത്തിൽനിന്ന് രാജമ്മയെ കണ്ടെത്തി ഞാൻ രജിസ്റ്റർ വിവാഹം ചെയ്തത്. വിവാഹം കഴിഞ്ഞിട്ട് ഈ ജൂൺ 29-ന് 45 വർഷം പൂർത്തിയായി. ഇതുവരെ എന്നെ കോട്ടപ്പടി ഇടവകയിൽനിന്ന് മഹറോൻചെയ്തു നീക്കിയ രേഖകളൊന്നും ലഭിച്ചിട്ടില്ല.

ഇടുക്കി മെത്രാൻ പ്രസംഗിച്ചതുപോലെ മിശ്രവിവാഹം ക്രൈസ്തവവിശ്വാസങ്ങൾക്കെതിരായിരുന്നുവെങ്കിൽ, മിശ്രവിവാഹങ്ങൾ എതിർക്കപ്പെടേണ്ടതാണെങ്കിൽ, എന്തുകൊണ്ട് എനിക്ക് ക്രിസ്ത്യൻ സഭയുടെ ദൈവികാനുഗ്രഹത്തിൽനിന്നു വിലക്കേർപ്പെടുത്തിയില്ല? ഇപ്പോഴത്തെ ഇടുക്കി ബിഷപ്പിന്റെ ആത്മരോഷം അന്നത്തെ തൃശ്ശൂർ ബിഷപ്പ് മാർ കുണ്ടുകുളത്തിനില്ലാതെ പോയതുകൊണ്ടായിരിക്കണം എനിക്കെതിരെ സഭാനടപടികൾ സ്വീകരിക്കാതിരുന്നത്. മിശ്രവിവാഹിതനായെങ്കിൽപ്പോലും, ഞാൻ 'പുകഞ്ഞ കൊള്ളിയല്ല' എന്ന് എന്റെ ഇടവകവികാരിക്കും തൃശ്ശൂർ ബിഷപ്പിനും അന്നു തോന്നിക്കാണണം.

മിശ്രവിവാഹത്തെക്കുറിച്ച് ഇടുക്കി ബിഷപ്പ് പറഞ്ഞത് മനുഷ്യന്റെ വ്യക്തിത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും നേരെയുള്ള അവഹേളനമാണ്. വെറുതെ ഒരു മാപ്പുകൊണ്ടൊന്നും അതിനു പരിഹാരമാകില്ല.

ഫോൺ: 9645589502

'അതിരമ്പുഴയുടെ മനസ്സാക്ഷി'ക്ക് അഭിവാദനങ്ങൾ!

അതിരമ്പുഴ പള്ളിയിൽ പൊതുയോഗം നിശ്ചയിച്ച ഓഡിറ്റർമാരിൽ, മുൻ വികാരി നടത്തിയ സാമ്പത്തികക്രമക്കേടുകളെക്കുറിച്ചു പഠിക്കണമെന്ന് തീരുമാനിച്ച, അഗസ്റ്റിൻ പോൾ ആലഞ്ചേരി, ജോയി പൊന്നാറ്റിൽ എന്നിവർ സ്വീകാര്യരല്ലെന്ന് ആർച്ച് ബിഷപ്പ് മാർ പെരുന്തോട്ടം അറിയിച്ചതും, അതിന് 'അതിരമ്പുഴയുടെ മനസ്സാക്ഷി' അയച്ച തുറന്ന കത്തും ഇടവകയിൽ പ്രചരിപ്പിച്ച പ്രസ്താവനയും 'അല്മായശബ്ദം' ബ്ലോഗ് വായനക്കാരുടെയും KCRM ന്റെയും പ്രത്യേകശ്രദ്ധ പിടിച്ചുപറ്റിയിട്ട് കുറെ ദിവസങ്ങളായി. സ്ഥലപരിമിതിമൂലം ഈ ലക്കത്തിൽ അവർക്ക് അഭിവാദനങ്ങൾ അർപ്പിക്കാനേ സത്യജ്വാലയ്ക്കു കഴിയുന്നുള്ളു. അടുത്ത ലക്കത്തിൽ അതിരമ്പുഴവാർത്തകൾക്കായി ഏതാനും പേജുകൾ നീക്കിവയ്ക്കുന്നതാണെന്ന് അറിയിക്കുന്നു.

എഡിറ്റർ

ഇന്ത്യൻ മെത്രാന്മാർ കൂട്ടരാജിയിലേക്കോ?

സക്കറിയാസ് നെടുങ്കനാൽ

റോമിൽ കഴിഞ്ഞ വർഷം കൂടിയ പ്രത്യേക സിനഡിൽ നമ്മുടെ കൂന്തൻതൊപ്പി ധാരികൾ വെറുതേ പോയി ഇരുന്നിട്ട് വെറുതേ പോന്നു. തല്ക്കാലം പോപ്പൊന്നും പരസ്യമായി പറഞ്ഞില്ല. ഈ നിഷ്ക്രിയത്വം തുടർന്നാൽ, അദ്ദേഹത്തിന്റെ സ്വരം മാറാൻ സാദ്ധ്യത ഏറെയാണ്. കഴിഞ്ഞതിന്റെ തുടർച്ചയും പൂർത്തീകരണവുമായി നടക്കുന്ന അടുത്ത സിനഡിനായി കൊടുത്തിരിക്കുന്ന home work ചെയ്തുതീർത്ത് അമേരിക്കയിലും യൂറോപ്പിലും മിക്ക ഏഷ്യൻ രാജ്യങ്ങളിലുമുള്ള മെത്രാന്മാർ, സമഗ്രമായ ക്രിസ്തീയകുടുംബ റിപ്പോർട്ട് റോമിൽ എത്തിച്ചുകഴിഞ്ഞു. ഇന്ത്യയിൽ അമരാവതി രൂപതാമെത്രാൻ മാത്രമാണ് ഈ റിപ്പോർട്ട് അയച്ചുകൊടുത്തിട്ടുള്ളത്. ഇതുവരെ അങ്ങനെയൊരു വിഷയം ഒരിടത്തും പരാമർശിക്കുകപോലും ചെയ്യാത്ത ഇവിടുത്തെ ബാക്കി ചെമ്പട, വരുന്ന ഒക്ടോബറിലും റോമായ്ക്ക് പോകുന്നുണ്ടോ, അതോ പോപ്പിന്റെ വായിൽനിന്നു വരാൻ സാദ്ധ്യതയുള്ള 'നല്ല' വർത്തമാനം ഭയന്ന് ഇത്തവണ പോക്കു വേണ്ടെന്നുവയ്ക്കുമോ എന്നതിനെപ്പറ്റി ഇതുവരെ ഒന്നും പറയാറായിട്ടില്ല. അവർ ഉടനെയെങ്ങാനും ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുമെന്നു തോന്നുന്നുമില്ല. കാരണം, ഇവിടെത്തന്നെ ഒരു കാര്യത്തിലും അവർക്കുതമ്മിൽ ഒരു യോജിപ്പും ഇല്ലെന്നായിട്ടുണ്ട്. അവരുടെ കൃത്യവിലോപത്തെയും വിശ്വാസികളോട് അവർ പ്രകടിപ്പിക്കുന്ന അക്ഷന്തവ്യമായ ഉത്തരവാദിത്വക്കുറവിനെയും സൂചിപ്പിച്ച് പല അല്മായ നവീകരണസംഘടനകളും തുടരെ താക്കീതു നല്കുന്നുണ്ട്. 'അല്മായശബ്ദ'ത്തിന്റെയും CCV (Church Citizens' Voice) യുടെയും ധീരവക്താവ് എന്ന നിലയിൽ, ഇക്കാര്യത്തിൽ കേരളത്തിലെ മെത്രാന്മാരെ ഗുണദോഷിച്ച് ഡോ. ജെയിംസ് കോട്ടൂർ അവർക്കോരോരുത്തർക്കും ഇതിനകം പല കത്തുകളും അയച്ചുകഴിഞ്ഞു. ബിഷപ് ഭരണികുളങ്ങരയും അമരാവതി ബിഷപ് Elias Gonsalves-ന്റെ സെക്രട്ടറി ഫാ. മരിയോ ഡിസൂസയുമൊഴികെ ആരും തിരിച്ച് യാതൊരു പ്രതികരണവും ഇന്നുവരെ നടത്തിയിട്ടില്ല! സഭയെ ബാധിക്കുന്ന അതിപ്രധാനമായ ഒരു വിഷയത്തിൽ ഇതുവരെ ഒന്നും ചെയ്യാത്ത ഈ അനങ്ങാപ്പാറകൾ ഇനി ബാക്കിയുള്ള മൂന്നു മാസങ്ങളിൽ എന്തെങ്കിലും ചെയ്യുമെന്ന് ആരും പ്രതീക്ഷിക്കുന്നില്ല. അവിടെപ്പോയിരുന്ന് മൂന്നാഴ്ച സൗജന്യ ഡിന്നറും കഴിച്ചിട്ട് യൂറോപ്പൊക്കെ ഒന്നുകറങ്ങി, കനത്ത പോക്കറ്റ് മണിയും ശേഖരിച്ചു പോരാനാണ് പ്ലാനെങ്കിൽ, ഇവർ ഒക്ടോബറിലെ സിനഡിനെന്നും പറഞ്ഞ് റോമിലേക്കെന്തിനു പോകണം എന്നതാണ് ചോദ്യം. സഭയുടെ അസ്തിവാരമായ കുടുംബത്തെ സംബന്ധിച്ച് ഇങ്ങനെയാണ് ഇവിടത്തെ സഭാനേതൃത്വത്തിന്റെ വിലമതിക്കലെങ്കിൽ, ഒറ്റയടിക്ക് എല്ലാ ഇന്ത്യൻ മെത്രാന്മാരുടെയും തൊപ്പി തെറിപ്പിക്കുന്ന ഒരൈറ്റം അടുത്ത സിനഡിൽ പോപ്പിന് നടത്തേണ്ടിവരുമോ? അതുണ്ടായാൽ, ഇവിടുത്തെ അല്മായരെ സംബന്ധിച്ച്, 2015 ദൈവാനുഗ്രഹവർഷമായിരിക്കും എന്നു നമുക്കാശ്വസിക്കാം!

'അല്മായശബ്ദം' വെബ്സൈറ്റ് (www.almayasabdam.com) മുഖ്യ എഡിറ്റർ ഡോ. ജെയിംസ് കോട്ടൂർ കാര്യത്തിന്റെ ഗൗരവം വിശദമാക്കി, 'ഭാരതസഭയും ഒക്ടോ. 4 മുതൽ 25 വരെയുള്ള കുടുംബസിനഡും' എന്ന വിഷയത്തെ ആധാരമാക്കി 'No Indian Bishop Responds to Papal Call?' എന്നൊരു ലേഖനം ഇന്ത്യയിലെ ഓരോ മെത്രാനും അയച്ചു കൊടുത്തിട്ടുണ്ട്. അതിൽനിന്നും പ്രസക്തഭാഗങ്ങൾ ഇവിടെ തർജമ ചെയ്തുചേർക്കുകയാണ്:

"നിർഭാഗ്യവശാൽ, ഇന്ത്യയിലെ മെത്രാന്മാർമാത്രം കഴിഞ്ഞ വർഷം നടന്ന പ്രത്യേക സിനഡിന് മുൻപുള്ള സമയം തീരുന്നതുവരെ, ഒന്നും ചെയ്തില്ല. ആ അനുഭവംവച്ച്, അടുത്ത സിനഡിനു മുൻപ് നടത്തിയിരിക്കണം എന്നു പോപ് നിഷ്കർഷിച്ച പഠനത്തെപ്പറ്റി നിരന്തരമായ അന്വേഷണങ്ങളും താക്കീതുകളുംവഴി 'അല്മായശബ്ദം' (CCV) ഇന്ത്യയിലെ മെത്രാന്മാരെ ഓർമിപ്പിച്ചുകൊണ്ടാണിരുന്നത്. അതായത്, കർദിനാൾ ബാൽദിസ്സെരിയുടെ നേതൃത്വത്തിൽ ക്രിസ്തീയ കുടുംബങ്ങളെ ബാധിക്കുന്ന 39 വിഷയങ്ങളെ സംബന്ധിച്ച് ചോദ്യാവലി

തയ്യാറാക്കി, അവയെ വിശ്വാസികളുടെയിടയിൽ വിശദീകരിച്ചുകൊടുത്തും ക്ലാസ്സുകൾ നടത്തിയും അവരുടെ പ്രശ്നങ്ങളും അഭിപ്രായങ്ങളും അറിഞ്ഞശേഷം സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുക എന്നതായിരുന്നു പോപ്പ് കഴിഞ്ഞ സിനഡിൽ മെത്രാന്മാരെ ഏല്പിച്ചിരുന്ന ദൗത്യം. കഴിഞ്ഞ സിനഡിൽവച്ച് ഒരു തീരുമാനത്തിലെത്താൻ കഴിയാതിരുന്ന 46 വിഷയങ്ങളിലാണ് ഇപ്രാവശ്യത്തെ ഊന്നൽ. എന്നാൽ, നമ്മുടെ തിരുമേനിമാർ അടുത്ത സിനഡിലേക്കുള്ള തയ്യാറെടുപ്പ് തുടങ്ങിവയ്ക്കുക പോലും ചെയ്തിട്ടില്ല. റിപ്പോർട്ട് അയക്കേണ്ട അവസാന തീയതി ഇക്കഴിഞ്ഞ ഏപ്രിൽ 15 ആയിരുന്നു!"

പൊതുവോ പ്രാദേശികമോ ആയ പഠന ഗ്രൂപ്പുകൾ സംഘടിപ്പിക്കാനും ചർച്ചനടത്താനും വേണ്ട സഹകരണത്തിന് തങ്ങൾ തയ്യാറാണ് എന്ന് ഡോ. ജെയിംസ് കൊട്ടൂറിന്റെ നേതൃത്വത്തിലുള്ള The Global website of Church Citizens' Voice (CCV) കത്തുകൾവഴി ഇവരെ പല തവണ ആഹ്വാനം ചെയ്തതാണ്. അമരാവതിയിൽനിന്നു കിട്ടിയ ഒരു മറുപടിയൊഴിച്ച്, ലത്തീൻ, സീറോ-മലബാർ, സീറോ-മലങ്കര റീത്തുകളിൽപ്പെട്ട ഒരൊറ്റ മെത്രാനും പ്രതികരിച്ചില്ല എന്ന സത്യം നിസ്സാരമായി തള്ളിക്കളയാനാവില്ല. ലോകമാസകലമുള്ള 'അത്മായ ശബ്ദം' ബ്ലോഗിന്റെയും വെബ്സൈറ്റിന്റെയും വായനക്കാർ വളരെ ആകാംക്ഷാപൂർവ്വം കാത്തിരുന്ന ഒരു കാര്യമായിരുന്നത്. മാർപ്പാപ്പായെ അനുസരിക്കാത്ത മെത്രാന്മാരെ ഞങ്ങളനുസരിക്കണോയെന്നു വിശ്വാസികൾ ചോദിച്ചു തുടങ്ങിയാൽ, അതിനാരു മറുപടി പറയും?

അതേസമയം യൂറോപ്പിലും (സ്വിറ്റ്സർലന്റ്, ബെൽജിയം, ഫ്രാൻസ്, ജർമനി, ബ്രിട്ടൺ, ഓസ്ട്രിയ, പോളണ്ട് തുടങ്ങിയവ) അമേരിക്കയിലുമുള്ള രൂപതകളിൽ വിശദമായ പഠനവും ചർച്ചയും നടത്തി സമഗ്രമായ റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ റോമിലെത്തിച്ചു. Catholic Church Reform International (CCRInt'l) എന്ന അല്മായ സംഘടനയാകട്ടെ, അവരുടെ തനതായ സർവേയുടെ ഫലം റോമിലെത്തിക്കുകയും അവരുടെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതൊക്കെ അറിഞ്ഞുകൊണ്ടിരുന്നിട്ടും വിവിധ ഭാരത റീത്തുകളിലെ മെത്രാന്മാർ എന്തുകൊണ്ട് ഒന്നും ചെയ്യാതെ സമയം കളഞ്ഞു എന്നു മനസ്സിലാവുന്നില്ല. വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി, ലോകമെമ്പാടുമുള്ള ഭാരതക്രൈസ്തവ പ്രമുഖരുമായും 'അത്മായശബ്ദം' പ്രവർത്തകർ ബന്ധപ്പെടുകയും, നമ്മുടെ മെത്രാന്മാരെ ഇക്കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് നിരവധി മാധ്യമങ്ങളിലൂടെ അനേകർ എഴുതുകയും ചെയ്തിരുന്നു.

രണ്ടാഴ്ച മുമ്പ് CCV ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു – 'Europe's fractious Catholics sent out their views on Synod Questionnaire'. ഒരാഴ്ച മുമ്പ് വേറൊരെണ്ണം - 'US Bishops hear summary of synod consultation'. 2015 ജൂൺ 10–നാണ്, St. Louis-ലെ ബിഷപ്സ് കോൺഫറൻസ് സംഘടിപ്പിച്ചത്). അതിലുൾപ്പെട്ട 33 ലത്തീൻ അതിരൂപതകളിലെയും 145 രൂപതകളിലെയും പഠനറിപ്പോർട്ട് 2015 ഫെബ്രുവരി 15–നുതന്നെ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്തിരുന്നു. ഇംഗ്ലീഷിൽ മാത്രമല്ല, അവിടെ ജീവിക്കുന്ന ജനങ്ങളുടെ പ്രാതിനിധ്യം കണക്കിലെടുത്ത്, സ്പാനിഷിലും വിയെറ്റ്നാമിസിലും അവിടങ്ങളിൽ ചോദ്യാവലികൾ വിതരണം ചെയ്ത് അഭിപ്രായങ്ങൾ സ്വീകരിച്ചു. Chicago-യിൽ സ്ഥാപിതമായിരിക്കുന്ന സീറോ-മലബാർ രൂപത ഇതിലൊന്നും പങ്കെടുത്തതായി അറിവില്ല. കേരളത്തിലെ സീറോ-മലബാർ സഭ ഇക്കാര്യത്തിൽ ഒരു ചെറുവിരൽപോലും അനക്കാതിരിക്കുമ്പോൾ ഷിക്കാഗോയിലെ അതിന്റെ ബ്രാഞ്ചിൽ എന്തു സംഭവിക്കാൻ!

എന്താണ് ഇവിടെ സംഭവിക്കുന്നത്, അല്ലെങ്കിൽ എന്തുകൊണ്ടാണ് ഇവിടെ ഒന്നും സംഭാവിക്കാതിരിക്കുന്നത്?

CBCI website പ്രകാരം, 5 കർദിനാളന്മാർ, 29 മെത്രാപ്പോലീത്താമാർ, 9 സഹായമെത്രാന്മാർ, 2 കൂരിയ ബിഷപ്സ് എന്നിവർ ഉൾപ്പെടെ ഇവിടെ 170 രൂപതകളിലായി 200–ൽപ്പരം മെത്രാന്മാരുണ്ട്. ഇവരാരും അതിപ്രധാനമായ ഈ സിനഡും അതിന്റെ ചർച്ചാവിഷയവുമായി എന്തുകൊണ്ടു സഹകരിക്കുന്നില്ല? ഡോ. കോട്ടൂർ സംശയിക്കുന്നത് ഇവരെ അലട്ടുന്ന 'compulsions of coalition politics' ആണ് ഈ നിഷ്ക്രിയത്വത്തിനു പിന്നിൽ എന്നാണ്. അധികാരത്തിലിരിക്കാൻ ഇവർക്ക് പല കൂട്ടുകക്ഷികളെയും പ്രീതിപ്പെടുത്തേണ്ടതുണ്ട്. ഇന്ത്യയിലെ പരാജയപ്പെട്ട സർക്കാരുകളുടെ അതേ ഗതികേട് എന്ന് പറയാം.

ആഗോളതലത്തിൽ ക്രിസ്ത്യാനികൾ 2.2 ശതകോടിയാണെങ്കിൽ, അതിൽ 1.2 ശതകോടി കത്തോലിക്കരാണ്. ഇതിൽ 22 സ്വയംഭരണ സഭകൾ ഉൾപ്പെടുന്നു. ഈ 120 കോടിയിൽ 38 കോടിയും ലത്തീൻ ആണ്. ബാക്കി രണ്ടുകോടി 21 സ്വയംഭരണ പൗരസ്ത്യസഭകൾ ചേരുന്നതാണ്. ഇവയിൽ ഏറ്റവും അംഗബലമുള്ളത് (45 ലക്ഷം) ഉക്രേനിയൻ കത്തോലിക്കാസഭയ്ക്കാണ്.

ഇന്ത്യയിൽ ലത്തീൻ കത്തോലിക്കർ കഴിഞ്ഞാൽ രണ്ടാം സ്ഥാനത്തു വരുന്ന സീറോ-

വികാരിക്കെതിരെ ക്രിമിനൽകേസ്!
'ചർച്ച് ആക്ട്' നിയമമാക്കണമെന്ന് ആവശ്യം

എറണാകുളം അങ്കമാലി അതിരൂപതയുടെ കീഴിലുള്ള തുറവൂർ സെന്റ് അഗസ്റ്റിൻസ് പള്ളി പാരീഷ് കൗൺസിൽ അംഗവും, സെന്റ് ജോസഫ് കുടുംബയൂണിറ്റിന്റെ പ്രസിഡണ്ടുമായ അഡ്വ. പോളച്ചൻ പുതുപ്പാറാ തന്റെ ഇടവകപ്പള്ളിയിലെ വികാരി ഫാ. മാത്യു ഇടശ്ശേരിക്കെതിരെ എറണാകുളം CJM കോടതിയിൽ ക്രിമിനൽ കേസ് ഫയൽ ചെയ്തു. ഞായറാഴ്ചകളിൽ കുർബ്ബാനമദ്ധ്യേ സ്തോത്രക്കാഴ്ചയായി പിരിക്കുന്ന സംഖ്യയുടെ 10% മാത്രം കണക്കിൽപെടുത്തി ബാക്കിതുക തിരിമറി ചെയ്യുകയാണെന്നും, അങ്ങനെ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഏകദേശം 20 ലക്ഷം രൂപയുടെ സാമ്പത്തിക തിരിമറി നടത്തിയിട്ടുണ്ടെന്നും ആരോപിച്ചാണ് വികാരിക്കെതിരെ ക്രിമിനൽ കേസ് കൊടുത്തിരിക്കുന്നത്.

നേർച്ചപ്പണത്തിന്റെ ഇത്തരത്തിലുള്ള വെട്ടിപ്പ് രൂപതയിലെ മിക്ക പള്ളകളിലും നടന്നുവരുന്നുണ്ടെന്നും അഡ്വ. പുതുപ്പാറ ആരോപിക്കുന്നു. ഇടപ്പള്ളിയിലെ പുതിയ പള്ളി ഉദ്ഘാടനവേളയിൽ മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി ഇത്തരം തിരിമറിയെപ്പറ്റി സൂചിപ്പിക്കുകയും പുതിയ പള്ളിനിർമ്മാണങ്ങളും പുനർനിർമ്മാണവും വിലക്കുകയും ചെയ്തിരുന്നു.

'കേരളാ ലോ റിഫോംസ് കമ്മീഷൻ' ചെയർമാനായിരുന്ന പരേതനായ ജസ്റ്റീസ് കൃഷ്ണയ്യർ 2009-ൽ സർക്കാരിലേക്കു ശിപാർശചെയ്തിട്ടുള്ളതും, സർക്കാരിന്റെ പരിഗണനയിലുള്ളതുമായ 'കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ' നിയമമാക്കണമെന്നും വാദി ആവശ്യപ്പെട്ടിട്ടുണ്ട്. മതങ്ങളുടെ സമൂഹസമ്പത്തിന്റെ ഭരണത്തിന് ഹിന്ദുക്കൾക്കും മുസ്ലീമുകൾക്കും സിക്കുകാർക്കും നിയമമുള്ളതുപോലെ ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കുന്നതിനും ഒരു നിയമം ഇല്ലാത്തതുകൊണ്ടാണ് പള്ളികളിൽ സാമ്പത്തിക അരാജകത്വം നടമാടുന്നതെന്ന കുറ്റപ്പെടുത്തലും പരാതിയിലുണ്ട്.

തുറവൂർ പള്ളിക്ക് സർക്കാരിൽനിന്ന് അനുവദിച്ചുകിട്ടിയിട്ടുള്ള മാർ അഗസ്റ്റിൻസ് പ്ലസ് ടു സ്കൂളിലെ അദ്ധ്യാപകനിയമനത്തിന് 25 ലക്ഷം രൂപാ വീതം കൈക്കൂലി വാങ്ങുന്ന നിലപാട് വേദനാജനകമാണെന്നും പരാതിയിൽ പറയുന്നു. 2014 നവംബർ 28-ന് അദ്ദേഹം തന്റെ പരാതി അഭിവന്ദ്യ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരിയെ രേഖാമൂലം അറിയിച്ചിരുന്നു. എന്നാൽ ഇതുവരെ ഒരു നടപടിയും ഉണ്ടാകാതിരുന്ന സാഹചര്യത്തിലാണ് അഡ്വ. പോളച്ചൻ പുതുപ്പാറ നീതിക്കുവേണ്ടി കോടതിയെ സമീപിച്ചത്. ബിഷപ്പും, രൂപതാ ചാൻസലറും കൂടാതെ 8 ഇടവകാംഗങ്ങളും കേസിലെ സാക്ഷികളാണ്.

റിപ്പോർട്ട് തയ്യാറാക്കിയത് - **വി.കെ. ജോയി (സെക്രട്ടറി, കേരളകാതത്ലിക് അസ്സോസിയേഷൻ, തൃശ്ശൂർ)** ഫോൺ: 9447037725

- കേരളത്തിലെ ഭൂരിപക്ഷം പള്ളികളിലും തുറവൂർ പള്ളിയിലേതിനു സമാനമായ സാമ്പത്തിക തിരിമറികളും അഴിമതികളും നടക്കുന്നുവെന്നത് ഒരു വസ്തുതയാണ്. അവിടെയൊന്നും 'പോളച്ചന്മാർ' ഇല്ല എന്നതുകൊണ്ടാണ് അച്ചന്മാർ കോടതി കയറാതെ രക്ഷപ്പെടുന്നത്. വൈദികരെന്ന പരിഗണന കൂടാതെ, പള്ളികളിൽ നടക്കുന്ന അഴിമതികൾക്കെതിരെ വിശ്വാസിസമൂഹം ഉണരേണ്ടിയിരിക്കുന്നു. ശരിയായ പത്തുകേസുകൾ ഇപ്രകാരം വന്നാൽത്തന്നെ 'ചർച്ച് ആക്ടി'ന്റെ ആവശ്യകത കോടതികൾ മനസ്സിലാക്കുകയും നിയമനിർമ്മാണത്തിൽനിന്നു മാറിനില്ക്കാൻ ഗവൺമെന്റിന് കഴിയാതെ വരുകയും ചെയ്യും. അഡ്വക്കേറ്റ് പോളച്ചന് എല്ലാ സ്വതന്ത്ര അത്മായപ്രസ്ഥാനങ്ങളും പിന്തുണ നൽകേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന് 'സത്യജ്വാലയുടെ അഭിനന്ദനങ്ങൾ'!

മലബാറിന്റെ അംഗബലം 40 ലക്ഷമാണ്. മാർ ബസീലിയോസ് ക്ലീമിസ് നയിക്കുന്ന മലങ്കരസഭയിൽ 2 ലക്ഷമാണ് വിശ്വാസികൾ. ബാക്കിയുള്ളവയ്ക്ക് നാമമാത്രമായ അസ്തിത്വമാണുള്ളത്. അതിൽപ്പെടുന്നു, സീറോ-മലബാർ സഭയുടെ ഭാഗമായി നിലകൊള്ളുന്ന കോട്ടയം രൂപത. ഇവരുടെ ശുദ്ധരക്തവാദം ബാക്കിയുള്ളവർക്കെല്ലാം വലിയ തലവേദനയായിത്തീർന്നിരിക്കുകയാണ്. യേശുവിന്റെ സാഹോദര്യദർശനത്തിനും മനുഷ്യത്വത്തിനുതന്നെയും എതിരായി നിലകൊള്ളുന്ന ഈ കൂട്ടരെ എങ്ങനെ മെരുക്കാം എന്ന് ഇവിടുത്തെ നട്ടെല്ലില്ലാത്ത സഭാനേതൃത്വത്തിന് അറിയില്ല. അല്മായസംഘടനകൾ ശക്തിയുക്തം ഇക്കാര്യം ചർച്ച ചെയ്യുന്നുണ്ടെങ്കിലും, ഒരു മെത്രാനും ഈ വിഷയത്തിലേക്കു കടക്കാൻ ധൈര്യം കാണിക്കുന്നില്ല. പോപ്പിനോട് ചോദിച്ചാൽ തീർച്ചയായും അദ്ദേഹം തീർത്തു പറയും, ആടിന്റെ മണമില്ലാത്ത നമ്മുടെ വ്യാജ ഇടയന്മാർക്ക് ഇനി അവരുടെ ജീവിതത്തിൽ ചെയ്യാവുന്ന ഏക സത്പ്രവൃത്തി ഒരു കൂട്ടരാജിയാണ് എന്ന്. ■

വിശുദ്ധബലിയിലെ ഭാഷയും പ്രയോഗങ്ങളും

(മെയ് ലക്കത്തിൽനിന്നു തുടർച്ച)

ജോസഫ് കാലായിൽ

പുരോഹിതൻ ഭക്ത്യാദരങ്ങളോടെ കൂദാശാവചനങ്ങൾ അഥവാ സ്ഥാപനവാക്യങ്ങൾ ഉച്ചരിക്കുമ്പോഴാണ് അപ്പവും വീഞ്ഞും തിരുശരീരരക്തങ്ങളാകുന്നത് എന്നാണ് നാളിതുവരെയുണ്ടായിരുന്ന വിശ്വാസം. എന്നാൽ നമ്മുടെ കുർബാനയുടെ ഒരുക്കശുശ്രൂഷയിൽ, 'നമ്മുടെ കർത്താവീശോമിശിഹായുടെ കാസയിൽ അവിടുത്തെ അമൂല്യമായ രക്തം ഒഴിക്കപ്പെടുന്നു' എന്നു കാണുന്നുണ്ട്. കുപ്പിയിൽ നിന്ന് കാസയിൽ ഒഴിക്കപ്പെടുന്ന വീഞ്ഞ് എപ്പോഴാണ് അമൂല്യമായ തിരുരക്തമായത്? 'നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരംകൊണ്ട് ഈ പീലാസ റുശ്മ ചെയ്യപ്പെടുന്നു' എന്ന് അടുത്ത പേജിലുണ്ട്. പാത്രത്തിലിരിക്കുന്ന ഗോതമ്പപ്പം എപ്പോഴാണ് ഈശോയുടെ തിരുശരീരമായത്? പുരോഹിതൻ കൂദാശാവചനങ്ങളുച്ചരിക്കാതെതന്നെ അപ്പവും വീഞ്ഞും തിരുശരീര – രക്തങ്ങളാകും എന്നല്ലേ ഇതിൽനിന്നു മനസ്സിലാക്കേണ്ടത്? കുർബാനപ്പുസ്തകത്തിന്റെ അടുത്ത പേജിൽ, 'വീഞ്ഞ് വെള്ളത്തോടും വെള്ളം വീഞ്ഞിനോടും കലർത്തപ്പെടുന്നു' എന്നും കാണുന്നു. ഇവിടെ തിരുരക്തം വീണ്ടും വീഞ്ഞായി മാറുകയാണ്! മാത്രമല്ല, വീഞ്ഞ് വെള്ളത്തിൽ കലർത്തിയാലും വെള്ളം വീഞ്ഞിൽ കലർത്തിയാലും ഫലത്തിൽ ഒന്നുതന്നെ– ഇതു മനുഷ്യശാസ്ത്രം. അതിൽ വല്ല ദൈവശാസ്ത്രവുമുണ്ടോ എന്ന് സാധാരണ വിശ്വാസികളായ ഞങ്ങൾക്കറിഞ്ഞുകൂടാ.

കുർബാന തുടരുന്നു. അല്പം കഴിയുമ്പോൾ സമൂഹം പറയുന്നു. 'വിശുദ്ധബലിപീഠത്തിന്മേൽ മിശിഹായുടെ അമൂല്യമായ ശരീരവും രക്തവും' (മിശിഹാ കർത്താവിൻ തിരുമെയ് നിണവുമിതാ പാവനബലിപീഠേ) ഇപ്പോൾ വീഞ്ഞു വീണ്ടും രക്തമായി. പുരോഹിതൻ കൂദാശാവചനങ്ങൾ ഉച്ചരിക്കുന്നതിനു മുമ്പാണ് ഇതെന്നോർക്കുക – കുപ്പിയിലിരിക്കുമ്പോൾ വീഞ്ഞ് തിരുരക്തമാകും. പാത്രത്തിലിരിക്കുമ്പോൾ അപ്പം തിരുശരീരമാകും. അല്പം കഴിയുമ്പോൾ രക്തം വീണ്ടും വീഞ്ഞാകും. കുറച്ചുകൂടി കഴിയുമ്പോൾ പിന്നെയും രക്തമാകും. ഇതെന്തുമായാജാലം! പഴഞ്ചന്മാരായ ഞങ്ങൾക്ക് ഇതൊന്നും ഉൾക്കൊള്ളാൻ കഴിയുന്നില്ല. മുമ്പ്, അപ്പവും വീഞ്ഞും ഈശോയുടെ തിരുശരീരരക്തങ്ങളായി മാറുന്ന സന്ദർഭമായിരുന്നു കുർബാനയിലെ അതിവിശുദ്ധവും പരമപ്രധാനവുമായ ഭാഗം. പുരോഹിതൻ അൾത്താരയിൽ ശിരസു നമിച്ചുനിന്നുകൊണ്ട് ഭക്തിയോടും ആദരവോടുംകൂടി ശാന്തമായി കൂദാശാവചനങ്ങളുച്ചരിക്കുമ്പോൾ വിശ്വാസികളെല്ലാവരും മുട്ടുകുത്തി തലകുനിച്ച് കൈകൾ കൂപ്പി ഏകമനസ്സോടെ ഈശ്വരനെ ആരാധിച്ചുകൊണ്ടുനിൽക്കും. പുരോഹിതൻ തിരുശരീരമുയർത്തുമ്പോഴും തിരുരക്തമുയർത്തുമ്പോഴും അതിന്റെ പ്രാധാന്യം വിളിച്ചറിയിച്ചുകൊണ്ട് ചെറുമണിയുടെ ശബ്ദമുയരും. വിശ്വാസികളൊന്നാകെ ഹൃദയം നിറഞ്ഞുതുളുമ്പുന്ന ഭക്തിയോടെ കർത്താവേ, എന്റെ ദൈവമേ എന്നു പറയും. കുർബാനയുടെ മർമ്മപ്രധാനമായ ഈ ഭാഗം ഇന്നെത്ര വികലമാണ്–! വിശ്വാസികൾക്ക് മുട്ടുകുത്തുകപോലും വേണ്ട. മണികിലുക്കമില്ല. ഭക്തിദ്യോതകമായി ഒന്നുമില്ല. ഞാൻ വേദനയോടെ ചോദിക്കട്ടെ, നിങ്ങൾ മെത്രാ

ന്മാർ എന്തിനാണ് വിശുദ്ധ കുർബാനയെ ഇത്തരത്തിലാക്കിയത്?

'ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു' – യേശു രക്തംചിന്തിയത് സകലർക്കും വേണ്ടിയാണ്. നീതിമാനായ യേശുക്രിസ്തു ലോകം മുഴുവന്റെയും പാപങ്ങൾക്ക് പരിഹാരബലിയാണ് (1 യോഹ. 2:1). 'സ്വർഗ്ഗത്തിൽ വസിക്കുന്നവനേ, അങ്ങയുടെ പക്കലേക്ക് ഞങ്ങൾ കണ്ണുകളുയർത്തി, ദാസന്മാരുടെ കണ്ണുകൾ നാഥയുടെ പക്കലേക്കെന്നതുപോലെ' – ഈ മാലോപമ മോരും മുതിരയുംപോലെ ചേരാതെ നിൽക്കുന്നു. യേശുവിനെ ഒരേസമയം നാഥനുമാക്കി, നാഥയുമാക്കി. 'മനുഷ്യവംശത്തിന്റെ ആദ്യഫലമായ അവിടന്ന്' – യേശു മനുഷ്യവംശത്തിന്റെ ആദ്യഫലമായതെങ്ങനെ?

'ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാക്കുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ' – സമൂഹം പ്രാർത്ഥിക്കുന്നു. അല്പം കഴിയുമ്പോൾ വീണ്ടും പുരോഹിതൻ ഇതേ പ്രാർത്ഥനാഭ്യർത്ഥന നടത്തുന്നു. അപ്പോഴും പുരോഹിതനുവേണ്ടി സമൂഹം പ്രാർത്ഥിക്കുന്നു. താമസിയാതെ മൂന്നാമതും പ്രാർത്ഥനയഭ്യർത്ഥിക്കുന്നു:- 'എന്റെ സഹോദരരേ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.' സമൂഹം വീണ്ടും പ്രാർത്ഥിക്കുന്നു. കുർബാന കഴിയുമ്പോൾ പുരോഹിതർക്കുവേണ്ടി വലിയൊരു പ്രാർത്ഥന വേറെയും! ഇതെല്ലാം കാണുമ്പോൾ, വിശ്വാസികൾ പള്ളിയിൽ പോകുന്നത് പുരോഹിതർക്കുവേണ്ടി പ്രാർത്ഥിക്കാനാണ് എന്നു തോന്നിപ്പോകുന്നു. രാജകീയ പുരോഹിതഗണമായ വിശ്വാസികളും പുരോഹിതനും ഒന്നുചേർന്നു ബലിയർപ്പിക്കുമ്പോൾ, പൊതുവായുള്ള പ്രാർത്ഥനകൾക്കുപുറമേ പ്രത്യേകമായി നാലു പ്രാർത്ഥനകൾ പുരോഹിതർക്കുവേണ്ടി വിശ്വാസികളെക്കൊണ്ടു ചൊല്ലിക്കുന്നത് തികഞ്ഞ സ്വാർത്ഥതയല്ലേ? പുരോഹിതൻ വിശ്വാസികൾക്കുവേണ്ടി ഒരു പ്രാവശ്യമെങ്കിലും പ്രത്യേകമായി പ്രാർത്ഥിക്കുന്നുണ്ടോ?

'അങ്ങയുടെ പൗരോഹിത്യത്തെ അവിടുന്ന് സ്വർഗരാജ്യത്തിൽ മഹത്വപ്പെടുത്തട്ടെ' – ദീർഘവീക്ഷണമുള്ള പ്രാർത്ഥന. പുരോഹിതൻ സ്വർഗ്ഗരാജ്യത്തിലെത്തുമെന്ന് ഉറപ്പുണ്ടല്ലോ! 'മിശിഹായുടെ ശരീരം വിഭജിക്കുന്ന വൈദികനെ സൂക്ഷിച്ചുവീക്ഷിക്കുന്നു'-വൈദികനെ സൂക്ഷിച്ചുനോക്കുന്നത് എന്തിനാണാവോ? വിഭജിക്കുന്നത് ശരിയായിട്ടാണോ എന്നറിയാനായിരിക്കും. 'സമാധാനം നിങ്ങളോടുകൂടെ' – പുരോഹിതൻ വിശ്വാസികൾക്ക് സമാധാനം ആശംസിക്കുന്നു; വിശ്വാസികൾ 'അങ്ങയോടും അങ്ങയുടെ ആത്മാവിനോടുംകൂടെ' എന്നു തിരിച്ചും. ഇതു കേട്ടാൽ തോന്നും, വിശ്വാസികൾക്ക് ആത്മാവില്ലെന്ന്. സമാധാനം നിങ്ങളോടും നിങ്ങളുടെ ആത്മാക്കളോടും കൂടെ എന്ന് പുരോഹിതൻ ആശംസിച്ചില്ലല്ലോ. അതുകൊണ്ട്, സമാധാനം നിന്നോടുകൂടെ എന്നു തിരിച്ചു പറയുന്നതല്ലേ ശരി? ദൈവത്തെ നീ എന്നു വിളിക്കാം. പിന്നെന്തിനു പുരോഹിതനെ അങ്ങ്, അങ്ങ് എന്നു വിളിക്കണം?

'പരിശുദ്ധാത്മാവിന്റെ നിറവിലൂടെ ലഭിക്കുന്ന പരിപൂർണതയുടെ ബന്ധമായ സ്നേഹത്തിന്റെ ഐക്യം ഞങ്ങൾ യാചിക്കുന്നു' – ഈ വാക്യം വിശ്വാസികളുടെ ഗ്രഹണശക്തി പരീക്ഷിക്കാനായിരിക്കും. പരിപൂർണതയുടെ ബന്ധം, സ്നേഹത്തിന്റെ ഐക്യം എന്നീ പ്രയോഗങ്ങൾ ഇഴച്ചുകെട്ടായതിനാൽ മുഴച്ചിരിക്കുന്നു. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടുന്ന് തന്റെ കൃപാതിരേകത്താൽ നിന്നെ നിർമല ദർപ്പണമാക്കുകയും ചെയ്യട്ടെ. – ഈ വാക്യത്തിന്റെ ഘടന പിടികിട്ടുന്നില്ല. ദർപ്പണം -കണ്ണാടി. ശുശ്രൂഷിയെ കണ്ണാടിയാക്കുന്നതിന്റെ ഔചിത്യമെന്ത്? വചനം കേൾക്കാനുള്ളതല്ലേ; കാണാനുള്ളതല്ലല്ലോ? 'ജീവിക്കുന്ന ദൈവത്തെ നിങ്ങൾ പ്രകീർത്തിക്കുവിൻ'- ഇതു കേട്ടാൽ തോന്നും മരിച്ച ദൈവം ഉണ്ടെന്ന്. നിങ്ങൾ ദൈവത്തെ പ്രകീർത്തിക്കുവിൻ എന്നു മതിയല്ലോ. ദാസന്റെ വേഷം ധരിച്ച് കാലിത്തൊഴുത്തിൽ പിറന്ന ദിവ്യസുതൻ – ഇതു വായിക്കുമ്പോൾ യേശു ജനിച്ചത് വേഷം ധരിച്ചുകൊണ്ടാണ് എന്നു തോന്നും. ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായെ – യേശു, ദാസന്റെ രൂപം ധരിച്ചു എന്നത് മനസ്സിലാകും. പാപിയുടെ രൂപംധരിച്ചു എന്നത് മനസ്സിലാകുന്നില്ല. നിന്റെ സ്നേഹഭാജനമായ സഭ അണിഞ്ഞൊരുങ്ങിയ വധുവിനെപ്പോലെയും മക്കളോടൊരുമിച്ച് ഉല്ലസിക്കുന്ന അമ്മയെപ്പോലെയും നിന്റെ ഉയിർപ്പിൽ ആനന്ദിക്കുന്നു. – യേശുവിന്റെ ഉയിർപ്പിൽ സഭ സന്തോഷിച്ചതിനെ അണിഞ്ഞൊരുങ്ങിയ വധുവിന്റെ സന്തോഷത്തോട് സാദൃശ്യപ്പെടുത്തിയത് ദൈവശാസ്ത്രപരമായി ശരിയായിരിക്കാം. എന്നാൽ സാധാരണക്കാരായ വിശ്വാസികൾക്ക് ഉൾക്കൊള്ളാൻ കഴിയുമെന്ന് തോന്നുന്നില്ല. 'ഉദയത്തെ അസ്തമയത്തിൽ നിന്നെന്നപോലെ പാപത്തെ നമ്മിൽ നിന്നകറ്റി' – പാപം നമ്മിൽത്തന്നെയാണ്. നമ്മിലുള്ള പാപത്തെ അകറ്റി. ഉദയവും അസ്തമയവും അകലെയാണ് – പൂർവ്വപശ്ചിമദിക്കുകളിൽ. പിന്നെയെങ്ങനെയാണ് ഒന്നിൽനിന്നു മറ്റൊന്നിനെ അകറ്റുന്നത്? സാദൃശ്യമില്ലെങ്കിൽ ഉപമക്കെന്തു സ്വാരസ്യം? (തുടരും)

ഫോൺ: 9447663433

കുറിപ്പ്: ശ്രീ.ജോസഫ് കാലായിലിന്റെ ഈ ദീർഘലേഖനമുൾപ്പെടെ 10 ലേഖനങ്ങൾ ചേർത്ത്, 'കത്തോലിക്കാസഭയുടെ 10 മുറിവുകൾ' എന്ന പേരിൽ ഒരു പുസ്തകം, കെ..സി.ആർ.എം. പ്രസാധകരമായി പ്രസിദ്ധീകരിക്കുന്നു. ജൂലൈ 25-ലെ പ്രതിമാസപരിപാടിയിൽ പ്രകാശനം ചെയ്യുന്ന ഗ്രന്ഥം അന്ന് സൗജന്യവിലയ്ക്കു ലഭ്യമാക്കുന്നതാണ്.

'മുഖക്കുറി'യെപ്പറ്റിത്തന്നെ

റ്റി.റ്റി. മാത്യു, തകടിയേൽ

സഭാനവീകരണത്തിന് രണ്ടു മുഖങ്ങളുണ്ടെന്നും, ഒന്ന് വിശ്വാസപരമായ നവീകരണവും, രണ്ട് ഘടനാപരമായ നവീകരണവുമാണെന്നും അതിൽ ഘടനാപരമായ നവീകരണമാണ് കെ.സി.ആർ.എം. ഉദ്ദേശിക്കുന്നതെന്നും 'സത്യജ്വാല'യുടെ 2015 മെയ് ലക്കം മുഖക്കുറിയിൽ പറയുന്നു. സഭയും സമുദായവും രണ്ടാണ്. ഇവിടെ സമുദായപരിഷ്കരണമാണ് കെ.സി.ആർ.എം. ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ, 'കത്തോലിക്കാസഭാ നവീകരണ പ്രസ്ഥാനം' എന്നതിനു പകരം, 'കത്തോലിക്കാ സമുദായനവീകരണപ്രസ്ഥാനം' എന്നതാണ് കെ.സി.ആർ.എം-നു യോജിക്കുന്ന പേര്.

സഭ പഠിപ്പിക്കുന്ന ആത്മീയതയുടെ നിലനിൽപ്പിനും വിശദീകരണത്തിനും പ്രചരണത്തിനുമാണ് ഘടനാപരമായ കാര്യങ്ങൾ. അതുകൊണ്ടുതന്നെ സഭയുടെ ആത്മീയതയും അതോടനുബന്ധിച്ച ഘടനാരീതികളും ഒന്നിച്ചു പോകേണ്ടതുണ്ട്. ഇവിടെ സഭയെ സംബന്ധിച്ച് ഇവ രണ്ടും പരസ്പരപൂരകങ്ങളാണ്. ആത്മീയതയെയും അതോടനുബന്ധിച്ചുവരുന്ന ആചാരാനുഷ്ഠാനങ്ങളെയും വേർതിരിച്ചെടുത്ത് ഒരു നവീകരണം സാദ്ധ്യമാണോ? സഭയിൽ നിന്നുകൊണ്ട് മേൽപ്പറഞ്ഞ ഒരു ഘടകത്തിനു മാത്രമായി നവീകരണം നടത്തുവാൻ സാദ്ധ്യമല്ല. വിശ്വാസവും അതിന്റെ ഘടനാരൂപങ്ങളും സഭയുടെ ആകെമൊത്ത രൂപമാണ്.

കത്തോലിക്കാസഭാ നവീകരണ പ്രസ്ഥാനത്തിന്റെ നയസമീപനങ്ങളെപ്പറ്റി ഇപ്പോൾ ഒരു സംവാദത്തിന് കാരണമായി വന്നിരിക്കുന്നത് 'കുരീപ്പുഴ മാതാ'വിന്റെ പ്രതിമാവണക്കമാണ്. കുരീപ്പുഴ ഇടവകക്കാർക്ക് സമരസമയത്തുതന്നെ പള്ളിപ്പരിസരത്തുനിന്നും മണ്ണിൽ പൂണ്ടുകിടന്ന ഒരു മാതാവിന്റെ പ്രതിമ കിട്ടുന്നു. ഈ പ്രതിമ കഴുകിത്തുടച്ച് വണങ്ങി പ്രതിഷ്ഠിച്ച് പ്രത്യേകം പ്രാർത്ഥനയും എഴുതിയുണ്ടാക്കി, സമരവിജയത്തിനായി മുട്ടിപ്പായി പ്രാർത്ഥനയും നടത്തി. പ്രതിമയുടെ പടവും പ്രാർത്ഥനയും നവീകരണപ്രസിദ്ധീകരണമായ 'സത്യജ്വാല'യിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഈയൊരു തിരക്കഥയെ ആധാരമാക്കിയാണ് ഇപ്പോഴത്തെ നയസമീപനസംവാദമുണ്ടായത്. ഇവിടെ പരമസത്യത്തെപ്പറ്റിയും ആപേക്ഷികസത്യത്തെപ്പറ്റിയും താൽക്കാലികലക്ഷ്യത്തെപ്പറ്റിയും, ആത്യന്തികലക്ഷ്യത്തെപ്പറ്റിയും പറയുന്നു. കുരീപ്പുഴ പള്ളിസമരം ജയിക്കുകയും അതുവഴി പൗരോഹിത്യാധിപത്യം തകർക്കുകയുമായിരുന്നിരിക്കണം താല്ക്കാലിക ലക്ഷ്യം. ഈ ലക്ഷ്യം നേടുമ്പോൾ, യേശുവിന് എതിർസാക്ഷ്യം പറയുന്ന അന്ധവിശ്വാസങ്ങൾക്ക് ആക്കം കൂടുന്നു. ഇവിടെ യേശുവിലേക്ക് എത്തിച്ചേരുവാനുള്ള എല്ലാ ആത്യന്തികലക്ഷ്യങ്ങളുടെയും വാതിലുകൾ അടച്ചുകളയുന്നതിനു പ്രേരണനൽകുന്നു. ഇവിടെ ഒരു സാമൂഹിക തെറ്റിനു കൂട്ടുനിന്ന് താല്ക്കാലികലക്ഷ്യം നേടുന്നു. സമൂഹത്തെ ആത്യന്തികലക്ഷ്യത്തിലെത്തിക്കാൻ പറ്റാതെയും വരുന്നു.

നവീകരണപ്രസ്ഥാനക്കാർ പൊതുവേ ബുദ്ധിജീവികളാണെന്ന ഒരു ധാരണ സാധാരണ ജനങ്ങൾക്കുണ്ട്. അപ്പോൾ അവർതന്നെ പ്രതിമാവണക്കത്തിനുംമറ്റും പ്രേരണനൽകുമ്പോൾ, പ്രതിമാവണക്കത്തിനോട് ജനങ്ങൾക്ക് ഒരാഭിമുഖ്യം തോന്നാനും ഇടയുണ്ട്. മാതാവിന്റെ രൂപവും അനുബന്ധപ്രാർത്ഥനയും പ്രസിദ്ധീകരിച്ചത് അതിൽ വിശ്വാസമുണ്ടായിട്ടാണോ? അല്ല. കാരണം, നവീകരണക്കാരിൽ 90%-ഉം ഇതിനൊക്കെ എതിരാണെന്ന് മുഖക്കുറിതന്നെ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. ഇവിടെ എതിർക്കേണ്ട ഒരു കാര്യത്തെ എതിർക്കാതെ, അതിനെ ഉപയോഗിച്ച് സാമാന്യജനങ്ങളെ തൃപ്തിപ്പെടുത്തി കാര്യം നേടുവാൻ തന്ത്രപൂർവ്വം ശ്രമിക്കുന്നു. താൽക്കാലികലക്ഷ്യത്തിനു വേണ്ടിയാണെന്നു പറയുമ്പോൾത്തന്നെ-അതു തികച്ചും ഒരു വിശ്വാസവഞ്ചനകൂടിയാണ്. അതല്ലേ ശരി? താൽക്കാലികലക്ഷ്യനേട്ടവും വിശ്വാസവഞ്ചനയും ഇവിടെ സമ്മിശ്രമായിട്ടു സമ്മേളിക്കുന്നു. ഇതിലെ ശരിതെറ്റുകൾ വായനക്കാർ തീരുമാനിക്കട്ടെ.

ആചാരാനുഷ്ഠാനങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും ശക്തിയിലും പിൻബലത്തിലുമാണ് പൗരോഹിത്യം ഇന്നും നിലനിൽക്കുന്നത്. ഇവരുടെയൊക്കെ തൊഴിലിനും ധനസമ്പാദനമാർഗ്ഗങ്ങൾക്കും ആധാരമായ

അനുഷ്ഠാനകർമ്മങ്ങളൊക്കെ ഇല്ലാതായാൽ പള്ളിയും പട്ടക്കാരും ഒന്നുമല്ലാതാകും. യേശുവിലുള്ള യഥാർത്ഥ വിശ്വാസികൾ തുടർന്നും നിലനിൽക്കും, പള്ളിയും പട്ടക്കാരുമില്ലാതെ. കാരണം, യേശു പറയുന്നു: "സത്യത്തിലും, അരൂപിയിലുമാണ് ദൈവത്തെ ആരാധിക്കേണ്ടത്'', എന്ന്. ഈ തിരുവചനത്തിന്റെ പിൻബലം പോരേ വിശ്വാസികൾക്ക്? ഇവിടെ സഭയ്ക്കും നവീകരണപ്രസ്ഥാനക്കാർക്കും പ്രതിമാവണക്കം പ്രിയങ്കരമാകുന്നു. ഒരു കൂട്ടർക്ക് അതിജീവനത്തിന്; മറ്റേ കൂട്ടർക്ക് താൽക്കാലികലക്ഷ്യപ്രാപ്തിക്ക്. ഇവിടെ സാമൂഹികപരിഷ്ക്കരണങ്ങളൊക്കെ അനാഥമാകുന്നു. സാമൂഹികതിന്മകൾ ഉയർന്നുവരുന്നു. ഇങ്ങനെയൊന്നും യേശു പ്രസംഗിച്ച ദൈവരാജ്യം ഭൂമിയിൽ സംസ്ഥാപിതമാക്കുവാൻ കഴിയുകയില്ല.

മോണിക്കാ വിഷയത്തെപ്പറ്റി മുഖക്കുറിയിൽ പറയുകയുണ്ടായി. ഈ വിഷയത്തിൽ കെ.സി.ആർ.എം-ഉം, ജെ.സി.സി-യും നടത്തിയ ഇടപെടൽ അങ്ങേയറ്റം വിജയമായിരുന്നു. പൗരോഹിത്യധാർഷ്ഠ്യത്തിനെതിരെ നീതിക്കുവേണ്ടിയുള്ള സമരമായിരുന്നു, അത്. ഈയുള്ളവനും പാലക്കാട്ടുനിന്നും കാഞ്ഞിരപ്പള്ളിയിലെത്തി സഹകരിച്ചവനാണ്. നീതിക്കുവേണ്ടിയുള്ള ഒരു സന്ദേശം പ്രചരിപ്പിക്കുവാൻ അന്നത്തെ ധർമ്മസമരത്തിനു സാധിച്ചു. എന്നാൽ, അതിനു നേതൃത്വം കൊടുത്ത ചിലരെങ്കിലുമോ, പ്രാദേശികവിശ്വാസികളിൽ ചിലരെങ്കിലുമോ, മരിയൻ ഭക്തരാണെന്നതിന്റെ പേരിൽ, താൽക്കാലികലക്ഷ്യത്തിനുവേണ്ടി പ്രകടനത്തിനു മുൻപിൽ മാതാവിന്റെ പ്രതിമയുമായി പോയിരുന്നെങ്കിൽ കെ.സി. ആർ.എം-നെപ്പറ്റി സമൂഹം എന്തായിരിക്കും വിലയിരുത്തുന്നത്?

ഏതൊരു മതമാകട്ടെ, സിദ്ധാന്തമാകട്ടെ, രാഷ്ട്രീയപ്രത്യയശാസ്ത്രമാകട്ടെ, അവയുടെയൊക്കെ ആരംഭകാലത്ത് സംശുദ്ധമായിരിക്കും. പിന്നീട് നിലനിൽപ്പിനും, താല്ക്കാലികലക്ഷ്യപ്രാപ്തിക്കും വളർച്ചയ്ക്കുംവേണ്ടി ആശയവിരുദ്ധരോടും വിരുദ്ധപ്രസ്ഥാനങ്ങളോടും സന്ധിചെയ്യുന്നു. അപ്പോൾ പ്രസ്ഥാനങ്ങൾക്ക് മൂല്യശോഷണം സംഭവിക്കുന്നു. എല്ലാ മതങ്ങളുടെയും രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും പരിണാമദിശകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യശോഷണത്തിന്റെ പരമ്പരയാണിത്. മതമെന്ന നിലയിൽ ക്രിസ്തുമതവും രാഷ്ട്രീയപ്രസ്ഥാനമെന്ന നിലയിൽ കമ്യൂണിസവും മാത്രംമതി ഇതിനുദാഹരണമായി. സമത്വസുന്ദരലോകം എന്ന മുദ്രാവാക്യവുമായി കേരളരാഷ്ട്രീയ രംഗത്തുവന്ന കമ്മ്യൂണിസ്റ്റുപാർട്ടി സ്വന്തം നിലയിൽ 1957-ൽ ഭരണം കൈയാളി. കാലം പുരോഗമിക്കുന്തോറും സമത്വചിന്താഗതികൾക്ക് പ്രസക്തി ഏറി വരേണ്ടതാണ്. അന്ന് പാർട്ടി തികച്ചും തത്വാധിഷ്ഠിതമായിരുന്നു. പിന്നീട് താൽക്കാലികലക്ഷ്യത്തിനുവേണ്ടി തങ്ങളുടെ സിദ്ധാന്തങ്ങൾക്കു കടകവിരുദ്ധമായ വർഗ്ഗീയകക്ഷികളുമായിപ്പോലും നീക്കുപോക്കുകളുണ്ടാക്കി, സന്ധിയുണ്ടാക്കി, ലയനമുണ്ടാക്കി. ഇവിടെ മൂല്യശോഷണമുണ്ടായി. അന്നത്തെ കമ്യൂണിസം ഇന്നില്ലാതായി. ഇത്രയും മഹത്തരമായ സിദ്ധാന്തങ്ങളും, ഘടനാപരമായ സംവിധാനക്രമങ്ങളുമുള്ള ഒരു അഗോളപ്രസ്ഥാനത്തിന് ഇങ്ങനെയുള്ള അപചയങ്ങളുണ്ടായെങ്കിൽ, താൽക്കാലികലക്ഷ്യത്തിനുവേണ്ടി തത്വങ്ങൾ ബലി കഴിച്ചു പ്രവർത്തിച്ചാൽ കെ.സി.ആർ.എം-നും ഇതുപോലെ സംഭവിച്ചുകൂടേ? നൂറ്റാണ്ടുകളായി കത്തോലിക്കാസഭ താൽക്കാലികലക്ഷ്യങ്ങൾക്കുവേണ്ടിയും ധനസമ്പാദനത്തിനുവേണ്ടിയും അധികാരത്തിനുവേണ്ടിയും യേശുവിനെ ഉപേക്ഷിച്ചു. അതും ഇവിടെ കൂട്ടിവായിക്കേണ്ടതാണ്. സഭയിലോ സമൂഹത്തിലോ ഉയർന്നുവരുന്ന അനാചാരങ്ങൾക്കുനേരേ കൈചൂണ്ടി, അതു തെറ്റാണെന്നു പറയുവാനുള്ള ആർജ്ജവമല്ലേ ഏതുപുരോഗമനപ്രസ്ഥാനത്തിനും വേണ്ടത്? കുറഞ്ഞപക്ഷം അവയെ പ്രോത്സാഹിപ്പിക്കാതിരിക്കുകയെങ്കിലും ചെയ്യേണ്ടതല്ലേ? 'കെ.സി.ആർ.എം,' 'ജെ.സി.സി', 'കേരളാ കാത്തലിക് ഫെഡറേഷൻ', 'ആൾ ഇന്ത്യാ കാത്തലിക് അസോസിയേഷൻ' മുതലായ സംഘടനകളൊക്കെ സാമുദായികതിന്മകൾക്കും പൗരോഹിത്യധാർഷ്ഠ്യത്തിനുമെതിരെ പ്രതികരിച്ചിട്ടുണ്ട്. അന്നൊന്നും, അവിടെയൊന്നും സമരത്തിനുവേണ്ടിയുണ്ടാക്കിയെടുത്ത ഒരു പ്രതിമയെയും മുൻനിർത്തി പ്രവർത്തിച്ചിട്ടില്ല. അത് അത്രയും നന്നായിയെന്നു കരുതുന്നു.

താൽക്കാലിക-ആത്യന്തികലക്ഷ്യങ്ങളെപ്പറ്റിയും, പരമ-ആപേക്ഷികസത്യങ്ങളെപ്പറ്റിയുമുള്ള വിവാദങ്ങൾ മാറ്റിവച്ച്, നമുക്കെല്ലാവർക്കും വർത്തമാനകാലത്തിൽ കൺമുമ്പിൽ കാണുന്ന കാര്യങ്ങളെക്കുറിച്ചു ലളിതമായി ചിന്തിക്കാം. കുരീപ്പുഴ പള്ളിക്കാരുമായുള്ള സമരവിജയത്തിനുവേണ്ടി ഒരു മാതാവിന്റെ പ്രതിമ കണ്ടെടുത്ത് അതിന് 'പരി. കെ.സി.ആർ.എം. മാതാ'വെന്നു പേരിട്ട് നേർച്ചപ്പെട്ടി വച്ച് വണങ്ങുന്നു. മറ്റു പല പള്ളികളിലും ഇതാവർത്തിച്ചാൽ-? അവിടെയൊക്കെ ഉദ്ദിഷ്ടകാര്യം സാധിച്ച് സമരങ്ങൾ വിജയിച്ചാൽ...? - വിശ്വാസികളിൽ അതൊരു ഉറച്ച വിശ്വാസമായി മാറും. ഇതൊക്കെ ഒരു പതിവും,

ശീലവുമായാൽ? പ്രതിമാവണക്കത്തിൽനിന്ന് പിന്മാറിവയവർപോലും ഇതിലേക്ക് ആകർഷിക്കപ്പെട്ടേക്കാം. "ദൈവം ആത്മാവാണ്. അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണം'' (യോഹ. 4:23-24) എന്ന ദൈവവചനമൊന്നും പുരോഹിതർ അൽമായരോട് കൂടുതലായി പറയുകയില്ല. കാരണം, അനുഷ്ഠാനകർമ്മങ്ങളും പൂജാദികർമ്മങ്ങളും ആവശ്യമില്ലാത്ത സൂക്ഷ്മമായ ഒരു ദൈവസങ്കൽപ്പത്തെപ്പറ്റി അവർക്ക് ചിന്തിക്കാനേ പറ്റില്ല. ഇതൊന്നും അവർക്ക് മനസ്സിലാകാഞ്ഞിട്ടല്ല. തൊഴിലും ധനസമ്പാദനവും അധികാരവും ഇല്ലാതാകുന്നതുകൊണ്ടുമാത്രമാണ്. ഇവിടെയാണ് നവീകരണപ്രസ്ഥാനക്കാരുടെ പ്രസക്തി. മേൽ സൂചിപ്പിച്ച യേശുവചനം വിശ്വാസികളുടെ ഇടയിൽ പ്രചരിപ്പിക്കണം. പുതിയ പുതിയ മാതാവുമാരുടെ പ്രതിമകൾ പ്രതിഷ്ഠിച്ച് പ്രാർത്ഥനയുണ്ടാക്കി പരസ്യം ചെയ്ത് മനുഷ്യരിൽ വീണ്ടും വീണ്ടും ചിന്താക്കുഴപ്പങ്ങൾ ഉണ്ടാക്കുന്ന നേരത്ത്, ദൈവാരാധന എങ്ങനെ നടത്തണമെന്നുംമറ്റും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയുംചെയ്താൽ അതൊരു സാമുദായികനന്മകൂടിയായിരിക്കും. പൗരോഹിത്യാധിപത്യത്തിൽനിന്നും സാമാന്യവിശ്വാസികളെ അടർത്തിയെടുക്കുവാനും പറ്റും. അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും പടുകുഴിയിൽ വീണുകിടക്കുന്നവരെ അവരായിരിക്കുന്ന അവസ്ഥയിൽ, അവരുടെ അവസ്ഥയെ പ്രകീർത്തിച്ചും അനുകൂലിച്ചും അനുഭാവം കാട്ടിയും മറ്റുള്ളവർക്ക് ഒതപ്പുണ്ടാക്കിയും സമയംകളയുന്ന നേരത്ത്, മുൻപറഞ്ഞ ബോധവൽക്കരണം നടത്തി അവരെ നേരെയാക്കാൻ നോക്കണം. ഇവിടെയാണ് ആത്മീയമായും സാമൂഹികമായുമുള്ള നവീകരണം നടക്കുന്നത്. ഇതാണ് നവീകരണാശയക്കാരുടെ കടമയും ധർമ്മവും. ഇതായിരിക്കണം, 'കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാന'ത്തിന്റെയും നയസമീപനം.

ഫോൺ : 9497632219

- സഭാനവീകരണത്തിന്റെ നയസമീപനത്തെക്കുറിച്ച് ഇപ്രകാരമൊരു സർഗ്ഗസംവാദത്തിനു തുടക്കം കുറിച്ച ബഹു. തകിടിയേൽ മാത്തുച്ചേട്ടൻതന്നെ ഈ പ്രതികരണത്തിലൂടെ അതിനു കൂടുതൽ ജീവൻ പകർന്നിരിക്കുന്നു എന്നതിൽ സന്തോഷം തോന്നുന്നു. സഭാനവീകരണരംഗത്ത് വ്യക്തമായ കാഴ്ചപ്പാടോടെ പതിറ്റാണ്ടുകൾ എഴുതിയും പ്രസംഗിച്ചും പ്രവർത്തിച്ചുംപോരുന്ന അദ്ദേഹത്തിന്റെ ആശയദൃഢതയ്ക്കു മുമ്പിൽ ശിരസ് നമിക്കാനേ എനിക്ക് കഴിയുന്നുള്ളു. വാസ്തവത്തിൽ, സഭാനവീകരണം സംബന്ധിച്ച് അദ്ദേഹം പങ്കുവയ്ക്കുന്ന ഏതാണ്ടെല്ലാ വീക്ഷണങ്ങളും വ്യക്തിപരമായി അംഗീകരിക്കുന്ന ഒരാളാണു ഞാൻ. അന്ധവിശ്വാസങ്ങൾക്ക് ആക്കം കൂട്ടുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പാടില്ലെന്നു തന്നെയാണ് ഞാനും കരുതുന്നത്. അതുപോലെ തന്നെ, ആശയപരമായ ആത്മവഞ്ചനയും കാപട്യവും വെറുക്കപ്പെടേണ്ടതാണെന്നും ഞാൻ കരുതുന്നു. അതോടൊപ്പം, സ്വന്തം സമുദായത്തിലും കുടുംബത്തിൽപ്പോലും സ്വന്തം ബോദ്ധ്യങ്ങളിലുറച്ചുനിന്നുകൊണ്ട് അതിനനുസൃമായി ജീവിക്കാനോ പ്രവർത്തിക്കാനോ സാധാരണ മനുഷ്യർക്ക് എളുപ്പമല്ല എന്ന യാഥാർത്ഥ്യംകൂടി ഞാൻ കാണുന്നു എന്നതു മാത്രമേ വ്യത്യാസമായുള്ളൂ.

ഒരു ആത്മനിരീക്ഷണത്തിനു തയ്യാറായാൽ, 'ആത്മവഞ്ചന'കളുടെയും 'കാപട്യ'ങ്ങളുടെയും കൂമ്പാരമാണ് നാമോരോരുത്തരുടേയും ജീവിതമെന്ന് ആർക്കും കാണാനാകും എന്നാണെന്റെ തോന്നൽ. എന്റെ കാര്യം പറഞ്ഞാൽ, കൂദാശകളിൽ വിശ്വാസമില്ലാത്ത ഞാൻ പള്ളിയിൽ വിവാഹമെന്ന കൂദാശാകർമ്മത്തിലൂടെ വിവാഹിതനായി. ആവശ്യമില്ലെന്ന ബോധ്യമുണ്ടായിരുന്നെങ്കിലും, പള്ളിയിൽ പോകാതിരിക്കുന്നത് ജീവിതസഖിക്കു സഹിക്കാൻ കഴിയാത്തത്ര ദുഃഖത്തിനുകാരണമാകുന്നു എന്നു മനസ്സിലാക്കി പള്ളിയിൽ പോകാൻ തുടങ്ങി. ആവശ്യമെന്നു ഞാൻ കരുതാത്ത മാമോദീസയിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും വേദപാഠപഠനത്തിലൂടെയും സ്വന്തം കുട്ടികളെ കയറ്റിയിറക്കി. മൂല്യരഹിതവും യഥാർത്ഥ ജീവിതത്തിൽനിന്നകറ്റുന്നതുമാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായമെന്നു നിശ്ചയമുള്ള ഞാൻ എന്റെ കുട്ടികളെ അതേ സമ്പ്രദായത്തിലൂടെത്തന്നെ പഠിപ്പിച്ചു. ഉദ്യോഗജീവിതത്തിലേക്കു നോക്കിയാൽ, ആശയപരമായി എതിർപ്പുള്ള പല മേഖലകളിലും ഞാൻ ജോലി ചെയ്തു, ചെയ്യുന്നു. 'മീനച്ചിൽ നദീജലസംരക്ഷണസമിതി'യുടെ സജീവപ്രവർത്തകനായി, മണൽവാരലിനെതിരെയുംമറ്റും ബോധവൽക്കരണ-സമരപരിപാടികളിൽ പങ്കാളിത്തം വഹിച്ച ഞാൻ, അതേ ആറ്റിലെ മണൽതന്നെ വാരി സ്വന്തം വീടുപണിക്കുപയോഗിച്ചു. അന്തരീക്ഷമലിനീകരണത്തിന്, ഒരു 'ടൂവിലറി'ലൂടെ മാത്രമാണെങ്കിൽപ്പോലും, എന്റെ വക പുക ഞാനും സംഭാവന ചെയ്തുകൊണ്ടിരിക്കുന്നു. സമൂഹത്തിലെ ചെറിയൊരു ന്യൂനപക്ഷംമാത്ര

മായ ഉദ്യോഗസ്ഥവിഭാഗത്തിനു ശമ്പളവും പെൻഷനും കൊടുത്ത് ഖജനാവു ചോർത്തുന്ന രീതി ശരിയല്ലെന്നും, മണ്ണിൽ പണിയെടുത്ത് സർവ്വരെയും തീറ്റിപ്പോറ്റുന്ന കർഷകർക്കും കർഷകത്തൊഴിലാളികൾക്കുമില്ലാത്ത ഒരവകാശത്തിനും മറ്റൊരു വിഭാഗത്തിനും അർഹതയില്ലെന്നും ആത്മാർത്ഥമായി കരുതുന്ന ഞാൻ, അന്നു ശംബളം കൈപ്പറ്റുന്നതിലും ഇന്നു പെൻഷൻ വാങ്ങുന്നതിലും ഒരു കുറവും വരുത്താൻ തയ്യാറായിട്ടില്ല. എനിക്കു യോജിപ്പില്ലാത്ത രാഷ്ട്രീയപ്പാർട്ടികൾക്കും ഇഷ്ടമില്ലാത്ത സ്ഥാനാർത്ഥികൾക്കും ഞാൻ വോട്ടു നൽകിക്കൊണ്ടിരിക്കുന്നു. എല്ലാ മനുഷ്യർക്കും അവകാശപ്പെട്ട ഈ ഭൂമിയെ തുണ്ടുകളായി മുറിച്ച് വില്പനച്ചരക്കാക്കുന്നത് മഹാ അപരാധമാണെന്നു കരുതുന്ന ഞാൻ ഭൂമി വാങ്ങുകയും വിൽക്കുകയും ചെയ്തിട്ടുണ്ട്.... ഇങ്ങനെ നോക്കിയാൽ, ആത്മവഞ്ചനയുടെയും കാപട്യത്തിന്റെയും ഒരു പരമ്പരയാണ് സ്വന്തം ജീവിതമെന്ന് എനിക്ക് പറയേണ്ടിവരും.

പക്ഷേ, ഇതൊക്കെ യഥാർത്ഥത്തിൽ ആത്മവഞ്ചനയും കാപട്യവുമാണോ....? ഈ ചോദ്യത്തിന് യാഥാർത്ഥ്യബോധത്തോടെ ഉത്തരംതേടിയാൽ, ഇതൊന്നും ആത്മവഞ്ചനയോ കാപട്യമോ അല്ലെന്നു കാണാനാകും. മാത്രമല്ല, നിലവിലുള്ള സാമൂഹിക-സഭാ സാഹചര്യങ്ങളെ എതിർക്കുന്നവർക്കും മാറ്റിമറിക്കാൻ ശ്രമിക്കുന്നവർക്കുമെല്ലാം നിലവിലുള്ള അതേ സാഹചര്യങ്ങൾക്കു വിധേയപ്പെട്ടേ ജീവിക്കാനാവൂ എന്നും, ഈ വിധേയപ്പെടൽ കാപട്യത്തെയോ ആത്മവഞ്ചനയെയോ അല്ല, മറിച്ച് നിസ്സഹായതയെയാണു സൂചിപ്പിക്കുന്നതെന്നുകൂടി അപ്പോൾ മനസ്സിലാകും. അഴിമതിക്കെതിരെ നിലപാടെടുത്തിട്ടുള്ളവർക്കും സ്വന്തം മക്കളെ സ്കൂളിലും കോളേജിലും ചേർക്കാൻ ഇന്നു കോഴ കൊടുക്കേണ്ടിവരും. അത് ആത്മവഞ്ചനയല്ല, നിവൃത്തികേടാണ്.

മറ്റൊന്ന്, സ്നേഹത്തിന്റെ മുമ്പിലുള്ള വിട്ടുവീഴ്ചാമനഃസ്ഥിതിയാണ്. കുമ്പസാരത്തിലും കുർബാനയിലുമൊന്നും വിശ്വാസമില്ലാത്ത ഒരാളോട്, 'എടാ, നീ ഒന്ന് കുമ്പസാരിച്ചു കുർബ്ബാന കൈക്കൊള്ളുന്നതു കാണാൻ എനിക്കാഗ്രഹമുണ്ട്' എന്ന് അയാളുടെ അമ്മ പറയുന്നെങ്കിൽ, ആ ആഗ്രഹം സാധിച്ചു കൊടുക്കുന്നതാണ് ശരി എന്നാണെന്റെ അഭിപ്രായം. മറിച്ചായാൽ, അതിനെ കുറ്റകരമായ ആദർശപ്പിടിവാശിയായേ കാണാൻ കഴിയൂ. സ്നേഹത്തിനു മുമ്പിൽ തലകുനിച്ചുള്ള പ്രവൃത്തികളെ കേവലം അഭിനയമായാണു കാണേണ്ടത്; ആത്മവഞ്ചനയായോ കാപട്യമായോ അല്ല. സാഹചര്യത്തിനനുസരിച്ച് ഏതു കഥാപാത്രമായിട്ടും അഭിനയിക്കാൻ കഴിയുന്നവൻ നല്ല അഭിനേതാവുമാത്രമാണ്, കപടനാട്യക്കാരനല്ല. സുവിശേഷത്തിനുവേണ്ടി താൻ നടത്തുന്ന 'അഭിനയ'ത്തെപ്പറ്റി പൗലോസ്ശ്ലീഹാ ഇങ്ങനെ പറയുന്നു: "....യഹൂദരെ നേടേണ്ടതിന് യഹൂദർക്കു ഞാൻ യഹൂദനെപ്പോലെയായി... നിയമത്തിൻകീഴിലുള്ളവർക്കു ഞാൻ നിയമത്തിൻ കീഴിലുള്ളവനെപ്പോലെയായി.... നിയമത്തിനു പുറത്തുള്ളവരെ നേടേണ്ടതിന്, നിയമത്തിനു പുറത്തുള്ളവർക്കു ഞാൻ നിയമത്തിനു പുറത്തുള്ളവനേപ്പോലെയായി.... ദുർബലരെ നേടേണ്ടതിനു ദുർബലർക്കു ഞാൻ ദുർബലനായി. എല്ലാപ്രകാരത്തിലും കുറെപ്പേരെ നേടേണ്ടതിന് എല്ലാവർക്കും ഞാൻ എല്ലാമായി.... സുവിശേഷത്തിനുവേണ്ടി ഇവയെല്ലാം ഞാൻ ചെയ്യുന്നു"(1കോറി. 9:20-23).

അപ്പോൾ, സഭാനവീകരണത്തിനു വേണ്ടി അന്ധവിശ്വാസികൾക്കും പ്രതിമാവണക്കക്കാർക്കുമിടയിൽ സഭാനവീകരണപ്രവർത്തകർ അന്ധവിശ്വാസികളെപ്പോലെയും പ്രതിമാവണക്കക്കാരെയുംപോലെ അഭിനയിച്ചാൽ അതു കാപട്യമാകുമോ? അതിൽ തെറ്റു പറയാനാകുമോ?

സത്യവും നീതിയും പുലരണമെന്നു കരുതുന്ന മനുഷ്യമനസ്സുകൾ, സത്യവും നീതിയും പുലരാത്ത ലോകസാഹചര്യങ്ങളോടു പ്രതികരിക്കുകയും സംവദിക്കുകയും ചെയ്യുമ്പോഴാണ് പുരോഗമനാശയങ്ങളും തത്വങ്ങളും ആദർശങ്ങളും പിറവികൊള്ളുന്നത്. അവയെല്ലാം പ്രാവർത്തികമാക്കാനുള്ളവയാണ്; അല്ലാതെ, അവ ഉടലെടുക്കുന്ന കാലത്ത് പ്രാവർത്തികമാകുന്നവയല്ല. മാനുഷികമൂല്യങ്ങളുടെ അസ്തിവാരത്തിൽ ഇനി പണിയപ്പെടേണ്ട ഒരു നവസമൂഹത്തിലേ അവ പ്രാവർത്തികമാകൂ. അപ്പോൾ മാത്രമേ, അതുവരെ പറഞ്ഞുകൊണ്ടിരുന്ന ആശയങ്ങൾക്കും ആദർശങ്ങൾക്കും അനുസൃതമായി ഒരുവനു ജീവിക്കാനുമാകൂ. അതുവരെ, നിലവിലുള്ള തെറ്റായ സമൂഹവ്യവസ്ഥയുടെ അരികിലൂടെയെങ്കിലും ഒഴുകാതെ ആർക്കും ജീവിക്കാനാവില്ല. അങ്ങനെ ജീവിക്കുന്നത് കാപട്യമോ ആത്മവഞ്ചനയോ അല്ലെന്നു തിരിച്ചറിയേണ്ടത് അനാവശ്യ കുറ്റപ്പെടുത്തലുകളെ നേരിടാനും അനാവശ്യ കുറ്റബോധം ഉണ്ടാകാതിരിക്കാനും ആവശ്യമാണ്.

'സഭയും സമുദായവും ഒന്നല്ല, രണ്ടാണ്' എന്ന പ്രസ്താവനയും ഇപ്പോൾ സൂചിപ്പിച്ച തരത്തിൽ, ഇന്ന് ആശയതലത്തിൽമാത്രം

ശരിയായി നിലകൊള്ളുന്ന ഒരു തത്വമാണ്. സഭയും സമുദായവും രണ്ടാകേണ്ടതുണ്ട്. അതാണുശരി, എന്നേ യഥാർത്ഥത്തിൽ നാം അതുകൊണ്ട് അർത്ഥമാക്കുന്നുള്ളു എന്നോർക്കുക. കാരണം, അവ ഇന്ന് രണ്ടല്ല, ഒന്നാണ്. കത്തോലിക്കാസഭയെയും കത്തോലിക്കാ സമുദായത്തെയും തമ്മിൽ വേർതിരിക്കുന്ന അതിർത്തിരേഖ തകർക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ്, സഭാഘടനയുടെ നിയന്താക്കൾതന്നെ ഇന്ന് കത്തോലിക്കാസമുദായത്തിന്റെയും നിയന്താക്കളായിരിക്കുന്നത്. ഈ ദുരവസ്ഥ മാറ്റണമെങ്കിൽ സഭാഘടനയെത്തന്നെ തൊടണം. അവിടെയുണ്ടാകുന്ന ചലനമാണ് സമുദായ പരിഷ്ക്കരണമായി മാറുന്നത്. ശ്രീനാരായണഗുരു അദ്വൈതദർശനത്തിലൂന്നിനിന്ന് ബ്രാഹ്മണാധിപത്യപരമായിരുന്ന അന്നത്തെ ഹിന്ദുമതത്തെ തൊട്ടപ്പോൾ, അത് കേരളസമൂഹത്തിന്റെതന്നെ നവോത്ഥാനമായിപരിണമിച്ചു എന്നത് നമുക്കനുഭവമുള്ള ചരിത്രമാണല്ലോ. സഭാ നവീകരണപ്രസ്ഥാനങ്ങൾ ലക്ഷ്യമിടേണ്ടതും സമാനമായ ഒരു സാമൂഹികനവോത്ഥാനമാണ്; ക്രൈസ്തവസമൂഹത്തെ പുരോഹിതഘടനയിൽനിന്നു സ്വതന്ത്രമാക്കുന്ന ഒരു സാമൂഹികനവോത്ഥാനം. അതിന് സഭാഘടനയെ തൊടാൻ ധൈര്യപ്പെടുന്ന സഭാനവീകരണ പ്രസ്ഥാനങ്ങൾതന്നെയാണ് വേണ്ടത്.

കുരീപ്പുഴ ഇടവകസമൂഹം കൊല്ലം രൂപതാധികാരത്തിനെതിരെ നടത്തിയ സമരത്തിന്റെ മൂർദ്ധന്യത്തിൽ അവിടെ കണ്ടെത്തിയ മാതാവിന്റെ സ്വരൂപത്തെ 'KCRM മാതാ'വെന്ന് പേരിട്ട് കുരീപ്പുഴക്കാർ സമരായുധമാക്കിയതും അത് 'സത്യജ്വാല' ഉയർത്തിക്കാട്ടിയതുമാണല്ലോ ഈ സംവാദത്തിന്റെ കേന്ദ്രബിന്ദു. അതുകൊണ്ട് അക്കാര്യം പരാമർശിക്കാതെ ഈ പ്രതികരണം പൂർത്തിയാകില്ല. മോണിക്കാ വിഷയത്തിൽ നടന്ന പ്രതിഷേധപ്രകടനത്തിൽ മാതാവിന്റെ പ്രതിമയുമായി പോയിരുന്നെങ്കിൽ അതു ശരിയാകുമായിരുന്നോ എന്ന് മാത്തുച്ചേട്ടൻ ചോദിച്ചിരിക്കുന്നു. അതേ വിഷയത്തിൽ ചങ്ങനാശ്ശേരിയിൽ നടത്തിയ പ്രകടനം കുരിശുംവഹിച്ചാണു നടത്തിയത്. അതും പ്രതിമ തന്നെയല്ലേ? 'KCRMമാതാ'വിന്റെ ചിത്രത്തോടുകൂടി, ആ മാതാവിനോടുള്ള പ്രാർത്ഥന 'സത്യജ്വാല'യിൽ പ്രസിദ്ധീകരിച്ചത് അതിൽ വിശ്വാസമുണ്ടായിട്ടാണോ എന്നും മാത്തുച്ചേട്ടൻ ചോദിച്ചിട്ടുണ്ട്. സത്യം പറയട്ടെ, KCRM കേവലമൊരു ആശയപ്രചാരണപ്രസ്ഥാനമായിരുന്നെങ്കിൽ, 'സത്യജ്വാല'യിൽ അതു പ്രസിദ്ധീകരിക്കുമായിരുന്നില്ല. മാത്രമല്ല, മാത്തുച്ചേട്ടനെപ്പോലെ തന്നെ അതു ശരിയായില്ലെന്നെഴുതിയെന്നും വന്നേനെ. എന്നാൽ പുരോഹിതാധിപത്യത്തിനെതിരെ വിശ്വാസസമൂഹത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുകകൂടി ചെയ്യുന്ന KCRM-ന്, പുരോഹിതാധിപത്യത്തിന്റെ പ്രഹരമേറ്റു വീണുകിടന്ന കുരീപ്പുഴ ഇടവകസമൂഹം വിശ്വാസതലത്തിൽ എവിടെ നിൽക്കുന്നു, അവർ അന്ധവിശ്വാസികളാണോ, പ്രതിമാവണക്കക്കാരാണോ മുതലായ കാര്യങ്ങൾ അപ്രധാനങ്ങളായിരുന്നു. ഫ്രാൻസീസ് മാർപാപ്പാ പറഞ്ഞ പ്രകാരം, ആദ്യം അവരുടെ മുറിവുണക്കുന്നതിലാണു ശ്രദ്ധിച്ചത്. പിന്നെ, അവരെ ബലപ്പെടുത്തി സ്വന്തം കാലിൽ എഴുന്നേല്പ്പിച്ചു നിർത്തുന്നതിലും. അല്ലെങ്കിൽ പൗലോസ്ശ്ലീഹായുടെ ശൈലിയിൽ, ദുർബലരെ നേടേണ്ടതിന് KCRM-വും ദുർബലരെപ്പോലെയാകുകയാണു ചെയ്തത്. അന്ധവിശ്വാസികളെയും വിഗ്രഹാരാധകരെയും നേടാൻ അവരെപ്പോലെ ആകുകയാണു ചെയ്തത്. അങ്ങനെ അഭിനയിക്കുകയാണു ചെയ്തത്.

അല്ലെങ്കിൽത്തന്നെ, കത്തോലിക്കാ സഭയിൽ എന്താണ് അന്ധവിശ്വാസവും വിഗ്രഹാരാധനയും അല്ലാതായുള്ളത് എന്നുകൂടി നാം ആലോചിക്കണം. ബലിസങ്കല്പത്തോടുകൂടിയതും യേശുവിന്റെ യഥാർത്ഥ ശാരീരികസാന്നിദ്ധ്യം പ്രഖ്യാപിച്ചിരിക്കുന്നതുമായ പരിശുദ്ധകുർബ്ബാനപോലും അന്ധവിശ്വാസമല്ലേ?

റോഡിനു നടുവിൽ കാലുനാട്ടി ഗതാഗതത്തിനു തടസ്സംസൃഷ്ടിച്ചതായി പരാതി

പെരുമ്പാവൂർ: തോട്ടുവ-നമ്പിള്ളി പി.ഡബ്ലിയു.ഡി. റോഡിൽ ചേരാനല്ലൂർ കിഴക്കേ അങ്ങാടി കപ്പേള, തിരുനാളിനോടനുബന്ധിച്ച് പുറകുവശത്തെ റോഡിനു നടുവിലായി കാലുനാട്ടി വാഹനഗതാഗതത്തിന് തടസ്സം സൃഷ്ടിച്ചിരിക്കുന്നതായി നാട്ടുകാരുടെ പരാതി. റോഡിനു നടുവിലുള്ള കാലിൽ അപകട സിഗ്നലിനായി ചുവന്ന ട്യൂബ്ലൈറ്റ് ഫ്രെയിമുകളും വച്ചുകെട്ടിയിട്ടുണ്ട്. 'ഗോ സ്ലോ' എന്ന് എഴുതി വച്ചിട്ടുമുണ്ട്.

പത്തോളം സ്വകാര്യബസ്സുകളും ഒരു കെ.എസ്.ആർ.ടി.സി. ബസ്സും ഇതിലെ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ ധാരാളം സ്കൂൾ ബസ്സുകളും, പ്രൈവറ്റ് കാറുകളും, ഡസൺ കണക്കിന് ബൈക്കുകളും കാലടി-പെരുമ്പാവൂർ-ആലുവ ഭാഗങ്ങളിലേക്ക് ഈ വഴി കടന്നു പോകുന്നുണ്ട്. ഈ കപ്പേളയുടെ മതിൽ റോഡ് കൈയേറി നിർമ്മിച്ചിരിക്കുന്നു എന്ന പരാതിയിൽ ബന്ധപ്പെട്ടവർക്ക് പി.ഡബ്ലിയു.ഡി. അധികാരികൾ നോട്ടീസ് നൽകിയതാണ്. ഈ ആക്ഷേപം നിലനിൽക്കുമ്പോൾത്തന്നെ റോഡിനു നടുവിൽ പന്തൽ ഇട്ടിരിക്കുന്നത് തങ്ങളോടുള്ള വെല്ലുവിളിയാണെന്ന് നാട്ടുകാർ പറയുന്നു. (കടപ്പാട്: 2015 ജൂൺ 11-ലെ 'ഫ്ളാഷ്')

- റോഡുകൾ കൈയേറി ത്ലാക്കാലികപന്തലുകളും, വേണമെന്നു തോന്നിയാൽ കപ്പേളകൾവരെ പണുത് പുണ്യം സമ്പാദിക്കുന്നതിൽ കേരളത്തിലെ ക്രൈസ്തവസഭകൾ എന്നും മുമ്പിലാണ്. ഇതെല്ലാം കണ്ട്, തങ്ങൾ പിന്നോട്ടുപോകരുതല്ലോ എന്നു കരുതി മറ്റു മതസ്ഥരും അതനുകരിക്കുന്നു എന്നുമാത്രം.

എന്നാൽ, ഇപ്പോൾ ഇതിനെല്ലാം സഭയ്ക്കു തിരിച്ചടികൾ കിട്ടാൻ തുടങ്ങിയിട്ടുണ്ട്. ഇക്കഴിഞ്ഞ ഡിസംബറിൽ പാലായിൽ നടന്ന മരിയൻ ജൂബിലിപ്പെരുന്നാളിന്, പതിവുപോലെ, ഒരു കിലോമീറ്ററിലേറെ ദൂരത്തിൽ നെടുനെടുങ്കൻ തോരണപ്പന്തലിട്ടു. ആധുനികരീതിയിൽ പണിതീർത്തിട്ടിരുന്ന മെയിൻ റോഡിൽ നൂറുകണക്കിനു കുഴികളെടുത്തു കാലുനാട്ടിയായിരുന്നു ഈ പന്തലിട്ടത്. നിയമജ്ഞരും പൗരബോധമുള്ളവരും ധൈര്യശാലികളുമായ രണ്ടുമൂന്നു ചെറുപ്പക്കാർ (കത്തോലിക്കർതന്നെ) നിയമപരമായി നീങ്ങി. രൂപതാധികൃതരും ബന്ധപ്പെട്ട ഉദ്ധ്യോഗസ്ഥരും വിയർത്തു; വിയർത്തുകൊണ്ടിരിക്കുന്നു. ഏതായാലും, ഇനി പാലായിൽ പെരുന്നാളിന്റെപേരിൽ റോഡു കുഴിയ്ക്കൽ നടക്കില്ല എന്ന് ഏതാണ്ട് ഉറപ്പായിക്കഴിഞ്ഞിട്ടുണ്ട്... എല്ലായിടങ്ങളിലും, ചേരാനെല്ലൂരിലും, ജനങ്ങൾ ഉയരട്ടെ!

വിഗ്രഹാരാധനയല്ലേ? അതിനിടയിൽ പുരോഹിതൻ 'ആനാം വെള്ളം' വീഴ്ത്തി വെഞ്ചരിക്കാത്ത ഒരു എളിയ അത്മായ വിഗ്രഹംകൂടി ഉണ്ടാകുന്നതിൽ അപകടമൊന്നുമുണ്ടാകുമെന്നു തോന്നുന്നില്ല. വിശ്വാസികളെ മയക്കിക്കിടത്താനും ചൂഷണംചെയ്യാനും പൗരോഹിത്യം അടിച്ചേല്പിച്ച വിഗ്രഹഭക്തിയെത്തന്നെ ആയുധമാക്കി പുരോഹിതാധികാരത്തിനെതിരെ കുരീപ്പുഴക്കാർ ആഞ്ഞടിക്കുന്നതു കണ്ടപ്പോൾ കൈകൊട്ടിച്ചിരിക്കാനേ 'സത്യജ്വാല'യ്ക്കു തോന്നിയുള്ളു എന്നതൊരു വസ്തുതയാണ്. പുരോഹിത തിരസ്കാരത്തിന്റെ അടയാളമായി വേണമെങ്കിൽ കൂരിപ്പുഴയിൽ അല്പകാലംകൂടി KCRM മാതാവ് നിലനിന്നുകൊള്ളട്ടെ. KCRM അതിനെ പ്രൊമോട്ടു ചെയ്യുകയില്ല. അതിനെ എടുത്തു ദൂരെ കളയാനും പറയുകയില്ല. കാരണം, അത് അവർ സ്വയം ബോധ്യപ്പെട്ടുതന്നെ എടുത്തുമാറ്റിക്കൊള്ളും എന്ന് ഈ പ്രസ്ഥാനത്തിലുള്ളവർക്കറിയാം. സത്യത്തിന്റെ ജ്വാല അവരിൽ കൂടുതൽ പടരുമ്പോൾ 'KCRM മാതാ'വിന്റെ പ്രതിമ മാത്രമല്ല, മറ്റെല്ലാ പ്രതിമകളും അവരെടുത്തു മാറ്റിക്കൊള്ളും എന്നാണു പ്രതീക്ഷിക്കുന്നത്. ■

'സ്ഥലപരിമിതി' എന്ന 'വില്ലൻ'

'സത്യജ്വാല' നേരിടുന്ന ഒരു പ്രധാന വെല്ലുവിളി, സ്ഥലപരിമിതിയാണ്. മാസികയുടെ ഏതാണ്ട് നൂറോളം പേജുകൾക്കുള്ളത്ര രചനകൾ പ്രസിദ്ധീകരിക്കാൻ കഴിയാതെ ഇപ്പോൾ 'മാറ്റർ ഫയലിൽ എഡിറ്റിംഗ് -പ്രൂഫ് ജോലികൾ തീർന്നുകിടപ്പുണ്ട്. അടിയന്തിരപ്രാധാന്യമെന്നു തോന്നുന്നതും തുടർലേഖനങ്ങളുംമാത്രം തിരഞ്ഞെടുത്തു പ്രസിദ്ധീകരിക്കുക എന്ന നയമാണിപ്പോൾ സ്വീകരിച്ചിരിക്കുന്നത്. എന്നിട്ടും, ശ്രീ.കെ.ജോർജ് ജോസഫിന്റെ 'ഞാറയ്ക്കൽ പ്രശ്നം- ഒരു ചരിത്രാന്വേഷണം' എന്ന പരമ്പരയുടെ തുടർച്ചയും, പുതുതായി ഉടലെടുത്തിരിക്കുന്ന 'അതിരമ്പുഴ പള്ളിപ്രശ്ന'ത്തെക്കുറിച്ചുള്ള ലേഖനവും ഇപ്രാവശ്യം ചേർക്കാൻ കഴിഞ്ഞില്ല. ഈടുറ്റ ഒട്ടേറെ ലേഖനങ്ങളും തുടർച്ചയായി മാറ്റിവയ്ക്കേണ്ടി വരുന്നു. സ്വാഭാവികമായും പല രചയിതാക്കൾക്കും പരിഭവം തോന്നുമല്ലോ.

'സത്യജ്വാല' ഒരു 8 പേജുകൂടി കൂട്ടിയാൽ പ്രശ്നപരിഹാരമാകുമെന്നറിയാം. എന്നാൽ, അതുണ്ടാക്കിയേക്കാവുന്ന അധികസാമ്പത്തികഭാരമോർത്ത്, അങ്ങനെയൊരു ആലോചനയിൽനിന്നു മാറിനിൽക്കാനേ KCRM-നു സാധിക്കുകയുള്ളു. എങ്കിലും, ഇക്കാര്യത്തിലുള്ള മാന്യവായനക്കാരുടെ അഭിപ്രായങ്ങളും പ്രായോഗികനിർദ്ദേശങ്ങളും ക്ഷണിക്കുന്നു.-എഡിറ്റർ

വിശ്വാസാനുഷ്ഠാനങ്ങളും യേശുവിലൂടെയുള്ള രക്ഷയും



റവ.ഡോ.സിപ്രിയൻ ഇല്ലിക്കമുറി, OFM Cap.

[കഴിഞ്ഞ ലക്കത്തിൽ ബഹു. ഇല്ലിക്കമുറിയച്ചന്റെ ലേഖനവും അതിനോടുള്ള എന്റെ പ്രതികരണവും കൊടുത്തിരുന്നുവല്ലോ. ആ പ്രതികരണത്തിനു മറുപടിയായി ദീർഘമായ ഒരു ലേഖനമാണ് അദ്ദേഹം എഴുതിത്തന്നിരിക്കുന്നത്. ഈ ലക്കംമുതൽ അതു ഖണ്ഡശഃ പ്രസിദ്ധീകരിക്കുകയാണ്. കത്തോലിക്കാ സഭയുടെ അപചയങ്ങളെല്ലാം കണ്ടറിഞ്ഞും സമ്മതിച്ചുംകൊണ്ടുംതന്നെ, സഭയുടെ പ്രബോധനങ്ങളുടെ സാധുത സമർത്ഥിക്കുന്ന ഈ മറുപടി എല്ലാവരുടേയും ശ്രദ്ധയും നിരൂപണവും അർഹിക്കുന്നു എന്ന് എടുത്തു പറയട്ടെ. ലേഖനം മുഴുവൻ പ്രസിദ്ധീകരിച്ചു കഴിഞ്ഞേ എഡിറ്ററുടെ പ്രതികരണം ഉണ്ടായിരിക്കൂ എന്നറിയിക്കുന്നു. വായനക്കാരുടെ പ്രതികരണക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുന്നതാണ്.- എഡിറ്റർ.]

കത്തോലിക്കാസഭ നൂറ്റാണ്ടുകളായി പിന്തുടർന്നുപോരുന്ന വിശ്വാസവീക്ഷണത്തിൽ നിലയുറപ്പിച്ചു കൊണ്ടുതന്നെയാണ് വീണ്ടും ഞാൻ ഈ വരികൾ എഴുതുന്നത്. അതിനാൽ ആവർത്തനവിരസത അനുഭവപ്പെട്ടേക്കാം. എങ്കിലും, എന്റെ അനുവാചകരും അതേ വിശ്വാസവീക്ഷണങ്ങളിൽ ജനിച്ചു വളർന്നവരായതുകൊണ്ട് ഒരേ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടു സംസാരിക്കാനും അനുഭവങ്ങൾ പങ്കുവയ്ക്കാനും കഴിയുമല്ലോ എന്ന സന്തോഷമുണ്ട്. നമ്മൾ ജനിച്ചുവളർന്ന സാഹചര്യങ്ങളിൽ ഈ വിശ്വാസവീക്ഷണങ്ങളെക്കുറിച്ച് തിയററ്റിക്കൽ ആയിട്ടു നമുക്കു കുറെയെല്ലാം അറിവു കിട്ടിയെങ്കിലും, അവയുടെ ആന്തരികാർത്ഥങ്ങളിലേക്കു കടന്നുചെല്ലാനോ അവയെ ആഴത്തിൽ മനസ്സിലാക്കാനോ അന്നു നമുക്ക് അധികമൊന്നും അവസരങ്ങളുണ്ടായിരുന്നില്ല. ഉദാഹരണമായി, നമ്മൾ എല്ലാവരും മാമ്മോദീസാ മുങ്ങി, ഒരു അനുഷ്ഠാനമായിട്ട്. അതിന്റെ അർത്ഥത്തെപ്പറ്റി കുഞ്ഞുങ്ങളായിരുന്ന നമുക്കോ നമ്മുടെ മാതാപിതാക്കൾക്കോ വലിയ അറിവൊന്നുമുണ്ടായിരുന്നില്ല. മാമ്മോദീസാ മുക്കിയവർ കാര്യമായി പറഞ്ഞുതന്നുമില്ല. വീട്ടിൽ കുരിശുവരയും പ്രാർത്ഥനയും വേണമെന്നു നമ്മൾ പഠിച്ചു. കാണാതെ പഠിച്ച കുറെ പ്രാർത്ഥനകൾ നമ്മൾ ചൊല്ലിക്കൂട്ടി. പള്ളിയിൽ പോയി കുർബ്ബാനകണ്ടു. സുറിയാനിയിലോ ലത്തീനിലോ ചൊല്ലിയ കുർബാനയുടെ അർത്ഥമൊന്നും നമുക്ക് വ്യക്തമായിരുന്നില്ല. പിന്നെ നമുക്കെല്ലാം ഇഷ്ടപ്പെട്ട അനുഷ്ഠാനങ്ങളായിരുന്നു, പെരുന്നാളുകളും അവയോടനുബന്ധിച്ചുള്ള പ്രദക്ഷിണങ്ങളുംമറ്റും. മതബോധനമായി നമുക്കു കിട്ടിയത് കാണാതെ പഠിച്ചു ചൊല്ലേണ്ട കുറെ പ്രാർത്ഥനകളും കാണാതെ പഠിക്കേണ്ട കുറെ ചോദ്യോത്തരങ്ങളുമുണ്ടായിരുന്നു. സാമൂഹികാചാരങ്ങളായി ചില അനുഷ്ഠാനങ്ങൾ ഒക്കെ ഉണ്ടായിരുന്നെങ്കിലും, അവയുടെ അർത്ഥതലങ്ങളെക്കുറിച്ച് ഉൾക്കാഴ്ചയും അവബോധവുമുള്ളവരും തങ്ങളുടെ ക്രൈസ്തവവിശ്വാസം മനസ്സിലാക്കി ജീവിച്ചവരും കുറച്ചുപേർ മാത്ര

പത്രാധിപർക്കുള്ള കത്ത്

'സത്യജ്വാല' ജ്വലിക്കട്ടെ!

സുബൈദ (നോവലിസ്റ്റ്)

കത്തോലിക്കാസഭയിലെ സന്ന്യാസം വിട്ടിറങ്ങിയ പുരോഹിതരുടെയും കന്യാസ്ത്രീകളുടെയും പൊള്ളുന്ന അനുഭവങ്ങൾ ആദ്യം അറിഞ്ഞത് സിസ്റ്റർ ജസ്മിയുടെ 'ആമേൻ' എന്ന ആത്മകഥ വായിച്ചപ്പോഴായിരുന്നു. പൂർണ്ണമായിട്ടല്ലെങ്കിലും കുറേ കാര്യങ്ങൾ അവർ വെളിപ്പെടുത്തിയിട്ടുണ്ട്. മതം സംഘടനയാകുമ്പോഴുണ്ടാകുന്ന മാറ്റവും, മഠം വിട്ടു പുറത്തുവരുന്നവരുടെ ആത്മധൈര്യം തകർക്കുന്ന രീതിയിൽ സമുദായത്തിലെ പകൽമാന്യന്മാർ പെരുമാറുന്നതുമാണ് അവർ നേരിടുന്ന പ്രശ്നങ്ങൾക്കു കാരണം.

കാൽനൂറ്റാണ്ടിലധികകാലം കന്യാസ്ത്രീയായി ജീവിതം ഹോമിച്ച ഒരു സ്നേഹിതയുടെ വീട്ടിൽവച്ചാണ് 'സത്യജ്വാല'യുടെ ലക്കങ്ങൾ കിട്ടിയത്. ദൈവപുത്രനായ യേശുദേവൻ രൂപപ്പെടുത്തിയ മഹനീയ ദർശനങ്ങളെയാണ് മഠങ്ങളിലെ അമ്മമാരും പള്ളികളിലെ അച്ചന്മാരും തങ്ങളുടെ അധികാരത്തിനുവേണ്ടി ദുരുപയോഗം ചെയ്യുന്നത്. ഇതിനെതിരെയുള്ള താങ്കളുടെയും സുഹൃത്തുക്കളുടെയും ധർമ്മസമരത്തിന് ഒരു എഴുത്തുകാരനെന്ന നിലയ്ക്ക് ഞാൻ സർവ്വപിന്തുണയും വാഗ്ദാനം ചെയ്യുന്നു. 'സത്യജ്വാല' ജ്വലിക്കട്ടെ!

മായിരുന്നു. വളരെപ്പേർ ക്രൈസ്തവമായ സാമൂഹികാചാരങ്ങളും അനുഷ്ഠാനങ്ങളും നടത്തിയിരുന്നെങ്കിലും പേരിനുമാത്രം ക്രിസ്ത്യാനികളായിരുന്നു. ഇംഗ്ലീഷിൽ പറയാറുള്ള Folk religion ആയിരുന്നു, അവരെ സംബന്ധിച്ചിടത്തോളം ക്രിസ്തുമതം. ബോധ്യത്തോടെ തിരഞ്ഞെടുത്തതുകൊണ്ടല്ല, ക്രൈസ്തവരായി ജനിച്ചതുകൊണ്ടുമാത്രം ക്രൈസ്തവരായി അറിയപ്പെടുന്നവരെയാണ് ഇതർത്ഥമാക്കുന്നത്.

ഈ സ്ഥിതിക്കു കുറെയെല്ലാം മാറ്റം വന്നത് രണ്ടാം വത്തിക്കാൻ കൗൺസിലിനോടുകൂടിയാണെന്നു പറയാം. എന്നാൽ പാരമ്പര്യത്തെ കൈവിടാൻ മടിക്കുന്ന ചിലർ ഇന്നും പഴയനിലപാടുകൾ വച്ചുപുലർത്തുന്നവരായുണ്ട് എന്നതു വാസ്തവംതന്നെ. ഇന്നും വിശ്വാസത്തിന്റെയും ആധ്യാത്മികതയുടെയും ആഴങ്ങളിലേക്കു പോകുന്നതിനുപകരം ആചാരാനുഷ്ഠാനങ്ങൾക്ക് അമിതപ്രാധാന്യം കൊടുക്കുന്നവരുണ്ടെന്നു സമ്മതിച്ചേ തീരൂ. സാമ്പത്തികപരിഗണനകൾ വച്ചുകൊണ്ട് ഈ ആചാരാനുഷ്ഠാനങ്ങളെ വിശ്വാസത്തിന്റെയും ആധ്യാത്മികതയുടെയും മൂടുപടമണിയിക്കുന്നവരുമുണ്ട് എന്നതും സത്യംതന്നെ. എന്നാൽ ഇക്കാരണങ്ങളാൽ ക്രൈസ്തവവിശ്വാസികൾക്കു ആരാധനാനുഷ്ഠാനങ്ങളേ ആവശ്യമില്ലെന്നു പറയുന്നതു ശരിയാണെന്നു തോന്നുന്നില്ല.

യേശുവിന്റെ അനുയായികളാണല്ലോ ക്രൈസ്തവർ. അതിനാൽ യേശുവിന്റെ മാതൃകയാണ് അവർക്ക് ഏറ്റവും പ്രധാനം. പിതാവിന്റെ നേർക്കുള്ള യേശുവിന്റെ ആരാധനാമനോഭാവവും പരിപൂർണ്ണ സമർപ്പണവുമായിരുന്നു അവിടുത്തെ 'ആബാ അനുഭവ'ത്തിലെ പ്രധാനഘടകമെന്നു പറയാം. ദീർഘസമയം പിതാവുമായുള്ള കൂട്ടായ്മയിലും (Communion) സംവാദത്തിലും (Dialogue) അവിടുന്നു ചെലവഴിച്ചിരുന്നുവെന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. 40 ദിവസം മരുഭൂമിയിലും പിന്നെ പല രാത്രികളിലും മലകളിലുമൊക്കെപോയി പിതാവുമായി നടത്തിയ ആത്മഭാഷണത്തിലാണ് പിതാവിനു മനുഷ്യമക്കളുടെ നേർക്കുള്ള വ്യവസ്ഥയില്ലാത്ത സ്നേഹത്തെയും അവരുടെ സുസ്ഥിതിയിലുള്ള താൽപ്പര്യത്തെയുംപറ്റിയുള്ള ദർശനം യേശുവിനുണ്ടാകുന്നതും, മനുഷ്യന്റെ ഈ സുസ്ഥിതിക്കുവേണ്ടി സ്വയം സമ്പൂർണ്ണമായി ചെലവഴിക്കാനുള്ള തീരുമാനത്തിൽ യേശു എത്തുന്നതും. ഈ ആരാധനയും സമർപ്പണവും മനസ്സിലെ ചിന്തകളും വികാരങ്ങളും മാത്രമായിരുന്നില്ല, അവ അവിടുന്നു പ്രകടിപ്പിക്കുകയും ജീവിക്കയും ചെയ്തു. ശാരീരികജീവിയെന്ന നിലയിലും സാമൂഹികജീവിയെന്ന നിലയിലും മനുഷ്യൻ തന്റെ വികാരങ്ങളും ചിന്തകളുമൊക്കെ മനസ്സിൽ സൂക്ഷിച്ചാൽമാത്രം പോരാ, അവ പ്രകടിപ്പിക്കയും വേണം. ഈ പ്രകടനത്തിനുള്ള മാർഗ്ഗമാണ് അനുഷ്ഠാനങ്ങൾ. എല്ലാ ജനവിഭാഗങ്ങൾക്കിടയിലുമുണ്ട് അനുഷ്ഠാനങ്ങൾ. മൃഗങ്ങൾക്കിടയിലുമുണ്ട്. സാമൂഹികശാസ്ത്രപരമായും മനഃശാസ്ത്രപരമായും അനുഷ്ഠാനങ്ങൾക്കുള്ള സ്ഥാനത്തെപ്പറ്റി അഭ്യസ്തവിദ്യരായ അനുവാചകരോടു വിശദീകരിക്കേണ്ടയാവശ്യമില്ലല്ലോ. അനുഷ്ഠാനങ്ങൾക്കു അമിതപ്രാധാന്യം കൊടുക്കുന്നിടത്ത്, അവ ആന്തരികാർത്ഥങ്ങളെ ഞെരുക്കുകയും മറയ്ക്കുകയും ചെയ്യുന്നിടത്ത്, അവയെ തിരുത്തുകയാണു ചെയ്യേണ്ടത്, വേണ്ടെന്നു വയ്ക്കുകയല്ല. വേണ്ടെന്നു വയ്ക്കുവാൻ സാധ്യവുമല്ല. യേശു സിനഗോഗുശുശ്രൂഷകളിൽ പങ്കെടുക്കുകയും സങ്കീർത്തനങ്ങൾ ആലപിക്കുകയും ദൈവത്തിനു സ്തുതിയും കൃതജ്ഞതയുമർപ്പിക്കുകയും ചെയ്തിരുന്നല്ലോ.

വിശ്വാസികൾ പരസ്പരസ്നേഹത്തോടെ ഒരു സമൂഹമായി പുലർന്നിരുന്ന ആദിമസഭാചൈതന്യത്തിലേക്ക് സഭ തീർച്ചയായും തിരിച്ചുപോകണം. രണ്ടാംവത്തിക്കാൻ കൗൺസിലും അതിനുവേണ്ടി വിശ്വാസികളെ ആഹ്വാനം

→

ഇല്ലിക്കമുറിയച്ചനോട്

വർഗ്ഗീസ് തൃക്കൊടിത്താനം

കൂദാശ ചെയ്യപ്പെടുന്ന അപ്പവും വീഞ്ഞും തിരുശരീരവും തിരുരക്തവുമായി മാറുന്നു എന്നാണല്ലോ സഭയുടെ ഔദ്യോഗികപഠനം. അതിൽനിന്നുമാറിയ നിലപാടല്ലേ കർദ്ദിനാൾ റാറ്റ് സിംഗറും (പിന്നീട്, ബനഡിക്ട് 16-ാമൻ മാർപ്പാപ്പാ). അങ്ങയെപ്പോലുള്ള നിരവധി ദൈവശാസ്ത്രജ്ഞന്മാരും സ്വീകരിച്ചത്? ആണെന്ന് അങ്ങെഴുതിയ 'വചനം, വിശ്വാസം, ജീവിതം' എന്ന ഗ്രന്ഥത്തിൽ കാണുന്നു. കർദ്ദിനാൾ റാറ്റ് സിംഗറെ ഉദ്ധരിച്ച് അതിൽ അങ്ങ് ഇങ്ങനെയെഴുതി: "കുർബാനയിലുള്ള വ്യക്തിപരമായ സാന്നിധ്യം അപ്പത്തിലും വീഞ്ഞിലും പദാർത്ഥപരമായോ (Physically) രസതന്ത്രപരമായോ (Chemically) യാതൊരു മാറ്റവും വരുത്തുന്നില്ല. അപ്പം അപ്പമായും വീഞ്ഞ് വീഞ്ഞായുംതന്നെ നിലകൊള്ളുന്നു" (Vol. III page 68) എന്ന് അപ്പോൾ സഭയുടെ ഔദ്യോഗികപഠനം തെറ്റോ, ശരിയോ?

അതുപോലെ, യേശുവിന്റെ പാടുപീഡകളും ക്രൂശുമരണവും മുഴുവൻ മനുഷ്യവർഗ്ഗത്തിന്റെയും പാപപരിഹാരത്തിനും രക്ഷയ്ക്കും കാരണമാണന്നു പ്രസംഗിക്കുന്നതല്ലാതെ അത് എങ്ങനെയെന്ന് ആരും വിശദീകരിക്കാറില്ല. സുവിശേഷത്തിൽ അതിന്റെ ഒരു സൂചനപോലും കാണുന്നുമില്ല. ദയവായി, അങ്ങ് അതിന്റെ ദൈവശാസ്ത്രം ഒന്നു വിശദീകരിച്ചു തരണം എന്നഭ്യർത്ഥിക്കുന്നു. ■

ആയുധവ്യാപാരികളെ
ക്രിസ്ത്യാനികളായി കാണാനാവില്ലെന്നു മാർപാപ്പാ

ടൂറിൻ: ലോകശക്തികൾക്കും ആയുധവ്യാപാരികൾക്കുമെതിരെ രൂക്ഷവിമർശനവുമായി ഫ്രാൻസിസ് മാർപാപ്പ. ആയുധവ്യാപാരത്തിലേർപ്പെടുകയോ ആയുധവ്യവസായത്തിൽ മുതൽമുടക്കുകയോ ചെയ്യുന്നവർ തങ്ങൾ ക്രിസ്ത്യാനികളാണെന്നു കരുതുന്നുണ്ടെങ്കിൽ അതു കാപട്യമാണെന്നു മാർപാപ്പ പറഞ്ഞു. ടൂറിനിൽ യുവാക്കളുടെ റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

രണ്ടാം ലോകമഹായുദ്ധകാലത്ത് യഹൂദരും ക്രിസ്ത്യാനികളും ജിപ്സികളും പീഡനത്തിനിരയാകുന്നതു തടയാൻ വൻശക്തികൾക്കു കഴിഞ്ഞില്ല. സ്റ്റാലിൻ ഭരണകൂടത്തിനു കീഴിൽ റഷ്യയിൽ ക്രിസ്ത്യാനികൾ പീഡനത്തിനിരയായി. പീഡനകേന്ദ്രങ്ങളിലേക്കുള്ള റെയിൽ പാതയുടെ ചിത്രം പോലും പാശ്ചാത്യരാജ്യങ്ങളുടെ പക്കൽ ഉണ്ടായിരുന്നു. എന്നാൽ ദുരിതം അനുഭവിക്കുന്നവരെ രക്ഷിക്കാൻ നടപടി ഉണ്ടായില്ല. പകരം, കേക്കുപോലെ യൂറോപ്പിനെ വിഭജിക്കുന്നതിനാണ് വൻശക്തികൾ ശ്രമിച്ചത്. ചെറുരാജ്യങ്ങളെ ചൂഷണം ചെയ്യുന്നത് തുടരുകയാണെന്നും മാർപാപ്പ പറഞ്ഞു. മനുഷ്യരിൽമാത്രം വിശ്വസിക്കുന്നവർ എല്ലാം നഷ്ടപ്പെടുത്തുകയാണെന്നും യുവജനങ്ങൾക്ക് മുന്നറിയിപ്പു നൽകി.

(2015 ജൂൺ 23-ലെ മംഗളം പത്രത്തിൽനിന്ന്)

– ഫ്രാൻസീസ് മാർപ്പാപ്പായുടെ ഈ കൂരമ്പു പായുന്നത്, ക്രൈസ്തവമുഖംമൂടി ധരിച്ച്, മിഷണറിപ്രവർത്തനത്തിലൂടെയും കച്ചവടതന്ത്രങ്ങളിലൂടെയും ആയുധശക്തിയിലൂടെയും ശക്തിരാഷ്ട്രീയത്തിലൂടെയും ലോകമെമ്പാടും അധിനിവേശം നടത്തി, ജനതകളെയും പ്രകൃതിവിഭവങ്ങളെയും കൊള്ളയടിച്ച് ഭൂമിയെത്തന്നെ ദരിദ്രമാക്കി സ്വയം സമ്പന്നരാകുകയും അതേ നയംതന്നെ ഇന്നും തുടരുകയും ചെയ്യുന്ന യൂറോ-അമേരിക്കൻ വൻശക്തികളുടെ തിരുനെറ്റിയിലേക്കാണ്. ആയുധവ്യവസായത്തിന്റെയും പ്രകൃതിചൂഷണത്തിന്റെയും ആർത്തിയുടെയുമായ ഇന്നത്തെ ബാബിലോൺഗോപുര വികസനസങ്കല്പത്തിന്റെ ഉപജ്ഞാതാക്കളും 'സുവിശേഷ' പ്രഘോഷകരും മറ്റാരുമല്ലല്ലോ.

'ക്രൈസ്തവ'മേൽവിലാസമുള്ള വൻശക്തികളെ മാത്രമല്ല, മുൻ വത്തിക്കാൻ സംവിധാനത്തെവരെ പരോക്ഷമായി മുൾമുനയിൽ നിർത്തുന്നുണ്ട്, ഈ പ്രസ്താവനയിലൂടെ മാർപ്പാപ്പാ. യഹൂദവംശഹത്യയ്ക്ക് ഹിറ്റ്ലർക്കു പച്ചക്കൊടി കാട്ടിയ 12-ാം പീയൂസ് മാർപ്പാപ്പായെയും, ആയുധവ്യവസായത്തിൽ മുതൽമുടക്കിയിരുന്ന മുൻ വത്തിക്കാൻ ബാങ്ക് അധികൃതരെയും, അതിനെതിരെ നീങ്ങാനിരുന്ന ജോൺ പോൾ ഒന്നാമൻ മാർപ്പാപ്പായെ വധിച്ചു എന്നു കരുതപ്പെടുന്ന വത്തിക്കാനിലെ ഗൂഢകർദ്ദിനാൾസംഘത്തെയുമെല്ലാം അക്രൈസ്തവമുദ്ര ചാർത്തി യഥാർത്ഥ ക്രൈസ്തവസഭയിൽനിന്നു മഹറോൻ ചൊല്ലുകയാണു മാർപ്പാപ്പാ, ഈ പ്രഖ്യാപനത്തിലൂടെ.

→ ചെയ്തല്ലോ. സഭയുടെ ഈ ശൈശവദശയിൽ അനുഷ്ഠാനങ്ങൾ കുറവായിരുന്നെങ്കിലും, ഉണ്ടായിരുന്നില്ലെന്നു പറഞ്ഞുകൂടാ. കാലം ചെല്ലുകയും സഭ വളരുകയും എല്ലായിടത്തും വ്യാപിക്കുകയും കൂടുതൽ കൂടുതൽ ആളുകൾ സഭയുടെ അംഗങ്ങളാവുകയും ചെയ്തപ്പോൾ അനുഷ്ഠാനങ്ങളിലും വളർച്ചയും വികാസങ്ങളും ചില മാറ്റങ്ങളുമുണ്ടാകുക സ്വാഭാവികമാണല്ലോ. ഉദാഹരണമായി, ആരംഭത്തിൽ വിശ്വാസം ഏറ്റുപറഞ്ഞവർക്ക് അപ്പോൾത്തന്നെ ജ്ഞാനസ്നാനം നൽകിയിരുന്നു. കാലക്രമത്തിൽ കൂടുതൽ ആളുകൾ ക്രിസ്ത്യാനികളാകാൻ വന്നപ്പോൾ അവരെ വിശ്വാസത്തിൽ ആഴപ്പെടുത്തുന്നതിനും മാനസാന്തരത്തിൽ ഉറപ്പുള്ളവരാക്കുന്നതിനും പടിപടിയായുള്ള മതബോധനവും ചില അനുഷ്ഠാനങ്ങളുമൊക്കെ വേണ്ടിവന്നു. കൂദാശകളെല്ലാം ഇങ്ങനെ വിശ്വാസജീവിതത്തിന്റെ ജീവോൽപന്നമായ (Organic) വികസനങ്ങളാണ്. അവയെല്ലാം വിശ്വാസത്തിലടിയുറച്ച ജീവിതത്തിന് അനുപേക്ഷണീയമാണ്. ജീവോൽപന്നമല്ലാത്തതും വിശ്വാസവും ആദ്ധ്യാത്മികതയുമായി ഒരു ബന്ധവുമില്ലാത്തവയുമായ അനുഷ്ഠാനങ്ങളെയാണ് എതിർക്കേണ്ടത്, അല്ലാതെ അനുഷ്ഠാനങ്ങളെ അപ്പാടെ തിരസ്ക്കരിക്കയല്ല വേണ്ടത്. (തുടരും)

ഫോൺ: 0482-2597642

(36–ാം പേജിൽനിന്നു തുടർച്ച)

വിളിയായിരുന്നെന്നും, ചിത്രരചനയ്ക്കു പിന്നിൽ മാസങ്ങളുടെ പ്രയത്നമുണ്ട് എന്നും ശ്രീപ്രഭ പാലാ പറഞ്ഞു. കളർകോമ്പോസിഷനിലുണ്ടായ എന്തോ സാങ്കേതികപ്പിഴവുമൂലം ചിത്രത്തിന്റെ മനോഹാരിത ജൂൺ ലക്കത്തിന്റെ മുഖചിത്രത്തിനുണ്ടാകാതെ പോയതിൽ എഡിറ്റർ ജോർജ് മൂലേച്ചാലിൽ ഖേദം പ്രകടിപ്പിച്ചു.

തുടർന്ന് റെജി സംഘടനാകാര്യങ്ങൾ വിശദീകരിച്ചു. മുൻ വൈദികനായ ഫാ.ജോർജ് കണിയാരശ്ശേരിയുടെയും ഭാര്യ മുൻ കന്യാസ്ത്രീയായ മോളിയുടെയും 35 ലക്ഷം രൂപാ ഒരു വൈദികനും സഹോദരനും ചേർന്നു തട്ടിയെടുത്ത പ്രശ്നം, കെ.സി.ആർ.എമ്മും കർദ്ദിനാൾ ജോർജ് ആലഞ്ചേരിയുമായി നടത്തിയ ചർച്ചയെത്തുടർന്ന് അദ്ദേഹം പാലാ മെത്രാന്റെമേൽ ചെലുത്തിയ ധാർമ്മികസമ്മർദ്ദത്തിന്റെ ഫലമായി, പരിഹരിക്കപ്പെട്ടതിന്റെ സന്തോഷം അദ്ദേഹം സദസ്സുമായി പങ്കുവച്ചു. ഒരു തിരുത്തൽ ശക്തി എന്ന നിലയിൽ കെ.സി.ആർ.എം. അതിന്റെ അശ്വമേധം ആരംഭിച്ചുകഴിഞ്ഞു! കെ.സി.ആർ.എമ്മിന്റെ സജീവപ്രവർത്തകയും ഇടുക്കി ജില്ലായൂണിറ്റിന്റെ ഭാരവാഹിയുമായ സിസ്സിലിയെ ഒട്ടേറെ അനുകൂലവിധികളുണ്ടായിട്ടും സ്കൂൾ ജോലിയിൽ തിരിച്ചുകയറ്റാതെ നിയമത്തിന്റെ ഗോർഡിയൻ കുരുക്കിലിട്ടു ശ്വാസംമുട്ടിക്കുന്ന വിവാദമലയോര മെത്രാനെതിരെ കെ.സി.ആർ.എം. കർശനനിലപാടു സ്വീകരിക്കണമെന്ന റെജിയുടെ പ്രസ്താവത്തെ സദസ്സ് കരഘോഷങ്ങളോടെ അംഗീകരിച്ചു. അഞ്ഞൂറു ക്നാനായ കുടുംബങ്ങൾ ഒന്നിച്ച് 'സത്യജ്വാല' വരുത്തുവാനെടുത്ത തീരുമാനത്തെ അദ്ദേഹം അഭിനന്ദിക്കുകയും ആ തീരുമാനത്തിലേക്കു നയിച്ച KCNS നേതാക്കൾക്കു നന്ദി പറയുകയും ചെയ്തു. 'സത്യജ്വാലാ'കലാപത്തെ ഹാനാൻ വെള്ളം തളിച്ചുകെടുത്താൻ, ക്നാനായ ശുദ്ധരക്തവാദികൾ 'ക്നാനായം' എന്നൊരു മാസിക തുടങ്ങിയെന്ന വാർത്തയെ സദസ് ഹീഹീഹാസത്തോടെ ഏറ്റുവാങ്ങി. KCRM രജതജൂബിലിയാചരണം, KCRM -ന്റെ ചരിത്രഗ്രന്ഥപ്രകാശനത്തോടെ ഒക്ടോബറിലോ നവംബറിലോ നടത്തണമെന്നും അതിനകം, 'പ്രസ്ഥാന'ത്തിന് ഒരു ഓഫീസും ഹാളുമടങ്ങിയ കെട്ടിടം സ്വന്തമാക്കാനുള്ള പദ്ധതിക്കു രൂപം കൊടുക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന്, ശ്രീ എസ്.ജെ.അനന്ത് 'യേശുവും ക്രിസ്തുവും' എന്ന വിഷയത്തെ പുരസ്കരിച്ച് പ്രഭാഷണം നടത്തി. യേശു എന്ന പച്ചയായ മനുഷ്യൻ ദർശനങ്ങളുടെ ഗിരിശിഖരങ്ങളെ കീഴടക്കി ക്രിസ്തുവായ കഥ അദ്ദേഹം ദീർഘമായി വിവരിച്ചു. 'ക്രിസ്തു' എന്നത് ബോധോദയം നേടി ദൈവത്തിൽ ഒന്നായിത്തീരുന്ന

അവസ്ഥയാണെന്നും ഈ ക്രിസ്തു അവസ്ഥയിലേക്ക് എല്ലാവരെയും ക്ഷണിക്കുകയാണ് യേശു ചെയ്യുന്നതെന്നും അദ്ദേഹം വിശദീകരിച്ചു. ജോർജ് മൂലേച്ചാലിലിന്റെ സ്വകാര്യമാത്രപരതാവിരുദ്ധവും പരാർത്ഥതാനിഷ്ഠവുമായ ആത്മീയദർശനമാണ് തന്നെ 'സത്യജ്വാല'യിലേക്കും കെ.സി.ആർ.എമ്മിലേക്കും ആകർഷിച്ചതെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ അവതരണം അല്പനേരം ധ്യാനപ്രസംഗശൈലിയിലായത് സദസ്സിലൊരു ചെറിയ ന്യൂനപക്ഷത്തിന് ലേശം അതൃപ്തി പകർന്നു.

സെബാസ്റ്റ്യൻ വട്ടമറ്റം സാറും ജോസാന്റണിയും പ്രതികരണപ്രസംഗങ്ങൾ നടത്തി. യേശുവിന്റെ കാലത്തെ യഹൂദന്മാരുടെ സാമൂഹികഘടനയെ വട്ടമറ്റം ചരിത്രബോധത്തോടെ അപഗ്രഥിച്ചു. യേശുവിന്റെ ആശയങ്ങളിലുള്ള ബുദ്ധമതസ്വാധീനവും അദ്ദേഹം ചൂണ്ടിക്കാട്ടി. അന്നത്തെ മെത്രാൻസമിതിയാണ് യേശുവിനെ കുരിശിൽ തറച്ചതെന്ന് അദ്ദേഹം യുക്തിപൂർവ്വം സമർത്ഥിച്ചു... 'ക്രിസ്ത്യാനി'യെന്നോ 'യേശുവാനി'യെന്നോ വിളിക്കപ്പെടാൻ താൻ യോഗ്യനല്ല എന്ന ആത്മവിമർശനത്തോടെയാണ് ജോസാന്റണി തന്റെ അനുചിന്തനം ആരംഭിച്ചത്. 'ക്രിസ്തു അവസ്ഥ' പ്രാപിക്കാത്തതിനാൽ ക്രിസ്ത്യാനി അല്ല; യേശു പറഞ്ഞപ്രകാരമൊന്നും ജീവിക്കാനാവുന്നില്ല എന്നതിനാൽ 'യേശുവാനി'യുമല്ല. എങ്കിലും, ഈ രണ്ടു കാര്യങ്ങളെയും വേർതിരിച്ചു കാണാനും മനസ്സിലാക്കാനും കഴിയുന്നുണ്ട്, അദ്ദേഹം പറഞ്ഞു.

പ്രൊഫ.ഇപ്പന്റ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം, ജോർജ് മൂലേച്ചാലിൽ നയിച്ച 'മനോസാധന'യോടെ 2.30–നാണ് ആരംഭിച്ചത്. ശ്രീ കെ.കെ.ജോസ് കണ്ടത്തിൽ സ്വാഗതവും ശ്രീ മാത്യു തറക്കുന്നേൽ നന്ദിയും പറഞ്ഞു. 5.30–ന് പരിപാടി പര്യവസാനിച്ചു.

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-07-2015

July 2015
Sathyajwala
Price Rs. 15.00

Registered: KL/KTM/133/2014-16
Licence No. KL/CR/KTM/WPP-10/2014-16
Licensed to Post Without Prepayment.

നവീകരണത്തിന്റെ നിത്യഭാസുരനഭസ്സിൽ ഒരു സിംഹപ്രഭാവന്റെ നവഭാസ്കരോദയം!

ഇപ്പൻ

പ്രഭ പാലാ, പ്രൊഫ.ഇപ്പൻ, ജോസഫ് വെളിവിൽ

ജൂൺമാസപരിപാടിയിൽ മുഖ്യഇനമായിരുന്ന 'യേശുവും ക്രിസ്തുവും' എന്ന വിഷയത്തിലുള്ള ചർച്ചാസമ്മേളനം. കൂടാതെ, എർണാകുളത്തെ പ്രമുഖസഭാനവീകരണപ്രവർത്തകനായ ശ്രീ ജോസഫ് വെളിവിനെ സ്വീകരിച്ചാനയിക്കുന്ന ചടങ്ങും, യുവാവായ യേശുവിന്റെ മനോഹരചിത്രം രചിച്ച ശ്രീ പ്രഭ പാലായെ ആദരിക്കുന്ന ചടങ്ങും, ശ്രീ റെജി ഞള്ളാനിയുടെ നേതൃത്വത്തിൽ സംഘടനാകാര്യചർച്ചകളും ഉണ്ടായിരുന്നു. അവയ്ക്കു ശേഷമാണ് ചർച്ചാസമ്മേളനത്തിലേക്കു കടന്നത്.

ശ്രീ ജോസഫ് വെളിവിലിന്റെ സംഘടനാപ്രവേശത്തെ യോഗം അക്ഷരാർത്ഥത്തിൽ ആഘോഷിച്ചു എന്നു പറയാം. ഇപ്പൻ അദ്ദേഹത്തെ സദസ്സിനു പരിചയപ്പെടുത്തി. വിക്ടർ യൂഗോയെ ഉദ്ധരിച്ചുകൊണ്ട് പൊതുജനം ഒരു ശുദ്ധാത്മാവാണെന്നും, സാമൂഹികപരിഷ്കർതൃപ്രതിഭയുള്ള സിംഹപ്രഭാവന്മാരാണ് ഈ ശുദ്ധാത്മാവിന് മാർഗ്ഗദർശനം ചെയ്യേണ്ടതെന്നും, ആകാരത്തിലും സ്വഭാവത്തിലും സിംഹപ്രഭാവനായ വെളിവിൽ കെ.സി.ആർ.എമ്മിന് ഒരു മുതൽക്കൂട്ടായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഏതു സംഘടനയെയും ശിഥിലീകരിക്കുന്ന നേതാക്കന്മാരുടെ അഹംഭാവം (ego) വെളിവിലിന്റെ മുറ്റവെളിക്കും പ്രവേശിച്ചിട്ടില്ലെന്നതാണ് അദ്ദേഹത്തിൽ ജ്വലിക്കുന്ന മഹിതതമമായ ഗുണവിശേഷം, പുരോഹിത അഹന്തയ്ക്കെതിരെ ആരുമായും അദ്ദേഹം സഹകരിക്കും. അദ്ദേഹം ധീരമായി സഹകരിച്ച കാഞ്ഞിരപ്പള്ളി സമരവും, തട്ടുങ്കൽ മെത്രാനെ കെട്ടുകെട്ടിച്ച സമരവും പൊതുശ്മശാനത്തിൽ അടക്കിയ മൃതശരീരത്തെ കുഴിമാന്തിച്ച ദേവാലയ സിമിത്തേരിയിൽ അടക്കിച്ച നിയമപ്പോരാട്ടവും അനുസ്മരിക്കപ്പെട്ടു. പോരാട്ടത്തിന്റെ പാതയിൽ വിട്ടിൽച്ചാട്ടം, തവളച്ചാട്ടം, കുരങ്ങുചാട്ടം, സിംഹച്ചാട്ടം, മാൻചാട്ടം, ചീറ്റപ്പുലിച്ചാട്ടം എന്നിവകളിൽ വ്യാപരിച്ചിരുന്ന കെ.സി.ആർ.എം. കൊച്ചി സമ്മേളനത്തോടെ ഒരു ഹനുമാൻ ചാട്ടം

എസ്.ജെ.അനന്ത്

ചാടിയെന്നും ജോസഫ് വെളിവിലിന്റെകൂടി സഹകരണത്തിൽ സംഘടനയ്ക്ക് ഒരു ബാലിച്ചാട്ട പരമ്പരതന്നെ നടത്തുവാൻ സാധിക്കട്ടെ എന്നും ഇപ്പൻ ആശംസിച്ചു. (ബാലി എല്ലാ പ്രഭാതങ്ങളിലും സമുദ്രവന്ദനത്തിന്റെ ഭാഗമായി ഏഴു സമുദ്രങ്ങളും ചാടിക്കടക്കുമായിരുന്നു!) ഹ്രസ്വമായ മറുപടി പ്രസംഗത്തിൽ കെ.സി.ആർ.എമ്മിന്റെ പ്രവർത്തനങ്ങളെയും 'സത്യജ്വാല' നിർവ്വഹിക്കുന്ന മഹത്തായ സാമൂഹികദൗത്യത്തെയും വെളിവിൽ ശ്ലാഘിച്ചു. സഫലമായി പ്രവർത്തിക്കാനുള്ള തന്റെ അദമ്യമായ അന്തഃപ്രേരണയാണ് തന്നെ കെ.സി.ആർ.എമ്മിൽ എത്തിച്ചതെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ 'സത്യജ്വാല'യുടെ മുഖചിത്രമായ മുപ്പത്തിമൂന്നു വയസ്സുള്ള യേശുവിന്റെ കരുണാർദ്രമായ ചിത്രം വരച്ച ശ്രീ പ്രഭയെ ആദരിക്കലായിരുന്നു അടുത്ത ചടങ്ങ്. കെ.സി.ആർ.എമ്മിന്റെ സാമ്പത്തിക പരിമിതി അനുവദിക്കുന്ന ഒരു ചെറിയ ക്യാഷ് അവാർഡും ആ കലാകാരനു സമ്മാനിച്ചു. ആ കലാപ്രതിഭയെ പാലാ കത്തീഡ്രൽപള്ളിവക കെട്ടിടത്തിൽനിന്ന് ഇറക്കിവിട്ടതിന്റെ പിറകിലുള്ള നെഞ്ചലിവില്ലാത്ത വഞ്ചനയുടെ കഥ അദ്ദേഹത്തെ സദസ്സിനു പരിചയപ്പെടുത്തിയ ശ്രീ മാത്യു എം. തറക്കുന്നേൽ അനുസ്മരിച്ചു. തന്റെ മറുപടി പ്രസംഗത്തിൽ, യേശുവിന്റെ പ്രായം മാത്രമല്ല, ജ്ഞാനവും കരുണയും സ്ഫുരിക്കുന്ന മുഖഭാവവും തന്നിലെ കലാകാരന് വലിയ വെല്ലു

(ശേഷം പേജ് 35–ൽ)

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement' (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.